# സ്വർഗ്ഗത്തിൽ രചിക്കപ്പെട്ട
# ക്രൂസേഡ് പ്രാർത്ഥനകൾ

# ക്രൂസേഡ് പ്രാർത്ഥനകൾ

**1. ആത്മാക്കളെ രക്ഷിക്കുവാൻ, ഈശോയ്ക്ക് എന്റെ സമ്മാനം.**

ഞങ്ങളെ വളരെയധികം സ്നേഹിക്കുന്ന എന്റെ പ്രിയ ഈശോയേ,/ അങ്ങയുടെ സ്വന്തമായതും, വിലമതിക്കാനാവാത്തതുമാ ആത്മാക്കളെ/ രക്ഷിക്കുവാനുള്ള എന്റെ എളിയ മാർഗ്ഗത്തെ/ അങ്ങ് സ്വീകരിക്കേണമേ./ അവർ എത്രമാത്രം അങ്ങയെ വേദനിപ്പിക്കുന്നവരായാലും,/ എല്ലാ ആത്മാക്കളുടെമേലും അങ്ങ് കരുണയായിരിക്കേണമേ./ അങ്ങയുടെ രാജ്യത്തിൽ സ്ഥാനം ലഭിക്കുന്നതിനായി,/ അങ്ങ് നൽകുന്ന മുന്നറിയിപ്പിനെ അതിജീവിക്കുവാൻ സാധിക്കാത്തവരെ,/ എന്റെ പ്രാർത്ഥനയിലൂടെയും സഹനങ്ങളിലൂടെയുംസഹായിക്കുവാൻ /എന്നെ അനുവദിക്കേണമേ. /അങ്ങ് അതിയായി വിലമതിക്കുന്ന ആത്മാക്കളെ നേടാനായി, /അങ്ങയെ സഹായിക്കുവാൻ,/ ഓ മാധുര്യമേറുന്ന ഈശോയേ, /എന്റെ പ്രാർത്ഥന കേൾക്കേണമേ. /ഓ, ഈശോയുടെ ദിവ്യ ഹൃദയമേ,/ ഞാൻ എല്ലാ സമയത്തും, /അങ്ങയുടെ തിരുമനസ്സിനോടുള്ള വിധേയത്വം പ്രതിജ്ഞ ചെയ്യുന്നു. ആമ്മേൻ.

**2. ലോകഭരണാധികാരികൾക്കായി.**

എന്റെ നിത്യ പിതാവേ, /നിഷ്ക്കളങ്ക രാജ്യങ്ങൾക്കെതിരായി,/ ലോകശക്തികൾ സ്വരുക്കൂട്ടുന്ന മർദ്ദനമുറകളിൽനിന്നും /അങ്ങയുടെ മക്കളെ കാത്തുകൊള്ളണമേയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. /ഈ കഷ്ടതകൾക്കെല്ലാം കാരണമാകുന്നവർ,/ പശ്ചാത്താപത്തോടും എളിമയോടും കൂടി /അങ്ങയുടെ പക്കലേയ്ക്ക് തിരിച്ചുവരുന്നതിനായും,/ അവരുടെ പാപങ്ങൾ ക്ഷമിക്കുന്നതിനായും ഞാൻ പ്രാർത്ഥിക്കുന്നു. /ഈ സഹനങ്ങളെല്ലാം, /ലോകം മുഴുവന്റെയും പാപ പരിഹാരത്തിനായി സഹിക്കുവാനുള്ള ശക്തി/ ക്രിസ്തുവിലൂടെ നൽകേണമേ. ആമ്മേൻ.

**3. ഭയത്തിൽനിന്നു മോചിതരാകുവാൻ.**

എന്റെ കർത്താവായ ഈശോയേ, / അങ്ങയുടെ വാത്സല്യ ഹൃദയത്തിൽ നിന്നും / ആത്മാക്കളെ അകറ്റുന്ന ഭയത്തിൽ നിന്നും /ലോകത്തെ മോചിപ്പിക്കണമേയെന്ന്/ അങ്ങയോട് ഞാൻ യാചിക്കുന്നു./ അങ്ങ് ആഗ്രഹിക്കുന്നതുപോലെ/ അങ്ങയെ സ്വതന്ത്ര മനസ്സോടെ സ്നേഹിക്കുവാൻ,/ അങ്ങ് നൽകുന്ന മുന്നറിയിപ്പിന്റെ നേരത്ത് /ഭയം തോന്നുന്നവരുടെമേൽ കരുണ വർഷിക്കണമേയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ആമ്മേൻ.

**4. എല്ലാ കുടുംബങ്ങളേയും ഐക്യപ്പെടുത്തുവാൻ.**

ഈശോയേ,/ എല്ലാവരും നിത്യരക്ഷ പ്രാപിക്കുവാൻ, /അങ്ങയുടെ മുന്നറിയിപ്പിന്റെ സമയത്ത് /എല്ലാ കുടുംബങ്ങളേയും ഒന്നിപ്പിക്കേണമേ. /ഈശോയേ, /എല്ലാ കുടുംബങ്ങളും, അങ്ങയോടു കൂടി ഒന്നായിരിക്കുവാനും, /അങ്ങയുടെ ഭൂമിയിലെ പുതിയ പറുദീസ അവകാശമാക്കുവാനും / എല്ലാ കുടുംബങ്ങളേയും ഒന്നിപ്പിക്കണമേയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ആമ്മേൻ.

**5. അത്യുന്നതനായ ദൈവത്തിന് സ്തുതി.**

ഓ നിത്യനായ ദൈവമേ, /അങ്ങയുടെ വിലയേറിയ സമ്മാനമായ കാരുണ്യം /മാനവരാശിക്ക് നൽകിയതിന്/ ഞങ്ങൾ ഹൃദയപൂർവ്വം അങ്ങേയ്ക്ക് നന്ദി പറയുന്നു. /ഓ മഹത്വീകൃതനായ രാജാവേ, /അങ്ങയുടെ സ്നേഹപൂർണ്ണമായ കാരുണ്യത്തെ/ ഞങ്ങൾ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുന്നു. /അത്യുന്നതനായ ദൈവമേ, /അങ്ങ് ഞങ്ങളുടെ രാജാവാകുന്നു. /അതിനാൽ, വിനീത ദാസരായ ഞങ്ങൾ/ അങ്ങയുടെ പാദാന്തികത്തിൽ സ്രാഷ്ടാംഗ പ്രണാമം ചെയ്യുന്നു. / ദൈവമേ, /അങ്ങയുടെ എല്ലാ മക്കളുടെയും മേൽ കരുണയായിരിക്കേണമേ ആമ്മേൻ.

**6. എതിർക്രിസ്തുവിന്റെ പ്രവർത്തനത്തെ തടയുവാൻ.**

ഓ എന്റെ ഈശോയേ,/ അങ്ങയുടെ മക്കൾക്ക് കഷ്ടതവരുത്തുന്ന /എതിർക്രിസ്തുവിന്റെയും അവന്റെ സൈന്യത്തിന്റെയും ദുഷ്ടതയെയും /അങ്ങയുടെ കാരുണ്യത്താൽ തടയേണമേ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. /അങ്ങയുടെ മുന്നറിയിപ്പിലൂടെ നടക്കുന്ന മാനസാന്തരത്തിലൂടെ/ എതിർ

ക്രിസ്തുവിനെ തടയുകയും,/ അങ്ങ് അയയ്ക്കുവാനുദ്ദേശിക്കുന്ന നാശത്തെ നീക്കിക്കളയുകയും ചെയ്യേണമേയെന്ന്/ ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ.

**7. അങ്ങയുടെ കാരുണ്യത്തെ നിരസിക്കുന്നവർക്കായി.**

ഈശോയേ, /ആത്മീയാന്ധകാരത്തിൽ കഴിയുകയും /അങ്ങയുടെ കാരുണ്യത്തെ നിരസിക്കുകയും ചെയ്യുന്ന പാപികളോട്/ ക്ഷമിക്കുകയും ചെയ്യണമേയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു. /പാപത്തിൽ നിന്നും അകന്നുനിൽക്കുവാൻ പ്രയാസമനുഭവിക്കുന്ന/ അവരുടെ പാപങ്ങൾ ക്ഷമിച്ച് / അവരെ വീണ്ടെടുക്കണമേയെന്ന് ഞാൻ അങ്ങയോട് യാചിക്കുന്നു./ അവരുടെ ഹൃദയത്തിലേക്ക്/ അങ്ങയുടെ കാരുണ്യത്തിന്റെ കിരണങ്ങൾ ഒഴുക്കേണമേ./ അങ്ങയുടെ കരവലയത്തിലേയ്ക്ക് തിരിച്ചുവരുവാൻ /അവരെ അങ്ങനെ അനുവദിക്കേണമേ. ആമ്മേൻ.

**8. അനുരഞ്ജനം (*കുമ്പസാരം*)**

പ്രിയ ഈശോയേ, /ഞാൻ മറ്റുള്ളവർക്കെതിരെ ചെയ്തുപോയ ഉപദ്രവങ്ങൾക്കും മുറിവുകൾക്കും /അങ്ങയോട് മാപ്പപേക്ഷിക്കുന്നു./ അങ്ങയെ വീണ്ടും വേദനിപ്പിക്കാതിരിക്കാനായുള്ള കൃപയ്ക്കായി ഞാൻ പ്രാർത്ഥിക്കുന്നു. ആമ്മേൻ.

**9. സഹനത്തെ ഒരു സമ്മാനമായുള്ള സമർപ്പണം**

ഓ ഈശോയുടെ തിരുഹൃദയമേ, /അങ്ങയുടെ തിരുനാമത്തിൽ അങ്ങയുടെ തിരുവചനം പ്രഘോഷിക്കുമ്പോൾ,/ അവഹേളനങ്ങളും നിന്ദനങ്ങളും കൃതജ്ഞതയോടെ സ്വീകരിക്കുവാൻ/ എന്നെ പഠിപ്പിക്കേണമേ./ അപമാനങ്ങളും, വേദനകളും, സഹനങ്ങളും/ എന്നെ അങ്ങയുടെ തിരുഹൃദയത്തിലേക്ക് എത്രമാത്രം അടുപ്പിക്കുന്നുവെന്ന് മനസ്സിലാക്കുവാൻ /എന്നെ പഠിപ്പിക്കേണമേ./ ഇതുപോലുള്ള പരീക്ഷണങ്ങൾ, /ആത്മീയ ലാളിത്യത്തോടും സ്നേഹത്തോടുംകൂടി സ്വീകരിക്കുവാൻ/ എന്നെ അനുവദിക്കേണമേ./ അതുമൂലം,/ ഈ സഹനങ്ങളെല്ലാം, ആത്മാക്കളെ രക്ഷിക്കുവാനായി,/ അങ്ങേയ്ക്ക് വിലപ്പെട്ട സമ്മാനങ്ങളായി ഞാൻ കാഴ്ചവയ്ക്കട്ടെ. ആമ്മേൻ.

**10. അങ്ങയുടെ സ്നേഹാഗ്നിജ്വാലയെ പ്രചരിപ്പിക്കുവാൻ**

അങ്ങയുടെ നാമത്തിൽ,/ ഭയചകിതരാകാതെ ഉണർന്നെണീറ്റ്, /അങ്ങയുടെ സ്നേഹാഗ്നിജ്വാലയെ എല്ലാ രാജ്യങ്ങളിലേയ്ക്കും എത്തിക്കുവാൻ,/ പ്രിയ ഈശോയേ, ഞങ്ങളെ സഹായിക്കേണമേ./ അങ്ങയുടെ കരുണയിൽ /സത്യമായും വിശ്വസിക്കാത്തവരിൽ നിന്നും അഭിമുഖീകരിക്കേണ്ടിവരുന്ന അധിക്ഷേപങ്ങളെ /അഭിമുഖീകരിക്കുവാനുള്ള ശക്തി /അങ്ങയുടെ മക്കൾക്ക് നൽകേണമേ. ആമ്മേൻ.

**11. ദൈവിക ദർശനം ലഭിച്ചവരോടുള്ള വെറുപ്പ് തടയുവാൻ**

ഓ, ഈശോയുടെ ദിവ്യ ഹൃദയമേ, /ഈ കാലഘട്ടത്തിൽ,/ അങ്ങയുടെ സത്യമായ ദർശനം ലഭിച്ചവരോട്/ അങ്ങയെ അനുഗമിക്കുന്നവർക്കുള്ള വെറുപ്പും അസൂയയും നീക്കിക്കളയേണമേ./ അവിശ്വാസം നിറഞ്ഞ ലോകത്തിൽ,/ അങ്ങയുടെ തിരുവചനം പ്രഘോഷിക്കുവാൻ വേണ്ട ശക്തി, /അങ്ങയുടെ ദർശനം ലഭിച്ചവർക്ക് നൽകണമേ /എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ആമ്മേൻ.

**12. അഹങ്കാരം എന്ന പാപം ഒഴിവാക്കുവാൻ.**

ഓ എന്റെ ഈശോയേ, /അങ്ങയുടെ നാമത്തിൽ ഞാൻ സംസാരിക്കുമ്പോൾ/ അഹങ്കാരം എന്ന പാപം ഒഴിവാക്കുവാൻ എന്നെ സഹായിക്കേണമേ. /ഞാൻ ആരെയെങ്കിലും നിസ്സാരരായിക്കണ്ടാൽ,/ അങ്ങയുടെ തിരുനാമത്തിൽ എന്നോട് ക്ഷമിക്കേണമേ. അങ്ങ് സംസാരിക്കുമ്പോൾ/ അങ്ങയുടെ സ്വരം ശ്രവിക്കുവാൻ എന്നെ സഹായിക്കേണമേ./ അങ്ങ് മാനവരാശിയെ മാടിവിളിക്കുമ്പോൾ,/ അങ്ങയുടെ വചനത്തിന്റെ സത്യം വ്യക്തമായി ഗ്രഹിക്കുവാൻ, /അങ്ങയുടെ പരിശുദ്ധാത്മാവിനാൽ എന്നെ നിറയ്ക്കേണമേ. ആമ്മേൻ.

**13. നാശത്തിൽനിന്നു രക്ഷിക്കപ്പെടുവാൻ.**

ഓ സ്വർഗ്ഗീയ പിതാവേ, /അങ്ങയുടെ വത്സലസുതനായ ഈശോമിശിഹായുടെ കുരിശിലെ

പീഠകൾവഴി/ ഞങ്ങളെ പാപത്തിൽ നിന്നും രക്ഷിച്ചുവല്ലോ./ അങ്ങയുടെ കാരുണ്യത്തിന്റെ കരങ്ങളെ/ ഇപ്പോഴും നിരസിക്കുന്ന എല്ലാവരേയും രക്ഷിക്കേണമേ./ പ്രിയമുള്ള പിതാവേ,/ അങ്ങയുടെ സ്നേഹത്തിന്റെ അടയാളത്താൽ /അവരുടെ ആത്മാക്കളെ നിറയ്ക്കേണമേ. /സ്വർഗ്ഗീയ പിതാവേ,/ എന്റെ പ്രാർത്ഥന ശ്രവിച്ച്, /ഈ ആത്മാക്കളെ നിത്യനാശത്തിൽ നിന്നും രക്ഷിക്കണമേയെന്ന്/ ഞാൻ കേണപേക്ഷിക്കുന്നു./ അങ്ങയുടെ കാരുണ്യം സ്വീകരിച്ച്, /ഭൂമിയിൽ സമാധാനത്തിന്റെ പുതുയുഗത്തിൽ,/ ആദ്യമേതന്നെ പ്രവേശിക്കുവാൻ അവരെ അനുവദിക്കേണമേ. ആമ്മേൻ. (*തങ്ങളുടെ സഹോദരീ സഹോദരന്മാരുടെ ആത്മാക്കൾക്കായി, ഈ പ്രാർത്ഥന ഒരുമാസം മുഴുവനും സമർപ്പിക്കുന്ന ഓരോരുത്തർക്കും പ്രത്യേക കൃപ ലഭിക്കുന്നതായിരിക്കും.*)

**14. അണ്വായുധ യുദ്ധത്തിൽ നിന്നും സംരക്ഷണം ലഭിക്കുവാൻ പിതാവായ ദൈവത്തോട്.**

ഓ സർവ്വ ശക്തനായ പിതാവേ,/ അത്യുന്നതനായ ദൈവമേ,/ പാപികളായ എല്ലാവരോടും കരുണ കാണിക്കേണമേ./ അങ്ങ് അനുസ്യൂതം നൽകുന്ന രക്ഷയും കൃപയും സ്വീകരിക്കുവാൻ / അവരുടെ ഹൃദയങ്ങളെ തുറക്കേണമേ. /എന്റെ കുടുംബത്തിനുവേണ്ടിയുള്ള യാചന ശ്രവിച്ച് / അങ്ങയുടെ തിരുഹൃദയത്തിൽ ഞങ്ങൾക്കുള്ള സ്ഥാനം ഉറപ്പാക്കേണമേ./ ഓ ദിവ്യ സ്വർഗ്ഗീയ പിതാവേ,/ അങ്ങയുടെ മക്കളെ നശിപ്പിക്കുവാൻ പദ്ധതിയിട്ടിരിക്കുന്ന/ അണ്വായുധയുദ്ധത്തിൽ നിന്നും മറ്റ് അത്യാഹിതങ്ങളിൽനിന്നും/ അങ്ങയുടെ മക്കളെ പരിരക്ഷിക്കേണമേ./ എല്ലാ ഉപദ്രവങ്ങളിൽ നിന്നും ഞങ്ങളെ സംരക്ഷിക്കേണമേ. / ഞങ്ങളുടെ ആത്മാവിൽ യാതൊരുവിധ ഭയാശങ്കകളും കൂടാതെ/ ഞങ്ങളുടെ രക്ഷയുടെ സത്യത്തെ ശ്രവിക്കുവാനും സ്വീകരിക്കുവാനും/ ഞങ്ങളുടെ മിഴികളെ തുറക്കുകയും /ഹൃദയത്തെ പ്രകാശിപ്പിക്കുകയും ചെയ്യേണമേ. ആമ്മേൻ.

**15. ദൈവകൃപയാകുന്ന വരദാനത്തിനുള്ള കൃതജ്ഞത.**

ഓ എന്റെ സ്വർഗ്ഗീയപിതാവേ, /ഒരു രക്ഷകനെ ലോകത്തിലേക്കയച്ചതിലൂടെ/ അങ്ങ് ചെയ്ത ബലിദാനത്തിന്,/ വലിയ കൃതജ്ഞതയോടെ ഞങ്ങൾ അങ്ങയെ ബഹുമാനിക്കുന്നു./ അങ്ങയുടെ മക്കൾക്ക് /അങ്ങ് നൽകുന്ന ദിവ്യകരുണയാകുന്ന ദാനത്തിന്,/ ഞങ്ങളുടെ പ്രാർത്ഥനകൾ /ഞങ്ങൾ സന്തോഷത്തോടെയും കൃതജ്ഞതയോടെയും അർപ്പിക്കുന്നു./ ഓ അത്യുന്നതനായ ദൈവമേ,/ ഈ മഹനീയ കാരുണ്യത്തെ കൃതജ്ഞതയോടെ സ്വീകരിക്കുവാൻ /ഞങ്ങളെ പ്രാപ്തരാക്കേണമേ. ആമ്മേൻ.

**16. മുന്നറിയിപ്പിന്റെ നേരത്തു നൽകപ്പെടുന്ന കൃപാവരത്തെ സ്വീകരിക്കുവാൻ.**

ഓ എന്റെ ഈശോയേ,/ അങ്ങയുടെ വലിയ കാരുണ്യത്തിന്റെ പരീക്ഷണസമയത്ത് /ഞങ്ങളെ ശക്തരാക്കേണമേ. /അങ്ങയുടെ ദൃഷ്ടിയിൽ വിനീതനാകുവാനുള്ള കൃപ എനിക്കു നൽകേണമേ. /അങ്ങയുടെ വാഗ്ദാനമായ നിത്യരക്ഷയുടെ സത്യത്തിലേക്ക് /എന്റെ മിഴികളെ തുറക്കേണമേ./ എന്റെ പാപങ്ങൾ ക്ഷമിക്കുകയും,/ അങ്ങയുടെ സ്നേഹവും സൗഹൃദവും കാണിച്ചുതരികയും ചെയ്യേണമേ. /നാമെല്ലാവരും/ ഒന്നായിത്തീരുവാനായി/ തിരുക്കുടുംബത്തിന്റെ കരവലയത്തിലേക്കെന്നെ ആശ്ലേഷിക്കേണമേ./ ഈശോയേ, /അങ്ങയെ ഞാൻ സ്നേഹിക്കുന്നു. /ഇന്നുമുതൽ, /ഭയം കൂടാതെയും, ആത്മാവിന്റെ വിശുദ്ധിയോടും കൂടെ/ അങ്ങയുടെ തിരുവചനം പ്രഘോഷിക്കുകയും ചെയ്യുമെന്ന്/ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു./ എന്നും എന്നേയ്ക്കും. ആമ്മേൻ.

**17. അന്ധകാരത്തിൽ കഴിയുന്ന ആത്മാക്കൾക്കായി രക്ഷയുടെ മാതാവിനോട്.**

ഓ മറിയത്തിന്റെ വിമല ഹൃദയമേ,/ രക്ഷയുടെ അമ്മയും/ എല്ലാ ദൈവകൃപയുടെയും മദ്ധ്യസ്ഥയുമായ തായേ, /സാത്താന്റെ ദുഷ്ടതയിൽ നിന്നും/ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുന്ന കർമ്മത്തിൽ ഭാഗഭാക്കാകുന്ന മാതാവേ, /ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ./ മനുഷ്യവംശത്തെ രക്ഷിക്കുവാനും,/ നിത്യരക്ഷ പ്രാപിക്കുവാനുള്ള അവസരം നൽകുവാനുമായി/ വീണ്ടും വരുന്ന, അങ്ങയുടെ വത്സല സുതനും /ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ സ്നേഹവും കാരുണ്യവും സ്വീകരിക്കുവാനും,/ അതുവഴി/ എല്ലാ ആത്മാക്കളും രക്ഷപ്രാപിക്കുവാനും,/ രക്ഷയുടെ മാതാവേ പ്രാർത്ഥിക്കേണമേ, ആമ്മേൻ.

**18. എതിർക്രിസ്തുവിനേയും അവന്റെ ഗണത്തേയും തടയുന്നതിന്**

ഓ പ്രിയ ഈശോയേ, /എതിർക്രിസ്തുവിൽനിന്നും ലോകത്തെ രക്ഷിക്കേണമേ./ സാത്താന്റെ കുതന്ത്രങ്ങളിൽനിന്നും ഞങ്ങളെ രക്ഷിക്കേണമേ. / അങ്ങയുടെ സഭയിൽ അവശേഷിച്ചിരിക്കുന്ന വരെ തിന്മയിൽനിന്നും രക്ഷിക്കേണമേ./ സാത്താനും അവന്റെ സൈന്യങ്ങളും വിഭാവനം ചെയ്തിരിക്കുന്ന /യുദ്ധങ്ങളിൽനിന്നും പീഠനങ്ങളിൽനിന്നും/ ഞങ്ങളെത്തന്നെ പ്രതിരോധിക്കുവാൻ വേണ്ട ശക്തിയും കൃപയും /അങ്ങയുടെ എല്ലാ സഭകൾക്കും/ നൽകേണമേ. ആമ്മേൻ.

**19. യുവാക്കൾക്കായി.**

രക്ഷയുടെ മാതാവേ, / അങ്ങയുടെ പ്രിയസുതൻ മാനവരാശിയെ മുഴുവനും വീണ്ടെടുക്കുവാനായി വരുമ്പോൾ, /അവിടുത്തെ തിരുക്കുമാരനെ തിരിച്ചറിയുവാൻ, /ഭീകരമായ അന്ധകാരത്തിൽ കഴിയുന്ന യുവാക്കളുടെ ആത്മാക്കൾക്കു /കാരുണ്യം ലഭിക്കുവാൻ വേണ്ടി പ്രാർത്ഥിക്കണമേ എന്നു ഞാൻ യാചിക്കുന്നു. /ഒരാത്മാവുപോലും വഴിയിൽ വീണുപോകുവാൻ അനുവദിക്കരുതേ./ ഓരാത്മാവുപോലും/ അവിടുത്തെ തിരുക്കുമാരന്റെ വലിയ കരുണയെ നിരസിക്കാതിരിക്കട്ടെ./ വഞ്ചകനിൽ നിന്നും സംരക്ഷിക്കപ്പെടുവാൻ, /ഈ ആത്മാക്കളെ അവിടുത്തെ തിരുക്കച്ചയാൽ പൊതിഞ്ഞു സംരക്ഷിച്ച് രക്ഷിക്കേണമേ/ എന്ന് അമ്മയോട് ഞാൻ പ്രാർത്ഥിക്കുന്നു. ആമ്മേൻ.

**20. എതിർക്രിസ്തു ലോകത്തെ നശിപ്പിക്കുന്നതു തടയുവാൻ.**

ഓ, പിതാവായ ദൈവമേ,/ അങ്ങയുടെ മക്കളുടെ ആത്മാക്കളെ, /എതിർക്രിസ്തുവിന്റെ വലയിൽ കുടുങ്ങുന്നതിൽ നിന്നും തടയുന്നതിനായി, /അങ്ങയുടെ തിരുക്കുമാരന്റെ നാമത്തിൽ ഞാൻ അങ്ങയോട് വിളിച്ചപേക്ഷിക്കുന്നു./ സർവ്വശക്തനായ പിതാവേ, /അങ്ങയുടെ മക്കളിൽ ഭീതി അടിച്ചേൽപ്പിക്കുന്നതിൽ നിന്നും/ അവനെ തടയണമേയെന്ന് ഞാൻ യാചിക്കുന്നു./ അവനെതിരെ അശക്തരാകുന്ന ആത്മാക്കളുടെമേൽ കരുണയായിരിക്കേണമേയെന്നും,/ അങ്ങയുടെ സൃഷ്ടികളിൽ പടർന്നുപിടിക്കുന്നതിൽ നിന്നും /അവനെ തടയണമേയെന്നും ഞാൻ യാചിക്കുന്നു./ സ്നേഹപിതാവേ, /എന്റെ പ്രാർത്ഥന ശ്രവിച്ച്,/ ഈ ഭീതികരമായ ദുഷ്ടതയിൽ നിന്നും അങ്ങയുടെ മക്കളെ രക്ഷിക്കേണമേ. ആമ്മേൻ.

**21. മനുഷ്യ വംശത്തിന് നൽകിയ രക്ഷയ്ക്കായി പിതാവായ ദൈവത്തിന് കൃതജ്ഞതാ പ്രകാശനം.**

മാനവരാശിയോട് അങ്ങേയ്ക്കുള്ള ദയാധിക്യത്തിനും സ്നേഹത്തിനും, /ഓ പരിശുദ്ധനായ ദൈവമേ, /മാനുഷ്യരുടെ സർവ്വശക്തനായ സ്രഷ്ടാവേ, /ഞങ്ങളങ്ങയെ സ്തുതിക്കകയും നന്ദി പറയുകയും ചെയ്യുന്നു. /അങ്ങയുടെ എളിയ മക്കളുടെമേൽ അങ്ങ് ചൊരിയുന്ന രക്ഷയ്ക്ക് / ഞങ്ങളങ്ങേയ്ക്ക് കൃതജ്ഞതയർപ്പിക്കുന്നു./ ദുഷ്ടനെ അനുകരിക്കുന്നവരെ രക്ഷിക്കണമേയെന്നും, /നിത്യജീവിതമാകുന്ന സത്യത്തിലേയ്ക്ക്/ അവരുടെ ഹൃദയങ്ങളെ തുറക്കണമേയെന്നും,/ ഓ കർത്താവേ, അങ്ങയോട് ഞങ്ങൾ യാചിക്കുന്നു. ആമ്മേൻ.

**22. കത്തോലിക്കാ വൈദികർ, സഭയുടെ പഠനങ്ങളെ മുറുകെപ്പിടിക്കുവാനായി.**

ഓ എന്റെ സ്നേഹമുള്ള ഈശോയേ,/ എന്റെ ദിവസത്തിന്റെ എല്ലാ നിമിഷങ്ങളിലും,/ എനിക്കങ്ങയോടുള്ള സ്നേഹത്തിന്റെ ജ്വാല കത്തിജ്വലിപ്പിച്ചു നിർത്തുവാനായി,/ എനിക്ക് ശക്തിപകരേണമേ. /അങ്ങയോടുള്ള ഈ സ്നേഹജ്വാല/ മങ്ങുവാനോ അണയുവാനോ ഇടയാക്കരുതേ. / പ്രലോഭനങ്ങളുണ്ടാകുമ്പോൾ ബലഹീനനാകുവാൻ എന്നെ അനുവദിക്കരുതേ./ എന്റെ വിധേയത്വത്തോടും, ഭക്തിയോടും, വിളിയോടും ആദരവു പുലർത്താനും, /കത്തോലിക്കാസഭയുടെ പരമ്പരാഗതപഠനങ്ങളെ മുറുകെപ്പിടിക്കുവാനുമാവശ്യമായ കൃപയും/ എനിക്കു നൽകേണമേ. എന്റെ വിധേയത്വം, എല്ലായ്പ്പോഴും ഞാൻ അങ്ങേയ്ക്ക് കാഴ്ചവയ്ക്കുന്നു. /ഓ പ്രിയ ഈശോയേ,/ അങ്ങ് വീണ്ടും വരുമ്പോൾ,/ കത്തോലിക്കാ സഭ/ മഹത്വത്തോടുകൂടി വീണ്ടും ഉയർത്തെണീറ്റ്, / അങ്ങയെ സ്വാഗതം ചെയ്യുവാൻ, / അങ്ങയുടെ സൈന്യത്തോടുകൂടി യുദ്ധം ചെയ്യുവാനുള്ള എന്റെ പ്രതിജ്ഞാബദ്ധത/ ഞാൻ ഏറ്റുപറയുന്നു. ആമ്മേൻ.

**23. ബനഡിക്ട് പാപ്പായുടെ സുരക്ഷിതത്വത്തിനു വേണ്ടി.**

ഓ, നിത്യനായ പിതാവേ, /അങ്ങയുടെ പ്രിയ സുതനായ യേശുക്രിസ്തുവിന്റെ നാമത്തിലും,/ അവിടുന്ന് ലോകത്തെ പാപത്തിൽ നിന്നും രക്ഷിക്കുവാനായി സഹിച്ച സഹനത്തെപ്രതിയും,/ അങ്ങയുടെ പരിശുദ്ധ വികാരിയും /സഭയുടെ തലവനുമായ ബനഡിക്ട് പാപ്പായ്ക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു./ അതുമൂലം,/ ആത്മാക്കളെ തട്ടിയെടുത്തുകൊണ്ട് /ഭൂമിയിൽ സഞ്ചരിക്കുന്ന സാത്താന്റെയും/ അവന്റെ സൈന്യത്തിന്റെയും പിടിയിൽ നിന്നും, /അങ്ങയുടെ മക്കളെയും പരിശുദ്ധ ദാസരേയും രക്ഷിക്കുവാൻ സഹായിക്കുവാൻ/ അദ്ദേഹത്തിനും കഴിയട്ടെ./ ഓ പിതാവേ, / അങ്ങയുടെ ഭൂമിയിലുള്ള പുതിയ പറുദീസായിലേക്കുള്ള നേരായ പാതയിലേക്ക്, /അങ്ങയുടെ മക്കൾ നയിക്കപ്പെടുവാൻ,/ അങ്ങയുടെ പാപ്പായെ സംരക്ഷിക്കേണമേ. ആമ്മേൻ.

**24. പൂർണ്ണ പാപ(*ദണ്ഢ*)വിമോചന പ്രാർത്ഥന**

(*ഈ പ്രാർത്ഥന തുടർച്ചയായി 7 ദിവസം ചൊല്ലിയാൽ അവർക്ക് പൂർണ്ണ ദണ്ഡവിമോചനം ലഭിക്കും.* )

ഓ എന്റെ ഈശോയേ, /അങ്ങ് ഭൂമിയുടെ പ്രകാശമാണ്./ എല്ലാ ആത്മാക്കളേയും സ്പർശിക്കുന്ന അഗ്നി ജ്വാലയാണല്ലോ അങ്ങ്./ അങ്ങയുടെ കാരുണ്യവും സ്നേഹവും അതിരുകളില്ലാത്തതാണല്ലോ./ കുരിശുമരണത്താൽ അങ്ങ് നടത്തിയ ബലിദാനത്തിന് /ഞങ്ങൾ അയോഗ്യരാകുന്നു./ എന്നിരുന്നാലും, /അങ്ങേയ്ക്ക് ഞങ്ങളോടുള്ള സ്നേഹം, /ഞങ്ങളുടെ സ്നേഹത്തേക്കാൾ വളരെ വലുതാണെന്ന് ഞങ്ങളറിയുന്നു./ അങ്ങയുടെ പുതിയ രാജ്യത്തിന് ഞങ്ങൾ യോഗ്യരാകുവാൻ,/ എളിമയെന്ന ദാനം, /ഓ കർത്താവേ, /ഞങ്ങൾക്ക് നൽകേണമേ./ ഈ ലോകത്തിലേക്കുള്ള അങ്ങയുടെ രണ്ടാമത്തെ വരവിന്റെ മഹത്വത്തിനായി /ഞങ്ങളുടെ സഹോദരന്മാരേയും സഹോദിമാരേയും ഒരുക്കുവാനും,/ സത്യമായ അങ്ങയുടെ തിരുവചനം പ്രഘോഷിക്കുവാൻ/ അങ്ങയുടെ സൈന്യത്തെ നയിച്ചുകൊണ്ട് മുന്നോട്ട് പോകുവാനും, / അങ്ങയുടെ പരിശുദ്ധാത്മാവാൽ ഞങ്ങളെ അഭിഷേകം ചെയ്യേണമേ./ അങ്ങയെ ഞങ്ങൾ ബഹുമാനിക്കുന്നു./ അങ്ങയെ ഞങ്ങൾ വാഴ്ത്തുന്നു./ ആത്മാക്കളെ രക്ഷിക്കുവാനായി, /ഞങ്ങളുടെ ദുഖങ്ങളും, സഹനങ്ങളും, ഞങ്ങളെ മുഴുവനായും /ഒരു സമ്മാനമായി അങ്ങേയ്ക്ക് ഞങ്ങൾ നൽകുന്നു. / ഈശോയേ, അങ്ങയെ ഞങ്ങൾ സ്നേഹിക്കുന്നു./ അങ്ങയുടെ മക്കൾ എവിടെയായിരുന്നാലും,/ അവരുടെമേൽ കരുണയായിരിക്കേണമേ. ആമ്മേൻ.

**25. ലോകമെമ്പാടുമുള്ള അങ്ങയുടെ ദർശകരെ സംരക്ഷിക്കുവാൻ.**

ഓ അത്യുന്നതനായ ദൈവമേ, /ലോകമെമ്പാടുമുള്ള അങ്ങയുടെ എല്ലാ സന്ദേശവാഹകർക്കും /സംരക്ഷണം നൽകണമേയെന്ന് ഞാൻ യാചിക്കുന്നു. /മറ്റുള്ളവരുടെ വിദ്വേഷത്തിൽ നിന്നും / അവർ സംരക്ഷിക്കപ്പെടട്ടേയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു./ അങ്ങയുടെ തിരുവചനം/ വേഗം ലോകമെമ്പാടും പ്രചരിക്കപ്പെടട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു./ അപഖ്യാതി, /നുണ, /എല്ലാവിധ അപകടങ്ങൾ എന്നിവയിൽ നിന്നും/ അങ്ങയുടെ സന്ദേശവാഹകരെ സംരക്ഷിക്കേണമേ. /അവരിലൂടെ ലോകത്തിനു നൽകപ്പെടുന്ന സന്ദേശങ്ങൾ,/ മനസ്താപത്തോടെയും വിനീത ഹൃദയത്തോടുകൂടെയും സ്വീകരിക്കപ്പെടുവാൻ,/ അവരുടെ കുടുംബങ്ങളെ സംരക്ഷിക്കുകയും, /എല്ലായ്പ്പോഴും അവരെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കുകയും ചെയ്യേണമേ. ആമ്മേൻ.

**26. നിങ്ങളുടെ രാജ്യത്തെ രക്ഷിക്കുവാനായി എല്ലാ ദിവസവും ജപമാല ചൊല്ലുക.**

**27. ലോകത്തിൽ സമാധാനമുണ്ടാകുവാൻ.**

ഓ എന്റെ ഈശോയേ, /ഭീകരമായ യുദ്ധത്താൽ ക്ലേശിക്കുന്നവർക്ക് /കരുണ ലഭിക്കുവാനായി ഞാൻ യാചിക്കുന്നു./ അങ്ങയുടെ യഥാർത്ഥ അസ്തിത്വത്തിനു നേർക്ക് കണ്ണടച്ചിരിക്കുകയും,/ പീഠനമേറ്റു വലയുകയും ചെയ്യുന്ന രാജ്യങ്ങളിൽ,/ സമാധാനം സ്ഥാപിക്കണമേയെന്ന് ഞാൻ യാചിക്കുന്നു. /നിഷ്ക്കളങ്കരായ ആത്മാക്കളുടെമേൽ/ അധികാരം പ്രയോഗിക്കുന്നത് നിർത്തുവാനായി,/ ഈ രാജ്യങ്ങളെ /അങ്ങയുടെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ നിറയ്ക്കേണമേ. /ലോകം മുഴുവൻ മൂടുന്ന തിന്മയുടെ അതിക്രമങ്ങൾക്കെതിരേ /പോരാടുവാൻ അശക്തരായ,/ അങ്ങയുടെ രാജ്യങ്ങളുടെമേൽ കരുണയായിരിക്കേണമേ. ആമ്മേൻ.

**28. എല്ലാ ക്രിസ്തീയ സഭകളും ഐക്യപ്പെടുവാൻ**

ഓ അത്യുന്നതനായ ദൈവമേ,/ അങ്ങയുടെ ഭൂമിയിലെ കത്തോലിക്കാസഭ /തുടർന്നുകൊണ്ടു പോകുവാനുള്ള പോരാട്ടത്തിൽ, /അങ്ങയുടെ മക്കളെ ഐക്യത്തിൽ കൊണ്ടുവരേണമേയെന്ന്,/ അങ്ങയുടെ മുൻപിൽ മുട്ടിൻമേൽ നിന്ന് യാചിക്കുന്നു./ ലോകത്തിലെ ഈ വലിയ മതപരിത്യാഗ ത്തിന്റെ നേരത്ത്, /ഞങ്ങളുടെ ആശയവ്യത്യാസങ്ങൾ ഞങ്ങളെ ഭിന്നിപ്പിക്കാതിരിക്കട്ടെ./ പ്രിയ പിതാവേ, /ഞങ്ങൾക്കങ്ങയോടുള്ള സ്നേഹത്താൽ, /അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ രക്ഷ കനുമായ യേശുക്രിസ്തുവിന്റെ നാമത്തിൽ,/ പരസ്പരം സ്നേഹിക്കുവാനുള്ള കൃപ/ ഞങ്ങൾക്ക് നൽകണമേയെന്ന് ഞങ്ങൾ കേണപേക്ഷിക്കുന്നു./ ഞങ്ങളങ്ങയെ ആരാധിക്കുന്നു./ ഞങ്ങളങ്ങയെ സ്നേഹിക്കുന്നു. /വരും വർഷങ്ങളിൽ അഭിമുഖീകരിക്കേണ്ടുന്ന പരീക്ഷണങ്ങളിൽ, /ഭൂമിയിലെ കത്തോലിക്കാസഭ തുടർന്നുകൊണ്ടുപോകുവാനായി /പോരാടുവാനുള്ള ശക്തിക്കായി, ഞങ്ങൾ ഐക്യപ്പെടുന്നു. ആമ്മേൻ.

**29. ക്രിസ്തുമതാനുഷ്ഠാനങ്ങൾ സംരക്ഷിക്കപ്പെടുവാൻ.**

ഓ, എന്റെ കർത്താവായ യേശുക്രിസ്തുവേ, /അങ്ങയുടെ എല്ലാ മക്കളിലേയ്ക്കും/ പരിശുദ്ധാ ത്മാവിനെ ഒഴുക്കേണമേയെന്ന് ഞാൻ കേണപേക്ഷിക്കുന്നു./ അങ്ങേയ്ക്കെതിരേ ആത്മാവിൽ വിദ്വേഷം വച്ചുപുലർത്തുന്നവരോട് /ക്ഷമിക്കണമേയെന്ന് ഞാൻ യാചിക്കുന്നു. /അങ്ങയുടെ വലിയ കരുണയുടെ നേരത്ത്,/ നിരീശ്വരവാദികൾ/ അവരുടെ കഠിനമായ ഹൃദയം തുറക്കുവാനിടയാക ട്ടെയെന്നും,/ അങ്ങയെ സ്നേഹിക്കുന്ന അങ്ങയുടെ മക്കൾ, /പീഡനങ്ങളെ അതിജീവിച്ച്, / അന്ത സ്സോടെ അങ്ങേയ്ക്ക് മഹത്വം നൽകട്ടെയെന്നും ഞാൻ പ്രാർത്ഥിക്കുന്നു./ ധൈര്യപൂർവ്വം ഉണർന്നെ ണീറ്റ്,/ സാത്താനും, അവന്റെ സൈന്യങ്ങൾക്കും,/ അവന്റെ തെറ്റായ വാഗ്ദാനങ്ങൾക്ക് അടിമ യായ ആത്മാക്കൾക്കും എതിരായ അന്തിമ യുദ്ധത്തിൽ, /അങ്ങയുടെ സൈന്യത്തെ നയിക്കുവാൻ,/ അങ്ങയുടെ എല്ലാ മക്കളേയും/ അങ്ങയുടെ ആത്മാവിന്റെ ദാനങ്ങളാൽ നിറയ്ക്കേണമേ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ആമ്മേൻ.

**30. യുദ്ധവും ക്ഷാമവും മതപീഢനവും അകറ്റുവാൻ**

ഓ എന്റെ നിത്യനായ പിതാവേ, /പ്രപഞ്ചസ്രഷ്ടാവായ ദൈവമേ,/ അങ്ങയെ കൂടുതലായി സ്നേഹിക്കുവാൻ ഇടയാക്കണമേയെന്ന് /അങ്ങയുടെ തിരുക്കുമാരന്റെ നാമത്തിൽ ഞാൻ യാചി ക്കുന്നു./ വിപത്തിന്റെ ഘട്ടങ്ങളിൽ /ശക്തരും, ഭയരഹിതരും, ധൈര്യശാലികളുമായിരിക്കുവാൻ / ഞങ്ങളെ സഹായിക്കേണമേ. /അങ്ങയുടെ ഭൂമിയിലുള്ള മക്കളെ രക്ഷിക്കുവാനായി, /ഞങ്ങളുടെ ബലിദാനങ്ങളും സഹനങ്ങളും പരീക്ഷണങ്ങളും, /ഒരു സമ്മാനമായി അവിടുത്തെ സിംഹാസന ത്തിനു മുമ്പിൽ സ്വീകരിക്കേണമേ. /ശുദ്ധതയില്ലാത്ത ആത്മാക്കളുടെ ഹൃദയങ്ങളെ മൃദുവാക്കേ ണമേ. /അങ്ങയുടെ തിരുഹിതത്താൽ, /ഞങ്ങൾക്കായി സ്നേഹപൂർവ്വം സൃഷ്ടിച്ചിരിക്കുന്ന ഭൂമി യിലെ പറുദീസയിൽ, /അങ്ങയുടെ എല്ലാ മക്കളോടുമൊത്ത് ഒന്നിക്കുവാനായി, /അങ്ങയുടെ സ്നേഹത്തിന്റെ സത്യത്തിലേയ്ക്ക് /അവരുടെ നയനങ്ങളെ തുറക്കേണമേ. ആമ്മേൻ.

**31. സംരക്ഷണശൃംഖല പ്രാർത്ഥന**

ഓ എന്റെ ഈശോയേ,/ അങ്ങയുടെ നിഷ്കളങ്കരായ കുഞ്ഞുങ്ങൾക്കെതിരായ പീഠനങ്ങളെ തടുക്കുവാനായി,/ കാമാസക്തിയാലും, അത്യാഗ്രഹത്താലും, /വെറുപ്പിനാലും അഹങ്കാരത്താലും നയിക്കപ്പെടുന്ന നേതാക്കളുടെ മേൽ, /എന്റെ പ്രാർത്ഥനയാൽ,/ അങ്ങയുടെ പരിശുദ്ധാത്മാവ് ഇറങ്ങിവരുവാൻ ഇടയാകട്ടെ./ ദാരിദ്ര്യവും ക്ഷാമവും, യുദ്ധങ്ങളും, /അങ്ങയുടെ മക്കളെ കടിച്ചു കീറുന്നത് തടയണമേയെന്ന് ഞാൻ യാചിക്കുന്നു./ അങ്ങയുടെ സ്നേഹത്തിന്റെ സത്യത്തിലേ ക്ക്,/ യൂറോപ്പിലെ നേതാക്കളുടെ ഹൃദയം തുറക്കുവാനായി ഞാൻ പ്രാർത്ഥിക്കുന്നു. ആമ്മേൻ.

**32. അയർലൻഡിൽ ഗർഭഛിദ്രം നിയമവിധേയമാക്കുന്നത് തടയുവാൻ**

ഓ രക്ഷയുടെ അമ്മേ, /ഗർഭഛിദ്രം എന്ന നികൃഷ്ടമായ പ്രവർത്തി/ ഞങ്ങളുടെമേൽ അടി ച്ചേൽപ്പിക്കുന്നത് തടയുവാനായി/ അയർലൻഡിലുള്ള അങ്ങയുടെ മക്കൾക്കുവേണ്ടി പ്രാർത്ഥിക്കേ ണമേ. /ഞങ്ങളുടെ രാജ്യത്തെ മൂടുന്ന അന്ധകാരത്തിൽ നിന്നും/ കൂടുതൽ നിരാശയിലേക്ക് മുങ്ങി

ത്താഴാതെ,/ ഈ വിശുദ്ധ രാജ്യത്തെ സംരക്ഷിക്കേണമേ. /ഇനിയും ജനിക്കാനിരിക്കുന്ന/ അങ്ങയുടെ മക്കളെ നശിപ്പിക്കുവാൻ ഇറങ്ങിത്തിരിച്ചിരിക്കുന്ന ദുഷ്ടനിൽ നിന്നും/ ഞങ്ങളെ വിടുവിക്കേണമേ./ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ പഠനങ്ങളെ അനുകരിക്കുന്നവരായി ത്തീരുവാൻ,/ ആ നേതാക്കൾ,/ അങ്ങയുടെ പുത്രനെ സ്നേഹിക്കുന്നവരെ ശ്രവിക്കുവാനുള്ള ധൈര്യത്തിനായി പ്രാർത്ഥിക്കേണമേ. ആമ്മേൻ.

**33. എന്റെ മുദ്ര, സ്നേഹത്തോടും സന്തോഷത്തോടും, കൃതജ്ഞതയോടും കൂടെ സ്വീകരിക്കുവാനും അംഗീകരിക്കുവാനുമുള്ള പ്രാർത്ഥന.**

ഓ എന്റെ ദൈവമേ, /എന്റെ സ്നേഹപിതാവേ, /അങ്ങയുടെ ദൈവിക സംരക്ഷണമുദ്ര, / സ്നേഹത്തോടും നന്ദിയോടും കൂടി ഞാൻ സ്വീകരിക്കുന്നു. /അവിടുത്തെ ദൈവത്വം, /എന്റെ ശരീരത്തെയും ആത്മാവിനേയും /നിത്യതക്കായി ആവരണം ചെയ്യുന്നു. /എന്റെ പ്രിയ പിതാവേ,/ എളിയ നന്ദി പ്രകടിപ്പിച്ചുകൊണ്ട്, /അങ്ങയുടെ മുൻപിൽ ഞാൻ കുമ്പിടുകയും,/ എന്റെ ആഴമായ സ്നേഹവും വിധേയത്വവും /അങ്ങേയ്ക്ക് സമർപ്പിക്കുകയും ചെയ്യുന്നു./ എന്നെയും എന്റെ പ്രിയപ്പെട്ടവരേയും, /ഈ പ്രത്യേക മുദ്രയാൽ സംരക്ഷിക്കണമേയെന്ന് /ഞാൻ യാചിക്കുകയും,/ എന്റെ ജീവിതം, /എന്നെന്നേയ്ക്കും അങ്ങയെ സേവിക്കുന്നതിനായി/ സമർപ്പിക്കുകയും ചെയ്യുന്നു. / പ്രിയ പിതാവേ അങ്ങയെ ഞാൻ സ്നേഹിക്കുന്നു. /പ്രിയ പിതാവേ /ഈ കാലഘട്ടത്തിൽ /അങ്ങയെ ഞാൻ ആശ്വസിപ്പിക്കുന്നു. /അങ്ങയുടെ തിരുക്കുമാരന്റെ ശരീരവും, രക്തവും,/ ആത്മാവും ദൈവത്വവും, /ലോകം മുഴുവന്റെയും പാപങ്ങൾക്ക് പരിഹാരമായും,/ അങ്ങയുടെ എല്ലാ മക്കളുടെയും രക്ഷയ്ക്കായും,/ അങ്ങേയ്ക്കു ഞാൻ സമർപ്പിക്കുന്നു. ആമ്മേൻ.

**34. ഈശോയ്ക്ക് സമ്മാനമായി എന്റെ ഉപവാസം.**

ഓ എന്റെ ഈശോയേ, /മാനവ വംശത്തെ രക്ഷിക്കുവാനായി, /എന്റെ എളിയ മാർഗ്ഗങ്ങളിലൂടെ അങ്ങയുടെ ബലിജീവിതത്തെ അനുകരിക്കുവാനായി /എന്നെ സഹായിക്കേണമേ. /മനുഷ്യവംശത്തെ രക്ഷിക്കുവാനായി, /നോമ്പുകാലം മുഴുവൻ, ആഴ്ചയിലൊരുദിവസം ഉപവാസമനുഷ്ടിച്ച്,/ അങ്ങേയ്ക്കൊരു സമ്മാനമായി കാഴ്ചവയ്ക്കുവാൻ /എന്നെ അനുവദിക്കേണമേ./ അതുമൂലം, /അവർ ഭൂമിയിലെ പുതിയ പറുദീസായുടെ പടിവാതിലുകൾ കടക്കുവാനിടയാകട്ടെ./ എന്റെ പരിത്യാഗങ്ങൾ, /ഹൃദയത്തിൽ സ്നേഹത്തോടെയും സന്തോഷത്തോടെയും,/ ഓ എന്റെ ഈശോയേ, അങ്ങേയ്ക്കു ഞാൻ സമർപ്പിക്കുന്നു./ അങ്ങയോടുള്ള എന്റെ സ്നേഹത്തിന്റെ പാരമ്യതയുടെ അടയാളമായി,/ കൃപ നഷ്ടപ്പെട്ടേക്കാവുന്ന എല്ലാ ആത്മാക്കളുടെയും രക്ഷ, /എന്റെ ഈ ത്യാഗത്തിലൂടെ ഞാൻ യാചിക്കുന്നു. ആമ്മേൻ.

**35. പറുദീസായിലേക്ക് ആത്മാക്കളുടെ പ്രവേശനത്തിനായി**

ഓ എന്റെ ഈശോയേ, /ഭൂമിയിൽ അവശേഷിച്ചിരിക്കുന്ന അങ്ങയുടെ മക്കളെ, /നിത്യനാശത്തിൽ നിന്നും രക്ഷിക്കുവാനായി/ അങ്ങയെ സഹായിക്കുവാൻ എന്നെ സഹായിക്കേണമേ./ അങ്ങയുടെ കരുണയാൽ,/ അന്ധകാരശക്തിയിൽനിന്നും, ആത്മാക്കളെ രക്ഷിക്കണമേയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു./ ആത്മാക്കളെ നരകാഗ്നിയിൽ നിന്നും രക്ഷിക്കുന്നതിനായി, /എനിക്ക് ഈ ജീവിതത്തിൽ ലഭിച്ചിരിക്കുന്ന പരീക്ഷണങ്ങളേയും,/ സഹനങ്ങളേയും, ദുഖങ്ങളേയും അങ്ങ് സ്വീകരിക്കേണമേ./ ഈ സഹനങ്ങളെ,/ സ്നേഹത്തോടും ഹൃദയസന്തോഷത്തോടും കൂടെ /അങ്ങേയ്ക്ക് സമർപ്പിക്കുവാനുള്ള കൃപകൊണ്ട് എന്നെ നിറയ്ക്കേണമേ. /അതിലൂടെ, ഞങ്ങളെല്ലാവരും, /പരിശുദ്ധ ത്രിത്വത്തോടുള്ള സ്നഹത്തിലൂടെ/ ഒന്നായി ഐക്യപ്പെടുകയും, /പറുദീസായിൽ, ഒരു പരിശുദ്ധ കുടുംബമായി /അങ്ങയോടുകൂടി ജീവിക്കുകയും ചെയ്യുമാറാകട്ടെ. ആമ്മേൻ.

**36. പുതുയുഗ തത്വങ്ങളുടെ പിടിയിലമർന്നിരിക്കുന്നവർക്ക്**

ഇശോയേ, /നാശത്തിൽ വീണവനും/ ആശയക്കുഴപ്പത്തിലായിരിക്കുന്നവനുമായ എന്നെ സഹായിക്കേണമേ./ മരണാനന്തരജീവിതത്തെക്കുറിച്ചുള്ള സത്യം എനിക്കറിഞ്ഞുകൂടാ./ സത്യദൈവമല്ലാത്ത തെറ്റായ ദൈവങ്ങളെ ആദരിച്ച് /ഞാൻ അങ്ങയെ ദ്രോഹിക്കുന്നുവെങ്കിൽ എന്നോട് ക്ഷമിക്കേണമേ./ എന്നെ രക്ഷിക്കേണമേ./ സത്യത്തെ വ്യക്തമായി ദർശിക്കുവാൻ എന്നെ സഹായി

ക്കേണമേ./ എന്നെ ആത്മാവിന്റെ അന്ധകാരത്തിൽ നിന്നും രക്ഷിക്കേണമേ. /അങ്ങയുടെ കാരുണ്യത്തിന്റെ പ്രകാശത്തിലേക്ക് വരുവാൻ എന്നെ സഹായിക്കേണമേ. ആമ്മേൻ.

### 37. എല്ലാ ദൈവമക്കളുടെയും ഏകീകരണത്തിനായി

ഓ പ്രിയ ഈശോയേ,/ അങ്ങയുടെ വാഗ്ദാനമായ നിത്യരക്ഷയുടെ സത്യം / ലോകം മുഴുവൻ പ്രചരിക്കുവാനായി,/ അങ്ങയുടെ പ്രിയഭക്തരെ സ്നേഹത്തിൽ ഒന്നിപ്പിക്കേണമേ./ തന്നെത്തന്നെ ആത്മാവിലും ശരീരത്തിലും മനസ്സിലും, /അങ്ങേയ്ക്ക് സമർപ്പിക്കുവാൻ ഭയപ്പെടുന്ന ഉദാസീനരായ ആത്മാക്കൾ, /അവരുടെ അഹങ്കാരമെന്ന കവചത്തെ ഇട്ടെറിഞ്ഞ്, /അവരുടെ ഹൃദയത്തെ അങ്ങയുടെ സ്നേഹത്തിലേക്ക് തുറന്ന്, /ഭൂമിയിലുള്ള അങ്ങയുടെ തിരുക്കുടുംബത്തിന്റെ ഭാഗമായിത്തീരട്ടെ / എന്നു ഞാൻ പ്രാർത്ഥിക്കുന്നു./ പ്രിയ ഈശോയേ,/ നഷ്ടപ്പെട്ട ആ ആത്മാക്കളെ,/ സഹോദരീ സഹോദരന്മാരെന്ന നിലയിൽ,/ ഞങ്ങളുടെ സ്നേഹം മൂലം, മരുഭൂമിയിൽ നിന്നും കരകയറ്റുകയും,/ ഞങ്ങളോടൊപ്പം പരിശുദ്ധ ത്രീത്വത്തിന്റെ മടിയിലേക്കും/ സ്നേഹത്തിലേക്കും പ്രകാശത്തിലേക്കും അങ്ങ് ആശ്ലേഷിക്കേണമേ./ അങ്ങയുടെ തിരുക്കരങ്ങളിൽ/ ഞങ്ങളുടെ പ്രത്യാശയും ശരണവും സ്നേഹവും ഞങ്ങളർപ്പിക്കുന്നു./ കൂടുതൽ ആത്മാക്കളെ രക്ഷിക്കുവാൻ സഹായിക്കുവാനായി /ഞങ്ങളുടെ ഭക്തിയെ വിസ്തൃതമാക്കണമേയെന്ന് ഞങ്ങൾ യാചിക്കുന്നു. ആമ്മേൻ.

### 38. കത്തോലിക്കാസഭയുടെ രക്ഷയ്ക്കായി

ഓ അനുഗ്രഹീതയായ രക്ഷയുടെ അമ്മേ,/ ഈ പ്രതിസന്ധിയുടെ സമയത്ത്,/ കത്തോലിക്കാ സഭയ്ക്കുവേണ്ടിയും, /ഞങ്ങളുടെ പ്രിയപ്പെട്ട ബനഡിക്ട് പതിനാറാമൻ പാപ്പായുടെ സഹനങ്ങൾ/ ലഘൂകരിക്കുന്നതിനായും പ്രാർത്ഥിക്കേണമേ./ രക്ഷയുടെ അമ്മേ, / അങ്ങയുടെ തിരുക്കച്ചയാൽ/ ദൈവത്തിന്റെ പരിശുദ്ധ ദാസരെ പൊതിയേണമേ എന്ന് ഞങ്ങൾ യാചിക്കുന്നു./ അതുമൂലം, അവർ അഭിമുഖീകരിക്കുന്ന പരീക്ഷണങ്ങളുടെ നേരത്ത്, /ശക്തരും ധൈര്യമുള്ളവരും വിധേയമുള്ളവരുമായിരിക്കുവാനുള്ള കൃപ അവർക്ക് ലഭിക്കുമാറാകട്ടെ./ കത്തോലിക്കാ സഭയുടെ ശരിയായ പഠനങ്ങൾക്കനുസൃതമായി /അവർ തങ്ങളുടെ അജഗണങ്ങളെ നോക്കുമാറാകട്ടെ. /ഓ ദൈവത്തിന്റെ പരിശുദ്ധ അമ്മേ, /അങ്ങയുടെ പുത്രന്റെ രാജ്യത്തിലേക്ക്,/ ആത്മാക്കളെ നയിക്കുവാൻ സഹായിക്കുവാനായി, /അങ്ങയുടെ ശിഷ്ടസഭയായ ഞങ്ങൾക്ക്, /നേതൃത്വത്തിനുള്ള വരം നൽകേണമേ./ രക്ഷയുടെ അമ്മേ, /തങ്ങളുടെ ആത്മാക്കളെ സംരക്ഷിക്കുന്നതിനായി,/ വഞ്ചകനെ അങ്ങയുടെ പുത്രന്റെ അനുയായികളിൽ നിന്നും, /അകറ്റി നിർത്തേണമേ എന്ന് ഞങ്ങൾ യാചിക്കുന്നു./ അതുമൂലം,/ ഭൂമിയിലെ പുതിയ പറുദീസായുടെ വാതിൽ കടക്കുവാൻ അവർ യോഗ്യരായിത്തീരട്ടെ. ആമ്മേൻ.

### 39. ദൈവമക്കളുടെ ഇടയിലൂടെ നടന്ന് അവരുടെ ആത്മാക്കളെ, പുതിയ പറുദീസയ്ക്കും, ഈശോയുടെ രണ്ടാം വരവിനും തയ്യാറെടുക്കുവാൻ സഹായിക്കുവാൻ

ഓ ഈശോയേ,/ എന്റെ സ്നേഹ രക്ഷകാ, /എല്ലാ ദൈവമക്കളേയും അങ്ങയുടെ രണ്ടാമത്തെ വരവിനായി ഒരുക്കുവാനും,/ അങ്ങയുടെ തിരുവചനം ആധികാരികമായി പ്രഘോഷിക്കുവാനും,/ അങ്ങയുടെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ പൊതിയേണമേ എന്ന് ഞങ്ങൾ യാചിക്കുന്നു./ ഞാൻ പോകുന്നിടത്തെല്ലാം, /എല്ലാവിധ വിശ്വാസങ്ങളിലും, വംശങ്ങളിലും, ദേശീയതയിലും/ അങ്ങയെ പ്രഘോഷിക്കുവാനാവശ്യമായ കൃപാവരം എനിക്ക് നൽകണമേയെന്ന്,/ കർത്താവായ ഈശോയേ,/ ഞാൻ അങ്ങയോട് യാചിക്കുന്നു./ അങ്ങയുടെ നാവുകളാൽ സംസാരിക്കുവാനും,/ അധരങ്ങളാൽ ആത്മാക്കളെ ആശ്വസിപ്പിക്കുവാനും, /അങ്ങയുടെ പരിശുദ്ധ ഹൃദയത്തിൽ നിന്നും നിർഗ്ഗളിക്കുന്ന വിശിഷ്ടമായ ദിവ്യ സ്നേഹത്താൽ /എല്ലാ ആത്മാക്കളേയും സ്നേഹിക്കുവാനും എന്നെ സഹായിക്കേണമേ./ അങ്ങയുടെ ഹൃദയത്തോട് ഏറ്റവും അടുത്തിരിക്കുന്ന ആത്മാക്കളെ രക്ഷിക്കുവാൻ/ എന്നെ സഹായിക്കേമേ./ പ്രിയ ഈശോയേ,/ നഷ്ടപ്പെട്ട ആത്മാക്കൾ അങ്ങയുടെ കരുണയെ നിരസിക്കുന്നത് തുടരുമ്പോൾ,/ അങ്ങയെ സമാശ്വസിപ്പിക്കുവാൻ എന്നെ അനുവദിക്കേണമേ./ ഈശോയേ, /അങ്ങയെക്കൂടാതെ ഞാൻ ഒന്നുമല്ല./ എന്നാൽ, അങ്ങയുടെ ഉദാരമായ സഹായത്താൽ /മനുഷ്യവംശത്തെ മുഴുവൻ രക്ഷിക്കുവാൻ സഹായിക്കുവാനായി,/ അങ്ങയുടെ നാമ

ത്തിൽ ഞാൻ പോരാടുന്നതായിരിക്കും. ആമ്മേൻ.

**40. രണ്ടാമത്തെ വരവിനായി ആത്മാക്കളെ ഒരുക്കുവാൻ പുരോഹിതർക്കുവേണ്ടി**

ഓ, എന്റെ ഈശോയേ, /ഞാൻ അങ്ങയുടെ ഒരു എളിയ ദാസനാകുന്നു. /ആത്മാക്കളെ അങ്ങയുടെ മഹത്വപൂർണ്ണമായ രണ്ടാമത്തെ വരവിന് ഒരുക്കുവാനായി /എന്നെ നയിക്കേണമേ./ ആത്മാക്കളെ മാനസാന്തരത്തിലേക്ക് നയിക്കുവാനും, /അങ്ങയുടെ തിരുഹിതമനുസരിച്ച് അവരെ ഒരുക്കുവാനും എന്നെ സഹായിക്കേണമേ. /അതുമൂലം,/ അങ്ങയുടെ കുരിശുമരണത്തിലൂടെ അങ്ങ് മാനവരാശിക്ക് വാഗ്ദാനം ചെയ്ത/ പുതിയ ആകാശത്തിലും പുതിയ ഭൂമിയിലും/ അവർ പ്രവേശിക്കുവാൻ യോഗ്യരായിത്തീരട്ടെ./ അങ്ങയുടെ വചനം/ ദാഹാർത്തരായ ആത്മാക്കൾക്ക് നൽകുവാനുള്ള കൃപ എനിക്ക് നൽകേണമേ. /എന്റെ വിധേയത്വം,/ വിശുദ്ധ വ്രതത്തിലൂടെ ഞാൻ അടിയറവച്ചിരിക്കുന്നു/ എന്റെ പ്രിയ ഈശോയേ,/ അങ്ങയുടെ നേർക്കുള്ള എന്റെ കടമയിൽ നിന്നും ഞാൻ ഒഴിഞ്ഞുമാറാനിടയാക്കരുതേ. ആമ്മേൻ.

**41. അവിശ്വാസികളായവരുടെ ആത്മാക്കൾക്കായി**

ഓ എന്റെ ഈശോയേ,/ അങ്ങയുടെ രക്ഷാ വാഗ്ദാനത്തിനു നേർക്ക് അന്ധരായിരിക്കുന്ന/ അങ്ങയുടെ എളിയ മക്കളെ സഹായിക്കേണമേ./ എന്റെ പ്രാർത്ഥനയുടെയും സഹനത്തിന്റെയും സഹായത്താൽ/ അവിശ്വാസികളായവരുടെ നയനങ്ങൾ തുറക്കണമേയെന്ന് ഞാൻ കേണപേക്ഷിക്കുന്നു./ അതുമൂലം, /അങ്ങയുടെ നിർമ്മല സ്നേഹം ദർശിച്ച്, /അങ്ങയുടെ വിശുദ്ധ കരവലയത്തിലേക്ക് സംരക്ഷണത്തിനായി ഓടിവരട്ടെ./ അവർ സത്യത്തെ ദർശിക്കുന്നതിനും, /എല്ലാ പാപങ്ങൾക്കും ക്ഷമ യാചിക്കുന്നതിനും അവരെ സഹായിക്കേണമേ. /അങ്ങനെ, അവർ രക്ഷിക്കപ്പെടുവാൻ ഇടയാകുകയും,/ പുതിയ പറുദീസായുടെ കവാടം കടക്കുന്നവരിൽ ഒന്നാമതാവുകയും ചെയ്യട്ടെ./ കുട്ടികളും, സ്ത്രീകളും പുരുഷന്മാരുമടങ്ങുന്ന ഈ എളിയ ആത്മാക്കൾക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുകയും, /അവരുടെ പാപങ്ങളിൽ നിന്നും അവരെ മോചിക്കണമേയെന്ന് യാചിക്കുകയും ചെയ്യുന്നു. ആമ്മേൻ.

**42. ഏക ലോക കറൻസി തടയുവാൻ.**

ഓ അത്യുന്നതനായ ദൈവമേ, /ജീവന്റെ അപ്പം ഉൾപ്പെടെയുള്ള ഭക്ഷണദാരിദ്ര്യത്തിന്റെ പിടിയിലമരുവാനായി, /ലോകത്തിൽ തിന്മയുടെ ബന്ധനം ആസൂത്രണം ചെയ്യുന്നത് തടയുന്നതിനായി /ഞാൻ എന്റെ ഉപവാസം അങ്ങേയ്ക്ക് സമ്മാനമായി നൽകുന്നു./ എതിർക്രിസ്തു പദ്ധതിയിടുന്ന കഷ്ടതകളെ തടയുന്നതിനായി,/ എന്റെ കാഴ്ച സ്വീകരിച്ച്, /മറ്റുരാജ്യങ്ങൾക്കായുള്ള എന്റെ യാചന ശ്രവിക്കേണമേ./ ഓ കർത്താവേ,/ ഈ ദുഷ്ടതയിൽ നിന്നും ഞങ്ങളെ രക്ഷിച്ച് ഞങ്ങളുടെ വിശ്വാസത്തെ കാക്കേണമേ. /അങ്ങനെ, എന്നെന്നേയ്ക്കും, അങ്ങയെ സ്നേഹിക്കുവാനും ആരാധിക്കുവാനും ആവശ്യമായ സ്വാതന്ത്ര്യത്തോടുകൂടി, /അങ്ങയെ ഞങ്ങൾ ആദരിക്കുവാനിടയാകട്ടെ. ആമ്മേൻ.

**43. മുന്നറിയിപ്പിന്റെ നേരത്ത് ആത്മാക്കളെ രക്ഷിക്കുവാൻ.**

ഓ സർവ്വശക്തനായ പിതാവായ ദൈവമേ,/ മുന്നറിയിപ്പിന്റെ നേരത്ത്, മാരകപാപത്തിൽ മരിക്കുവാനിടയുള്ളവരും,/ തന്നെത്തന്നെ രക്ഷിക്കുവാൻ സാധിക്കാത്തവരുമായവരുടെ ആത്മാക്കളെ, /അങ്ങയുടെ പ്രിയപുത്രനായ യേശുക്രിസ്തു/ ഞങ്ങളെ പാപത്തിൽ നിന്നും രക്ഷിക്കുവാനായി കുരിശുമരണം വഹിച്ചതിന്റെ സ്മരണയാൽ/ രക്ഷിക്കണമേയെന്ന് ഞാൻ യാചിക്കുന്നു./ അങ്ങയുടെ പ്രിയപുത്രന്റെ സഹനങ്ങൾക്ക് പ്രായശ്ചിത്തമായി,/ തങ്ങളെ പാപത്തിൽ നിന്നും മോചിതരാക്കുവാൻ,/ അങ്ങയുടെ പുത്രനായ ഈശോയോട് യാചിക്കുവാനും,/ പ്രായശ്ചിത്തം ചെയ്യുവാനുമാവശ്യമായ നാളുകൾ/ ജീവിച്ചിരിക്കുകയില്ലാത്തവരുമായവരോട് ക്ഷമിക്കണമേയെന്ന് ഞാൻ യാചിക്കുന്നു. ആമ്മേൻ.

**44. വ്യാജപ്രവാചകനെതിരായി, എന്റെ വിശ്വാസത്തെ സംരക്ഷിക്കുന്നതിനുള്ള ശക്തിക്കായി**

പ്രിയ ഈശോയേ,/ അങ്ങയുടെ തിരുവചനം എല്ലായ്പ്പോഴും പ്രഘോഷിക്കുവാനും,/ അങ്ങയുടെ ശിക്ഷണത്തിൽ ശ്രദ്ധചെലുത്തുവാനുമുള്ള ശക്തി എനിക്ക് നൽകേണമേ. /അങ്ങുതന്നെയെന്നരീതിയിൽ ഞങ്ങളുടെ മുൻപിൽ അവതരിക്കുവാൻ പോകുന്ന /വ്യാജപ്രവാചകനെ ആരാധിക്കുവാനുള്ള പ്രലോഭനം എനിക്ക് അനുവദിക്കരുതേ./ എനിക്കങ്ങയോടുള്ള സ്നേഹം /ബലവത്തായി തുടരുവാൻ /എനിക്കിടയാക്കേണമേ./ ആലോചനയുടെ ദാനങ്ങൾ എനിക്കുനൽകേണമേ. /അങ്ങനെ, അങ്ങയുടെ സത്യവചനത്തിനെതിരായി തിരിയുവാൻ പ്രോത്സാഹിപ്പിച്ചുകൊണ്ട്, /അനേകം വ്യാജപ്രചാരങ്ങൾ എന്റെ മുൻപിൽ അവതരിപ്പിച്ചാലും,/ വിശുദ്ധ ബൈബിളിൽ നിറഞ്ഞുനിൽക്കുന്ന സത്യത്തെ നിരസിക്കുവാൻ /ഒരിക്കലും എനിക്ക് ഇടയാകാതിരിക്കട്ടെ. ആമ്മേൻ.

**45. നിക്ഷേധാത്മകമായ ചിന്തകളെ കീഴടക്കുവാൻ**

ഓ ഈശോയേ, /എനിക്ക് അങ്ങയെക്കുറിച്ച് വളരെക്കുറച്ചു മാത്രമേ അറിയൂ./ എന്നാലും, അങ്ങ് എന്റെ ആത്മാവിലേക്ക് കടന്നുവരുവാൻ അനുവദിക്കുവാനായി,/ എന്റെ ഹൃദയത്തെ തുറക്കുവാൻ എന്നെ സഹായിക്കേണമേ. /അങ്ങനെ, അങ്ങേയ്ക്കെന്നെ സുഖമാക്കുവാനും, ആശ്വസിപ്പിക്കുവാനും, /അങ്ങയുടെ സമാധാനത്താൽ നിറയ്ക്കുവാനും സാധിക്കട്ടെ./ സന്തോഷത്തിൽ ആയിരിക്കുവാനും, /നിഷേധാത്മക ചിന്തകളെ കീഴടക്കുവാനും, /അങ്ങയെ എങ്ങനെ സന്തോഷിപ്പിക്കാം എന്നു മനസ്സിലാക്കുവാനുള്ള വഴികൾ പഠിക്കുവാനും /എന്നെ സഹായിക്കേണമേ. / അങ്ങനെ, അങ്ങയോടുകൂടെ,/ സ്നേഹത്തിലും, സന്തോഷത്തിലും, അത്ഭുതത്തോടെയും, /അങ്ങയുടെ പുതിയ പറുദീസായിൽ പ്രവേശിച്ച് ജീവിക്കുവാൻ, എനിക്ക് ഇടയാകട്ടെ. എന്നും എന്നേയ്ക്കും. ആമ്മേൻ.

**46. സാത്താന്റെ ചങ്ങലയിൽ നിന്നും മോചിതനാകുവാൻ**

ഓ ഈശോയേ, /ഞാൻ നഷ്ടപ്പെട്ടവനാണ്. /ഞാൻ ആശയക്കുപ്പത്തിലായിരിക്കുകയാണ്. / രക്ഷപെടുവാനാവാത്തവിധം വലയിൽ കുടുങ്ങിയിരിക്കുന്ന കുറ്റവാളിയെപ്പോലെയാണ് ഞാൻ./ ഈശോയേ, അങ്ങിൽ ഞാൻ ശരണപ്പെടുന്നു./ സാത്താന്റെയും അവന്റെ സൈന്യത്തിന്റെയും ബന്ധനത്തിൽ നിന്നും എന്നെ മോചിപ്പിക്കുവാൻ/ എന്റെ സഹായത്തിനു വരേണമേ./ നഷ്ടപ്പെട്ടവനായ എന്നെ സഹായിക്കേണമേ./ അങ്ങിൽ വിശ്വസിക്കുന്നതിനും ശരണപ്പെടുന്നതിനുമുള്ള ശക്തി ലഭിക്കുന്നതിന്,/ എനിക്കങ്ങയുടെ സ്നേഹം ആവശ്യമാണ്. /അങ്ങനെ, ഈ തിന്മയിൽ നിന്നും ഞാൻ രക്ഷപെടുമാറാകട്ടെ./ പ്രകാശം കാണപ്പെടുവാനിടയാകട്ടെ./ ഒടുവിൽ, എനിക്ക് സമാധാനവും, സ്നേഹവും, സന്തോഷവും ലഭിക്കുമാറാകട്ടെ. ആമ്മേൻ.

**47. ഈശോയോടുള്ള സ്നേഹം പുനർജ്വലിപ്പിക്കുവാൻ**

ഓ അനുഗ്രഹീതയായ അമ്മേ,/ ലോകം മുഴുവനും വേണ്ടിയുള്ള രക്ഷയുടെ മാതാവേ,/ എനിക്ക് ഈശോയോടുള്ള സ്നേഹം വീണ്ടും ജ്വലിപ്പിക്കുവാനായി പ്രാർത്ഥിക്കേണമേ./ അങ്ങയുടെ പുത്രന്റെ സ്നേഹജ്വാല അനുഭവിക്കുവാനായി എന്നെ സഹായിക്കേണമേ. /അങ്ങനെ, /ആ ജ്വാല, എന്റെ ആത്മാവിൽ നിറയുവാനിടയാകട്ടെ./ ഈശോയെ കൂടുതൽ സ്നേഹിക്കുവാൻ എന്നെ സഹായിക്കേണമേ. /അങ്ങേ പുത്രനോടുള്ള എന്റെ വിശ്വാസവും, സ്നേഹവും, ഭക്തിയും /കൂടുതൽ ശക്തമാകുവാൻ പ്രാർത്ഥിക്കേണമേ./ എന്നെ പീഡിപ്പിക്കുന്ന സംശയങ്ങൾ ദുരീകരിക്കേണമേ./ മാനവ രക്ഷകനായ അങ്ങയുടെ പ്രിയപുത്രനിൽ നിന്നും നിർഗ്ഗളിക്കുന്ന/ സത്യത്തിന്റെ ദിവ്യപ്രഭ കാണുവാൻ എന്നെ സഹായിക്കേണമേ. ആമ്മേൻ.

**48. ഈശോയുടെ രണ്ടാം വരവ് പ്രഘോഷിക്കുവാൻ കൃപയ്ക്ക്**

ഓ എന്റെ ഈശോയേ, /എല്ലാ മനുഷ്യരോടും അങ്ങയുടെ തിരുവചനം പ്രഘോഷിക്കുവാനുള്ള കൃപ എനിക്കു നൽകേണമേ./ അങ്ങനെ, എല്ലാവരും,/ പ്രത്യേകിച്ച്,/ അങ്ങയുടെ കരുണ ഏറ്റവും കൂടുതൽ ആവശ്യമുള്ള ആത്മാക്കൾ, / അങ്ങയുടെ തിരുവചനം ശ്രവിക്കുവാനും സ്വീകരിക്കുവാനും ഇടയാകട്ടെ./ എല്ലായ്പ്പോഴും അങ്ങയുടെ തിരുഹിതത്തെ ആദരിക്കുവാൻ എന്നെ

സഹായിക്കേണമേ./ അങ്ങയുടെ കരുണയുടെ ഹസ്തത്തെ നിരസിക്കുന്നവരെ /അവഹേളിക്കാതിരിക്കുവാനും പഴിചാരാതിരിക്കുവാനും എന്നെ സഹായിക്കേണമേ. ആമ്മേൻ.

**49. ക്രിസ്തീയ പുരോഹിതർക്കായുള്ള വിധേയത്വ പ്രതിജ്ഞ.**

ഓ ഈശോയേ, ഞാൻ അങ്ങയുടെ വിനീത ദാസനാണ്./ എന്റെ സ്നേഹവും വിധേയത്വവും അങ്ങേയ്ക്ക് ഞാൻ പ്രതിജ്ഞ ചെയ്യുന്നു. /അങ്ങയുടെ വിളിയുടെ ഒരു അടയാളമെനിക്കു നൽകണമേ എന്ന് ഞാൻ യാചിക്കുന്നു./ അങ്ങയുടെ വാഗ്ദാനത്തിന് സാക്ഷ്യം വഹിക്കുവാൻ,/ എന്റെ നയനങ്ങൾ തുറക്കുവാൻ എന്നെ സഹായിക്കേണമേ./ പരിശുദ്ധാത്മാവിന്റെ കൃപയാൽ എന്നെ അനുഗ്രഹിക്കേണമേ./ അങ്ങനെ, സത്യം സംസാരിക്കാത്തവരാലും,/ അങ്ങയുടെ നാമത്തിൽ വരുന്നു എന്ന് അവകാശപ്പെടുന്നവരാലും /ഞാൻ വഞ്ചിതരാനാതിരിക്കട്ടെ. / സത്യം എനിക്ക് കാണിച്ചു തരേണമേ./ അങ്ങയുടെ തിരുഹിതം നിറവേറ്റുവാനായി, /അങ്ങയുടെ സ്നേഹം അനുഭവിക്കുവാൻ എന്നെ അനുവദിക്കേണമേ./ മാനവ കുലത്തിന്റെ ആത്മാക്കളെ രക്ഷിക്കുവാൻ/ അങ്ങയെ സഹായിക്കുവാനുള്ള വഴി എനിക്ക് കാണിച്ചുതരേണമേയെന്ന്, /വിനീതഹൃദയത്തോടെ അങ്ങയോടു ഞാൻ യാചിക്കുന്നു. ആമ്മേൻ.

**50. ഈശോയേ, അങ്ങെയറിയുവാൻ സഹായിക്കേണമേ.**

ഓ പ്രിയ ഈശോയേ,/ അങ്ങയെ അറിയുവാൻ എന്നെ സഹായിക്കേണമേ./ നേരത്തേ, അങ്ങുമായി സംവദിക്കാതിരുന്നതിന്, എന്നോട് ക്ഷമിക്കേണമേ./ ഈ ലോകത്തിൽ സമാധാനം ലഭിക്കുവാനും,/ നിത്യജീവന്റെ സത്യം മനസ്സിലാക്കുവാനും എന്നെ സഹായിക്കേണമേ./ എന്റെ ഹൃദയത്തെ ആശ്വസിപ്പിക്കേണമേ. /എനിക്ക് സമാധാനം നൽകേണമേ. /എന്റെ ആത്മാവിനെ അങ്ങയുടെ സ്നേഹത്താൽ നിറയ്ക്കുവാൻ, /ഇപ്പോഴെന്റെ ഹൃദയത്തെ തുറക്കേണമേ. ആമ്മേൻ.

**51. പരിശുദ്ധാത്മാവിന്റെ ദാനത്തിനായുള്ള പ്രാർത്ഥന.**

ഓ പരിശുദ്ധാത്മാവേ, എഴുന്നള്ളി വരേണമേ. /അങ്ങയുടെ ദാനങ്ങളായ സ്നേഹവും, ജ്ഞാനവും, അറിവും/ എന്റെ എളിയ ആത്മാവിലേയ്ക്ക് വർഷിക്കേണമേ./ സാത്താനും അവന്റെ സൈന്യവും പരത്തുന്ന വ്യാജങ്ങളിൽ നിന്നും/ ദൈവത്തിന്റെ സത്യത്തെ വിവേചിച്ചറിയുവാൻ/ സത്യത്തിന്റെ പ്രകാശംകൊണ്ട് എന്നെ നിറയ്ക്കേണമേ. /ഞാൻ കണ്ടുമുട്ടുന്ന എല്ലാവരിലേയ്ക്കും, /ദീപമേന്തി, ബുദ്ധിയുടെ ജ്വാല പരത്തുവാൻ എന്നെ സഹായിക്കേണമേ./ കർത്താവായ ക്രിസ്തുവിലൂടെ. ആമ്മേൻ.

**52. പിതാവിനോടുള്ള പ്രാർത്ഥന.**

എന്റെ പ്രിയമുള്ള പിതാവേ, /അങ്ങയുടെ പ്രിയപുത്രന്റെ നാമത്തിലും, /കുരിശിൻമേലുള്ള അവിടുത്തെ പീഠാസഹനത്തെയോർത്തും, /ഞാൻ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു. /ലോകത്തിന്റെയും, അതിലെ എല്ലാറ്റിന്റെയും സ്രഷ്ടാവും, /അത്യുന്നത ദൈവവുമായ അങ്ങ്, /അങ്ങയുടെ തിരുക്കരങ്ങളിൽ ഞങ്ങളുടെ രക്ഷ കൈക്കൊള്ളേണമേ. /അങ്ങയുടെ എല്ലാ മക്കളേയും, അങ്ങയെ അറിയാത്തവരേയും, /അങ്ങയെ അറിഞ്ഞിട്ടും അറിയാത്തവരെപ്പോലെ കഴിയുന്നവരേയും/ അങ്ങ് കടാക്ഷിക്കേണമേ./ ഞങ്ങളുടെ പാപങ്ങൾ ക്ഷമിച്ച്, /സാത്താന്റെയും അവന്റെ സൈന്യത്തിന്റെയും പീഠനങ്ങളിൽ നിന്നും രക്ഷിക്കേണമേ. /സത്യത്തിന്റെ പാത ദർശിക്കുവാനായി, /അങ്ങയുടെ കരവലയത്തിൽ ഞങ്ങളെ സ്വീകരിച്ച്, /പ്രത്യാശയാൽ ഞങ്ങളെ നിറയ്ക്കേണമേ. ആമ്മേൻ.

**53. കത്തോലിക്കാ സഭയ്ക്കുവേണ്ടി**

ഓ, പിതാവായ ദൈവമേ,/ വൈദികർ സഹിക്കുന്ന പീഠനങ്ങളെ അതിജീവിക്കുവാനുള്ള / ശക്തിയും കൃപയും അവർക്കു നൽകണമേയെന്ന് /അങ്ങയുടെ പ്രിയപുത്രന്റെ നാമത്തിൽ ഞാൻ യാചിക്കുന്നു./ അങ്ങയുടെ പുത്രനായ യേശുക്രിസ്തുവിന്റെ സത്യമായ പഠനങ്ങളോട് ചേർന്നിരിക്കുവാൻ/ വൈദികരെ സഹായിക്കേണമേ./ പരിശുദ്ധ കുർബാനയിൽ/ അവിടുത്തെ തിരുക്കുമാരന്റെ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള ബോധ്യത്തിൽ നിന്ന് /അവർ വ്യതിചലിക്കുകയോ, ബലഹീനരാവുകയോ, വ്യാജപ്രചാരങ്ങൾക്കടിമയാവുകയോ ചെയ്യാതിരിക്കുവാൻ/ അവരെ സഹായിക്കേണമേ. ആമ്മേൻ.

**54. മൂന്നാം ലോക യുദ്ധത്തിന്റെ സ്വാധീനം ലഘൂകരിക്കുവാൻ, പിതാവായി ദൈവത്തോട്**

ഓ സ്വർഗ്ഗീയ പിതാവേ,/ മാനവകുലത്തിന്റെ പാപങ്ങൾക്കായി കഠിനമായ പീഠകൾ സഹിച്ച/ അങ്ങയുടെ പ്രിയ പുത്രനായ യേശുക്രിസ്തുവിന്റെ നാമത്തിൽ,/ ഞങ്ങൾ അഭിമുഖീകരിക്കുന്ന ഈ വിഷമഘട്ടത്തിൽ ഞങ്ങളെ സഹായിക്കേണമേ. /അങ്ങയുടെ സഭയേയും, മക്കളേയും നശിപ്പിക്കുവാൻ ആഗ്രഹിക്കുന്നവരും, /അത്യാഗ്രഹികളായ ഭരണാധികാരികളും പ്ലാൻ ചെയ്യുന്ന/ മത പീഠനങ്ങളെ അതിജീവിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. /പ്രിയ പിതാവേ, /ഞങ്ങളുടെ കുടുംബങ്ങളെ തീറ്റിപ്പോറ്റുവാൻ സഹായിക്കണമെന്നും, /മനസ്സാക്ഷിക്കു വിരുദ്ധമായി /യുദ്ധത്തിലേക്ക് നിർബന്ധപൂർവ്വം നയിക്കപ്പെടുന്നവരുടെ ജീവനെ രക്ഷിക്കണമേയെന്നും, /ഞങ്ങൾ കേണപേക്ഷിക്കുന്നു./ പ്രിയ പിതാവേ, ഞങ്ങൾ അങ്ങയെ സ്നേഹിക്കുന്നു./ ഞങ്ങളുടെ ഈ ആവശ്യ നേരത്ത് ഞങ്ങളെ സഹായിക്കണമേയെന്ന് ഞങ്ങൾ യാചിക്കുന്നു. /എതിർക്രിസ്തുവിന്റെ പിടിയിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ./ മൃഗത്തിന്റെ അടയാളത്തെ നിരസിച്ചുകൊണ്ട്,/ അതിനെ അതിജീവിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. /അങ്ങയുടെ തിരുവചനത്തോട് ആത്മാർത്ഥത പുലർത്തുവാനായി, /അങ്ങയെ സ്നേഹിക്കുന്നവരെ എല്ലായ്പ്പോഴും സഹായിക്കേണമേ./ അങ്ങനെ, ആത്മാവിലും ശരീരത്തിലും, അതിജീവനത്തിനുള്ള കൃപ അങ്ങ് ചൊരിയുമാറാകട്ടെ. ആമ്മേൻ.

**55. മുന്നറിയിപ്പിനായി ഒരുക്കുവാനുള്ള പ്രാർത്ഥന.**

ഓ എന്റെ പ്രിയ ഈശോയേ,/ എല്ലാ ദൈവമക്കളുടെയും ഹൃദയങ്ങൾ, /അങ്ങയുടെ ദാനമായ വലിയ കാരുണ്യത്തിലേക്ക് തുറക്കേണമേ./ അങ്ങയുടെ ദിവ്യ കരുണയെ, സ്നേഹത്തോടെയും കൃതജ്ഞതയോടെയും സ്വീകരിക്കുവാൻ /അവരെ സഹായിക്കേണമേ./ അവർ അങ്ങയുടെ മുൻപിൽ വിനീതരാകുവാനും, /അവരുടെ പാപങ്ങൾക്ക് ക്ഷമ യാചിക്കുവാനും, അവരെ പ്രാപ്തരാക്കേണമേ./ അങ്ങനെയവർ അങ്ങയുടെ മഹത്വപൂർണ്ണമായ രാജ്യത്തിന്റെ ഭാഗമായിത്തീരുവാനിടയാകട്ടെ. ആമ്മേൻ.

**56. വിശുദ്ധ കുർബാനയുടെ സംരക്ഷണത്തിന് വൈദികർക്കുവേണ്ടി**

ഓ പ്രിയ പിതാവേ, /മാനവരാശിക്കായി, തന്നെത്തന്നെ കുരിശിൽ ബലിയർപ്പിച്ച അങ്ങയുടെ അമൂല്യനായ പുത്രന്റെ നാമത്തിൽ, /സത്യത്തോട് വിശ്വസ്തത പുലർത്തുവാൻ എന്നെ സഹായിക്കേണമേ./ അങ്ങയുടെ പുത്രന്റെ വിലയേറിയ രക്തത്താൽ എന്നെ പൊതിയേണമേ./ എന്റെ പ്രവർത്തനത്തിന്റെ ശിഷ്ടകാലം, /വിശ്വസ്തതയോടും, പ്രത്യാശയോടും, ആദരവോടും കൂടെ/ അങ്ങേയ്ക്ക് തുടർന്നും സേവനം ചെയ്യുവാനുള്ള കൃപ എനിക്കു നൽകേണമേ./ വിശുദ്ധ കുർബാന അങ്ങയുടെ മക്കൾക്ക് നൽകുന്നതിൽ നിന്നോ,/ ദിവ്യബലിയർപ്പണത്തിന്റെ യഥാർത്ഥ അർത്ഥത്തിൽ നിന്നോ വ്യതിചലിക്കുവാൻ എന്നെ അനുവദിക്കരുതേ./ അങ്ങയുടെ അജഗണത്തെ പ്രതിനിധീകരിക്കുവാനും,/ മാനവ വംശത്തിന്റെ രക്ഷകനും അങ്ങയുടെ തിരുക്കുമാരനുമായ/ യേശുക്രിസ്തുവിന്റെ ശരീരവും, രക്തവും, ആത്മാവും ദൈവത്വവും നൽകി/ അങ്ങയുടെ അജഗണത്തെ പോറ്റുവാനുമുള്ള ശക്തി എനിക്ക് നൽകേണമേ. ആമ്മേൻ.

**57. പുരോഹിതഗണത്തിനായുള്ള പ്രാർത്ഥന – ഈശോയേ, ഞാൻ അങ്ങയുടെ വിളി കേൾക്കട്ടെ.**

ഓ, എന്റെ പ്രിയ ഈശോയേ, /അങ്ങയുടെ സ്വരം ശ്രവിക്കുവാൻ, എന്റെ കാതുകളെ തുറക്കേണമേ. /അങ്ങയുടെ സ്നേഹപൂർണ്ണമായ ക്ഷണം സ്വീകരിക്കുവാൻ/ എന്റെ ഹൃദയത്തെ തുറക്കേണമേ. /ഈ കാലഘട്ടത്തിൽ അങ്ങയെ തിരിച്ചറിയുവാൻ/ അങ്ങയുടെ പരിശുദ്ധാത്മാവുകൊണ്ട് എന്നെ നിറയ്ക്കേണമേ./ അങ്ങ് എന്നിൽ നിന്നും ആഗ്രഹിക്കുന്ന/ എല്ലാറ്റിനോടുമുള്ള എന്റെ എളിയ വിധേയത്വം/ അങ്ങേയ്ക്ക് ഞാൻ സമർപ്പിക്കുന്നു./ സത്യത്തെ വിവേചിച്ചറിയുവാനും,/ ഉണർന്നെണീറ്റ്, /അങ്ങയുടെ സ്വരം തിരിച്ചറിഞ്ഞ് പ്രത്യുത്തരം നൽകുവാനും /എന്നെ സഹായിക്കേണമേ. /അങ്ങനെ, മാനവരാശി മുഴുവന്റെയും ആത്മാക്കളെ രക്ഷിക്കുവാൻ,/ എനിക്കും അങ്ങയെ സഹായിക്കുവാൻ കഴിയട്ടെ./ അങ്ങയുടെ ഹിതമാണ് എനിക്കുള്ള ആജ്ഞ./ അങ്ങാൽ നയിക്കപ്പെടുവാനുള്ള ധൈര്യം എനിക്ക് നൽകേണമേ. /അങ്ങനെ, അങ്ങയുടെ പുതിയ രാജ്യത്തിലേയ്ക്ക് /അങ്ങയുടെ സഭയെ നയിക്കുവാൻ ആവശ്യമായ കവചം ധരിക്കുവാൻ എനിക്കിടയാകട്ടെ. ആമ്മേൻ.

**58. മാനസാന്തര പ്രാർത്ഥന.**

ഓ പ്രിയ ഈശോയേ,/ എല്ലാ ദൈവമക്കളേയും അങ്ങയുടെ ആശ്ലേഷത്താൽ മൂടേണമെന്നും, /അങ്ങയുടെ വിലയേറിയ തിരുരക്തത്താൽ പൊതിയേണമെന്നും ഞാൻ വിളിച്ചപേക്ഷിക്കുന്നു./ അങ്ങയുടെ ഓരോ തുള്ളി രക്തവും എല്ലാ ആത്മാക്കളുടെമേലും ചൊരിഞ്ഞ്,/ ദുഷ്ടനിൽ നിന്നും അവർ സംരക്ഷിക്കപ്പെടട്ടെ./ അങ്ങയുടെ സ്നേഹപ്രകാശം അവരുടെ ആത്മാക്കളിൽ കവിഞ്ഞൊഴുകുവാനായി, /സ്രാഷ്ടാംഗം പ്രണമിച്ച് യാചിക്കുവാനായി,/ എല്ലാവരുടെയും ഹൃദയങ്ങളെ, / പ്രത്യേകിച്ച് കഠിനഹൃദയരായ ആത്മാക്കളുടെയും,/ അങ്ങയെ അറിഞ്ഞിട്ടും അഹങ്കാരമെന്ന പാപത്താൽ കളങ്കിതരായിരിക്കുന്നവരുടെയും ഹൃദയങ്ങളെ,/ അങ്ങ് തുറക്കേണമേ./ സത്യത്തെ ദർശിക്കുവാനായി അവരുടെ നയനങ്ങളെ തുറക്കേണമേ. /അങ്ങനെ, അങ്ങയുടെ ദിവ്യ കരുണ അവരുടെമേൽ ചൊരിയപ്പെടുവാനും, /അങ്ങയുടെ കരുണയുടെ കിരണങ്ങളാൽ അവർ മൂടപ്പെടുവാനുമിടയാകട്ടെ./ പ്രിയ ഈശോയേ,/ ഞാനിപ്പോൾ അങ്ങയോടാവശ്യപ്പെടുന്ന ഈ കൃപകളിലൂടെ, /(*വ്യക്തിപരമായ നിയോഗങ്ങൾ ഇവിടെ പറയുക*) എല്ലാ ആത്മാക്കളേയും മാനസാന്തരത്തിലേയ്ക്ക് നയിക്കേണമേ./ ഞാൻ കരുണയ്ക്കായി അങ്ങയോട് യാചിക്കുന്നു. /ആഴ്ചയിൽ ഒരു ദിവസത്തെ എന്റെ ഉപവാസം/ (*ജൂൺ മാസത്തിൽ*) എല്ലാ പാപങ്ങൾക്കും പരിഹാരമായി, അങ്ങേയ്ക്കു ഞാൻ കാഴ്ച വയ്ക്കുന്നു. ആമ്മേൻ.

**59. പിതാവായ ദൈവത്തിന്റെ തിരുഹിതത്തോട് വിധേയപ്പെട്ടുകൊണ്ടുള്ള പ്രതിജ്ഞ.**

ഓ അത്യുന്നതനായ ദൈവമേ,/ ഓ സ്വർഗ്ഗീയ പിതാവേ,/ ഭൂമിയിൽ അങ്ങയുടെ തിരുഹിതത്തോട് ഐക്യപ്പെട്ടുകൊണ്ട്,/ എല്ലാക്കാര്യങ്ങളിലും അങ്ങയെ ബഹുമാനിക്കുന്നതിനും അനുസരിക്കുന്നതിനും, /എന്റെ പരിപൂർണ്ണ വിധേയത്വം അങ്ങേയ്ക്ക് ഞാൻ പ്രതിജ്ഞ ചെയ്യുന്നു. /അങ്ങയുടെ വരുവാനിരിക്കുന്ന സ്വർഗ്ഗീയ രാജ്യത്തിൽ/ ഞങ്ങൾ ഒന്നായി ഐക്യപ്പെടുവാനായി,/ എന്റെ മനസ്സും ശരീരവും, ആത്മാവും, /മിശിഹായായ/അങ്ങയുടെ ഏക പ്രിയ പുത്രന്റെ തിരുരക്തത്തിലൂടെ,/ അങ്ങേയ്ക്കു ഞാൻ കാഴ്ച സമർപ്പിക്കുന്നു./ അങ്ങനെ, സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും, /അങ്ങയുടെ തിരുഹിതം നിറവേറട്ടെ. ആമ്മേൻ.

**60. മുന്നറിയിപ്പിന്റെ നേരത്ത് കുടുംബങ്ങളുടെ മാനസാന്തരത്തിന്.**

ഓ പ്രിയ മാധുര്യമുള്ള ഈശോയേ,/ എന്റെ കുടുംബത്തിലെ ആത്മാക്കൾക്കായി, കരുണയ്ക്കായി ഞാൻ യാചിക്കുന്നു. / (*അവരുടെ പേരുകൾ പറയുക.*) അന്ധകാരത്തിന്റെ ആത്മാവിൽ നിന്നും അവരുടെ ആത്മാക്കളെ രക്ഷിക്കുവാനായി, /എന്റെ സഹനങ്ങളേയും, പരീക്ഷണങ്ങളേയും, പ്രാർത്ഥനകളേയും/ അങ്ങേയ്ക്കു ഞാൻ കാഴ്ചവയ്ക്കുന്നു. /ഇവരിൽ, അങ്ങയുടെ മക്കളായ ഒരാൾ പോലും /അങ്ങയെ ഉപേക്ഷിക്കുവാനോ, /അങ്ങയുടെ കരുണയുടെ കരത്തെ നിരസിക്കുവാനോ ഇടയാകാതിരിക്കട്ടെ. /അങ്ങയുടെ തിരുഹൃദയവുമായി ഒന്നായിച്ചേരുവാൻ, അവരുടെ ഹൃദയങ്ങളെ തുറക്കേണമേ./ അങ്ങനെ, അവർ, നരകാഗ്നിയിൽ നിന്നും /തങ്ങളെത്തന്നെ രക്ഷിക്കുവാനുതകുന്ന ക്ഷമ യാചിക്കുവാനിടയാകട്ടെ./ പരിവർത്തനത്തിനുള്ള അവസരം അവർക്ക് നൽകേണമേ. /അങ്ങനെ, അങ്ങയുടെ ദിവ്യ കരുണയുടെ കിരണങ്ങളാൽ/ അവർ മാനസാന്തരപ്പെടുവാനിടയാകട്ടെ. ആമ്മേൻ.

**61. ഏകലോക നിയന്ത്രണം മാറിപ്പോകുവാൻ**

ഓ പ്രിയ സ്വർഗ്ഗീയ പിതാവേ,/ എതിർക്രിസ്തുവും അവന്റെ അനുയായികളും, /അങ്ങയുടെ മക്കളെ നശിപ്പിക്കുവാൻ പദ്ധതിയിടുന്ന ക്രൂശിക്കലിൽ നിന്നും,/ അങ്ങയുടെ മക്കളെ കാത്തുകൊള്ളണമേയെന്ന്, /അങ്ങയുടെ പ്രിയ പുത്രനായ ഈശോമിശിഹായുടെ കുരിശുമരണത്തെപ്രതി, / അങ്ങയോടു ഞാൻ യാചിക്കുന്നു./ മൃഗത്തിന്റെ അടയാളത്തെ/ നിരസിക്കുവാനാവശ്യമായ കൃപ ഞങ്ങൾക്ക് നൽകേണമേ./ സാത്താന്റെ പാത പിൻതുടരുന്നവരാൽ /ലോകത്തിൽ പ്രചരിക്കപ്പെടുന്ന തിന്മയോട് യുദ്ധം ചെയ്യുന്നതിന് /ഞങ്ങൾക്കാവശ്യമായ സഹായം ഞങ്ങളിൽ ചൊരിയേണമേ. /പ്രിയ പിതാവേ, /ഈ ഭയാനകമായ നേരത്ത്, /അങ്ങയുടെ എല്ലാ മക്കളേയും സംരക്ഷിക്കണമേയെന്നും, /എല്ലാ സമയത്തും /ധൈര്യപൂർവ്വം അങ്ങയുടെ തിരുവചനം പ്രഘോഷിക്കുവാനാവശ്യമായ ശക്തി നൽകണമേയെന്നും /അങ്ങയോടു ഞാൻ കേണപേക്ഷിക്കുന്നു. ആമ്മേൻ.

**62. നഷ്ടപ്പെട്ടവരും നിസ്സാഹായരുമായ പാപികൾക്കായി**

ഓ ഈശോയേ, എന്നെ സഹായിക്കേണമേ, /എന്തുകൊണ്ടെന്നാൽ, /അന്ധകാരത്തിൽ വീണു ഴലുന്നവനും, നിസ്സഹായനും, നഷ്ടപ്പെട്ട പാപിയും, /അങ്ങയെ തേടുവാൻ ധൈര്യമില്ലാത്ത ബല ഹീനനുമാണ് ഞാൻ./ എന്റെ ആത്മാവിലുള്ള അന്ധകാരത്തെ ഭേദിച്ച് പുറത്തുവരുവാനായി / അങ്ങയെ വിളിക്കുവാനുള്ള ശക്തി എനിക്ക് നൽകേണമേ./ പ്രിയ ഈശോയേ,/ അങ്ങയുടെ പ്രകാ ശത്തിലേയ്ക്ക് എന്നെ നയിക്കേണമേ. /എന്നോട് ക്ഷമിക്കേണമേ. /ഞാൻ വീണ്ടും പൂർണ്ണനാകു വാൻ എന്നെ സഹായിക്കേണമേ. /അങ്ങയുടെ സ്നേഹത്തിലേയ്ക്കും, സമാധാനത്തിലേയ്ക്കും, നിത്യജീവനിലേയ്ക്കും എന്നെ നയിക്കേണമേ. /അങ്ങിൽ ഞാൻ പൂർണ്ണമായി ശരണപ്പെടുന്നു./ ഞാൻ അങ്ങയുടെ ദിവ്യ കരുണയ്ക്ക് അടിയറവയ്ക്കുന്നതിലൂടെ/ എന്റെ മനസ്സും, ശരീരവും, ആത്മാവും /അങ്ങ് സ്വീകരിക്കേണമേ എന്ന് ഞാൻ യാചിക്കുന്നു. ആമ്മേൻ.

**63. ഈ യാത്രയിൽ എന്നെ സംരക്ഷിക്കുവാനുള്ള പ്രാർത്ഥന.**

ഓ എന്റെ സ്നേഹമുള്ള രക്ഷയുടെ മാതാവേ, /എല്ലാ ദൈവമക്കളെയും രക്ഷിക്കുവാൻ സഹാ യിക്കുവാനുള്ള എന്റെ ഈ യാത്രയിൽ,/ എനിക്ക് ജീവന്റെ അപ്പം ലഭ്യമാക്കി /സംരക്ഷിക്കപ്പെടു വാനായി പ്രാർത്ഥിക്കണമേ /എന്നു ഞാൻ യാചിക്കുന്നു. /വ്യാജ ആരാധനാപാത്രങ്ങളാലും / വ്യാജ ദൈവങ്ങളാലും വഞ്ചിക്കപ്പെടുന്നവരുടെ നയനങ്ങളെ,/ അങ്ങയുടെ പുത്രന്റെ കുരിശുമര ണമാകുന്ന സത്യത്തിലേയ്ക്ക് /തുറക്കുവാനായി സഹായിക്കേണമേ. /അങ്ങനെ ഓരോ ദൈവമ ക്കൾക്കും രക്ഷയും നിത്യജീവനും ലഭിക്കുമാറാകട്ടെ. ആമ്മേൻ.

**64. സഹോദരന്മാരെയും സഹോദരിമാരെയും രക്ഷിക്കുവാൻ**

ഓ എന്റെ പ്രിയ രക്ഷകാ, യേശുക്രിസ്തുവേ,/ എന്റെ സഹോദരന്മാരും സഹോദരിമാരും,/ അവർ അകപ്പെട്ടിരിക്കുന്ന അന്ധകാരത്തിന്റെ തടവറയിൽ നിന്നും രക്ഷിക്കപ്പെടുവാനായി /എന്റെ പ്രാർത്ഥനകളും പരിത്യാഗങ്ങളും, അങ്ങ് സ്വീകരിക്കേണമേ./ അവരുടെ ആത്മാക്കളെ നിത്യനാശ ത്തിൽ നിന്നും രക്ഷിക്കുവാൻ സഹായിക്കുവാനായി /എന്നെ അനുവദിക്കേണമേ. /അവരുടെ പാപ ങ്ങൾക്ക് മാപ്പ് നൽകണമേയെന്നും,/ അവരുടെ ആത്മാക്കളെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കണ മേയെന്നും /അങ്ങയോട് ഞാൻ യാചിക്കുന്നു. /അങ്ങനെ, അവർ നിത്യനാശത്തിലേയ്ക്ക് പതി ക്കുന്നതിനു മുൻപ്, /അവർക്ക് ഏറ്റവും അവശ്യ സങ്കേതമായ/ അങ്ങയുടെ കരവലയത്തിലേക്ക് ഓടിയണയുവാനിടയാകട്ടെ./ എന്റെ വിധേയത്വം,/ കൃതജ്ഞതയോടും എളിമയോടും കൂടി, / ഇങ്ങനെയുള്ള ആത്മാക്കൾക്കുവേണ്ടി ഞാൻ കാഴ്ച സമർപ്പിക്കുന്നു. ആമ്മേൻ.

**65. മാരക പാപത്തിലായിരിക്കുന്നവർക്കായി**

ഓ പ്രിയ ഈശോയേ,/ മാനവ വംശത്തിന്റെ രക്ഷകാ,/ മുന്നറിയിപ്പിന്റെ നേരത്ത് ഈ ഭൂമി യിൽനിന്നും എടുക്കപ്പെടുന്ന, /പാപാവസ്ഥയിലായിരിക്കുന്ന എല്ലാ എളിയ ആത്മാക്കളുടെമേലും, /അങ്ങയുടെ ദിവ്യ കരുണയാൽ അലിവു തോന്നണമെയെന്ന്/ ഞാൻ കേണപേക്ഷിക്കുന്നു. / അവരുടെ പാപങ്ങൾ ക്ഷമിക്കേണമേ. /അങ്ങയുടെ പീഠാനുഭവത്തിന്റെ സ്മരണയാൽ,/ അവരുടെ പാപങ്ങൾക്കു പ്രായശ്ചിത്തമായി, /ഈ പ്രത്യേക അനുഗ്രഹം എനിക്കു നൽകണമേയെന്ന് ഞാൻ യാചിക്കുന്നു. /അവരുടെ ആത്മാക്കളെ നാശത്തിൽ നിന്നും രക്ഷിക്കുവാനും,/ നിത്യജീവൻ നേടു വാനുമായി, /ഞാൻ എന്റെ മനസ്സും, ശരീരവും, ആത്മാവും, /എന്നെ മുഴുവനായും ഒരു പ്രായശ്ചി ത്തമായി/ അങ്ങേയ്ക്ക് ഞാൻ കാഴ്ച സമർപ്പിക്കുന്നു. ആമ്മേൻ.

**66. പുരോഹിതർക്കുവേണ്ടി : അങ്ങയുടെ തിരുവചനത്തോട് ആത്മാർത്ഥത പുലർത്തുവാൻ എന്നെ സഹായിക്കേണമേ.**

ഓ പ്രിയ ഈശോയേ, /എല്ലാ സമയവും, അങ്ങയുടെ തിരുവചനത്തോട് ആത്മാർത്ഥത പുലർത്തുവാൻ എന്നെ സഹായിക്കേണമേ./ വിപത്ഘട്ടത്തിൽ, /അങ്ങയുടെ സഭയുടെ സത്യത്തെ ഉയർത്തിപ്പിടിക്കുവാനുള്ള ശക്തി എനിക്ക് നൽകേണമേ./ അങ്ങ് ഞങ്ങളെ പഠിപ്പിച്ച രീതിയിൽ തന്നെ, /പരിശുദ്ധ കൂദാശകൾ പരികർമ്മം ചെയ്യുവാനുള്ള കൃപകൊണ്ട് എന്നെ നിറയ്ക്കേണ മേ./ ജീവന്റെ അപ്പം കൊണ്ട് അങ്ങയുടെ സഭയെ പോറ്റുവാൻ, /ഞാൻ വിലക്കപ്പെടുകയാണെ

ങ്കിൽപ്പോലും /അത് തുടരുവാൻ, എന്നെ സഹായിക്കേണമേ. /അങ്ങയുടെ സത്യവചനം പ്രഘോഷിക്കുവാനായി, /ഞാൻ അഭിമുഖീകരിക്കേണ്ടി വന്നേക്കാവുന്ന വഞ്ചനയുടെ ചങ്ങലയിൽ നിന്നും /എന്നെ മോചിപ്പിക്കേണമേ. /ഈ നേരത്ത്, /അങ്ങയുടെ എല്ലാ പരിശുദ്ധ ദാസരേയും/ അങ്ങയുടെ വിലയേറിയ രക്തത്താൽ ആവരണം ചെയ്യേണമേ. /അങ്ങനെ, ഞങ്ങളുടെ പ്രിയ രക്ഷകനും /യേശുക്രിസ്തുവുമായ/ അങ്ങയോടുള്ള ഭക്തിയിൽ /ഞങ്ങൾ ധൈര്യശാലികളും, വിധേയമുള്ളവരും, ദൃഢചിത്തരും ആയിരിക്കട്ടെ. ആമ്മേൻ.

### 67. നുണയുടെ രാജാവിൽ നിന്നും ഞങ്ങളുടെ മക്കളെ സുരക്ഷിതരായി കാത്തുകൊള്ളുവാൻ

പ്രിയ ഈശോയേ,/ നുണയുടെ രാജാവിൽ നിന്നും/ ഞങ്ങളുടെ മക്കളെ സുരക്ഷിതരായി കാത്തുകൊള്ളണമേയെന്ന് /അങ്ങയോട് ഞാൻ യാചിക്കുന്നു./ ഈ കുഞ്ഞുങ്ങളെ /(*ഓരോരുത്തരുടെയും പേര് പറയുക.*) അങ്ങയുടെ തിരുഹൃദയത്തിന് ഞാൻ പ്രതിഷ്ഠിക്കുന്നു./ അങ്ങയുടെ വിലയേറിയ രക്തത്താൽ മൂടി,/ അവരുടെ ആത്മാക്കളെ പ്രകാശിതമാക്കി, / അങ്ങയുടെ സ്നേഹ കരവലയത്തിലേയ്ക്ക് സുരക്ഷിതരായി അവരെ എടുക്കണമേയെന്നും/ അങ്ങയോട് ഞാൻ യാചിക്കുന്നു. /അങ്ങനെ അവർ എല്ലാ ഉപദ്രവങ്ങളിൽ നിന്നും സംരക്ഷിതരാകട്ടെ. /മനസ്സാക്ഷിയുടെ പ്രോജ്ജ്വലനനേരത്ത്, /അവരുടെ ഹൃദയം തുറന്ന്,/ അവരുടെ ആത്മാക്കളെ അങ്ങയുടെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കണമേയെന്ന് ഞാൻ യാചിക്കുന്നു./ അങ്ങനെ, അവർ എല്ലാവിധ അകൃത്യങ്ങളിൽനിന്നും ശുദ്ധമാക്കപ്പെടട്ടെ. ആമ്മേൻ.

### 68. സാത്താന്റെ സ്വാധീനത്തിൽ നിന്നും എന്നെ കാക്കേണമേ.

ഓ ദൈവ മാതാവേ, /രക്ഷയുടെ അമ്മേ,/ സാത്താന്റെയും അവന്റെ ദുഷ്ട സൈന്യത്തിന്റെയും സ്വാധീനത്തിൽ നിന്ന് /എന്റെ കുടുംബത്തെ, /അങ്ങയുടെ തിരുക്കച്ചയാൽ പൊതിഞ്ഞ് സംരക്ഷിക്കേണമേ./ എല്ലാ സമയത്തും, /അങ്ങയുടെ പ്രിയസുതനായ യേശുക്രിസ്തുവിന്റെ ദിവ്യകരുണയിൽ ശരണപ്പെടുവാൻ /എന്നെ സഹായിക്കേണമേ. /അങ്ങയുടെ തിരുക്കുമാരനോടുള്ള എന്റെ സ്നേഹത്തിൽ എന്നെ നിലനിർത്തേണമേ./ ഏതെല്ലാം വിധത്തിലുള്ള പ്രലോഭനങ്ങൾ എന്റെ മുൻപിൽ വച്ചാലും, /അങ്ങയുടെ തിരുക്കുമാരന്റെ സത്യമായ പഠനങ്ങളിൽ നിന്നും വ്യതിചലിച്ചലയുവാൻ/ എന്നെ ഇടയാക്കരുതേ. ആമ്മേൻ.

### 69. അവിടുത്തെ തിരുഹിതം സ്വീകരിക്കുവാനായി പിതാവായ ദൈവത്തോട്

സർവ്വശക്തനായ പിതാവായ ദൈവമേ,/ ഞാൻ അങ്ങയുടെ തിരുഹിതം അഗീകരിക്കുന്നു./ ഇത് സ്വീകരിക്കുവാൻ അങ്ങയുടെ മക്കളെ സഹായിക്കേണമേ./ അങ്ങയുടെ മക്കൾക്കുള്ള പൈതൃകാവകാശത്തെ നിരസിക്കുന്നതിൽ നിന്നും/ സാത്താനെ തടയേണമേ./ സ്വർഗ്ഗീയ പൈതൃകത്തിനുവേണ്ടിയുള്ള /ഞങ്ങളുടെ പോരാട്ടത്തെ ഉപേക്ഷിക്കുവാൻ ഇടയാക്കരുതേ./ സാത്താനേയും അവന്റെ സൈന്യങ്ങളേയും തുരത്തിയോടിക്കുവാനുള്ള /ഞങ്ങളുടെ യാചന സ്വീകരിക്കേണമേ. /പ്രിയ പിതാവേ, /അങ്ങയുടെ കരുണയാൽ ഭൂമിയെ ശുദ്ധീകരിക്കുകയും,/ അങ്ങയുടെ പരിശുദ്ധാത്മാവിനാൽ ഞങ്ങളെ പൊതിയുകയും ചെയ്യേണമേ /എന്ന് ഞാൻ യാചിക്കുന്നു. /മൃഗത്തെ തുരത്തിയോടിക്കുവാനുള്ള ശക്തിയോടെ /അങ്ങയുടെ വിശുദ്ധ സൈന്യത്തെ രൂപീകരിക്കുവാൻ /ഞങ്ങളെ എന്നേയ്ക്കും നയിക്കേണമേ. ആമ്മേൻ.

### 70. പുരോഹിതഗണം, ദൈവത്തിന്റെ തിരുവചനത്തോട് ആത്മാർത്ഥത പുലർത്തുവാനും, ദൃഢതയോടിരിക്കുവാനും

ഓ പ്രിയ ഈശോയേ,/ അങ്ങയുടെ സഭയിലെ വിഭാഗീയത വെളിപ്പെടുന്നതനുസരിച്ച്,/ അത് തിരിച്ചറിയുവാൻ, /അങ്ങയുടെ പരിശുദ്ധ ദാസരെ സഹായിക്കേണമേ./ അങ്ങയുടെ വിശുദ്ധ വചനത്തോടുള്ള വിശ്വാസ്യതയിൽ /ആത്മാർത്ഥമായിരിക്കുവാനും, ഉറച്ചു നിൽക്കുവാനും /അങ്ങയുടെ പരിശുദ്ധ ദാസരെ സഹായിക്കേണമേ. /ലൗകികാഗ്രഹങ്ങൾ/ അവർക്ക് അങ്ങയോടുള്ള പരിശുദ്ധ സ്നേഹത്തെ ഒരിക്കലും കളങ്കപ്പെടുത്താനിടയാക്കാതിരിക്കട്ടെ./ പരിശുദ്ധ കുർബാനയിൽ അങ്ങയുടെ തിരുസാന്നിദ്ധ്യം അവർ ആദരിക്കുവാനും, /അങ്ങയുടെ മുൻപിൽ/ വിശുദ്ധരും വിനീതരു

മായി നിലകൊള്ളുവാനും ഉള്ള കൃപ അവർക്ക് നൽകേണമേ./ അങ്ങയോടുള്ള സ്നേഹത്തിൽ/ ഉദാസീനരായിരിക്കുന്ന എല്ലാ പരിശുദ്ധ ദാസരേയും /നയിക്കുകയും സഹായിക്കുകയും ചെയ്യേണമേ./ അവരുടെ ആത്മാക്കളിൽ/ പരിശുദ്ധാത്മാവിന്റെ അഗ്നിയെ വീണ്ടും ജ്വലിപ്പിക്കേണമേ./ അവരെ വ്യതിചലിപ്പിക്കുന്നതിനായി/ അവരുടെ മുൻപിൽ വരുന്ന പ്രലോഭനങ്ങളെ തിരിച്ചറിയുവാനായി /അവരെ സഹായിക്കേണമേ. /സത്യത്തെ എല്ലായ്പ്പോഴും കാണുവാനായി/ അവരുടെ നയനങ്ങളെ തുറക്കേമേ/. പ്രിയ ഈശോയേ,/ ഉപദ്രവങ്ങളിൽ നിന്നും സംരക്ഷിക്കപ്പെടുവാനായി, /ഈ സമയത്ത്, /അവരെ അങ്ങയുടെ വിലയേറിയ തിരുരക്തത്താൽ പൊതിയുകയും/ അനുഗ്രഹിക്കുകയും ചെയ്യേണമേ./ പാപം എന്നൊന്നില്ല എന്ന പ്രലോഭനത്താൽ /വശീകരിക്കപ്പെടുവാനിടയായാൽ,/ സാത്താന്റെ ഈ പ്രലോഭനത്തെ നേരിടുവാൻ/ അവർക്ക് ശക്തി നൽകേണമേ. ആമ്മേൻ.

### 71. മർദ്ദനങ്ങളിൽ നിന്നും നമ്മെ രക്ഷിക്കുവാൻ

ഓ ഈശോയേ,/ എതിർക്രിസ്തുവിൽ നിന്നും ദൈവത്തിന്റെ മക്കളെ സംരക്ഷിക്കേണമേ. / ഭൂമിയെ നിയന്ത്രിക്കുവാനുള്ള പദ്ധതികളിൽ നിന്നും ഞങ്ങളെ സംരക്ഷിക്കേണമേ./ കർത്താവേ,/ പീഠനങ്ങളിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ./ അങ്ങയുടെ ദൃഷ്ടിയിൽ വീണ്ടെടുക്കപ്പെടുന്നവരായിത്തീരുവാൻ,/ പാപാവസ്ഥയിലായിരിക്കുന്ന ആത്മാക്കളെ സംരക്ഷിക്കേണമേ. /ഞങ്ങളുടെ ബലഹീനതയിൽ ഞങ്ങളെ സഹായിക്കേണമേ. /അങ്ങയുടെ സൈന്യത്തിൽ നിന്നുകൊണ്ട്/ പറുദീസായുടെ കവാടത്തിലേയ്ക്ക് ഞങ്ങൾ മാർച്ചു ചെയ്യുമ്പോൾ,/ ഉണർന്നെണീറ്റ് പരസ്പരം നയിക്കുവാൻ/ ആത്മാവിൽ ഞങ്ങളെ ശക്തരാക്കേണമേ./ പ്രിയ ഈശോയേ, /എനിക്കങ്ങയെ ആവശ്യമാണ്./ പ്രിയ ഈശോയേ,/ ഞാൻ അങ്ങയെ സ്നേഹിക്കുന്നു./ ഭൂമിയിൽ അങ്ങയുടെ സാന്നിദ്ധ്യത്തെ ഞാൻ മഹത്വപ്പെടുത്തുന്നു./ അന്ധകാരത്തിൽ നിന്നും ഞാൻ അകന്നു നിൽക്കുന്നു./ ഞാൻ അങ്ങയെ ആരാധിക്കുന്നു./ അങ്ങയുടെ സത്യമായ സാന്നിദ്ധ്യത്തെ എനിക്ക് വെളിപ്പെടുത്തപ്പെടുവാനായി, /ഞാൻ എന്നെത്തന്നെ ആത്മാവിലും ശരീരത്തിലും അങ്ങേയ്ക്ക് അടിയറവയ്ക്കുന്നു ആമ്മേൻ.

### 72. ശിഷ്യന്റെ പ്രാർത്ഥന

പ്രിയ ഈശോയേ, /അങ്ങയുടെ തിരുവചനം പ്രചരിപ്പിക്കുവാൻ ഞാൻ തയ്യാറാകുന്നു. / സത്യത്തെ പകർന്നു നൽകുവാനുള്ള ധൈര്യവും, ശക്തിയും, അറിവും എനിക്ക് നൽകേണമേ./ അങ്ങനെ, സാധിക്കുന്നിടത്തോളം ആത്മാക്കളെ അങ്ങിലേയ്ക്കടുപ്പിക്കുവാനിടയാകട്ടെ. /എന്നെ അങ്ങയുടെ തിരുഹൃദയത്തിൽ സ്വീകരിച്ച്, /അങ്ങയുടെ തിരുരക്തത്താൽ മൂടേണമേ./ അങ്ങനെ, ഏതു വിശ്വാസത്തിലായിരിക്കുന്നവരായാലും,/ ലോകമെമ്പാടുമുള്ള എല്ലാ ദൈവമക്കളുടെയും രക്ഷയ്ക്കായി, /മാനസാന്തരം പ്രചരിപ്പിക്കുവാനുള്ള കൃപകൊണ്ട് നിറയുവാൻ എനിക്കിടയാകട്ടെ./ ഞാൻ എല്ലായ്പ്പോഴും അങ്ങിൽ ശരണപ്പെടുന്നു. /അങ്ങയുടെ അരുമ ശിഷ്യൻ. ആമ്മേൻ.

### 73. യുവാക്കൾക്കും അവരുടെ ആത്മാക്കൾക്കും വേണ്ടി

ഓ ഈശോയേ, /ലോകമെമ്പാടുമുള്ള എല്ലാ യുവാക്കളുടെയും ആത്മാക്കളെ രക്ഷിക്കുവാനായി എന്നെ സഹായിക്കേണമേ./ അങ്ങയുടെ അസ്തിത്വമാകുന്ന സത്യത്തെ/ അങ്ങയുടെ കൃപയാൽ ദർശിക്കുന്നതിന്, അവരെ സഹായിക്കേണമേ. /അങ്ങയുടെ തിരുഹൃദയത്തിലേക്ക് അവരെ കൊണ്ടുവരേണമേ. /അങ്ങയുടെ സ്നേഹത്തിലേക്കും കരുണയിലേക്കും അവരുടെ നയനങ്ങളെ തുറക്കേണമേ./ നരകാഗ്നിയിൽ നിന്നും അവരെ രക്ഷിക്കേണമേ./ എന്റെ പ്രാർത്ഥനയാൽ അവരുടെ ആത്മാക്കളുടെമേൽ കരുണയായിരിക്കേണമേ. ആമ്മേൻ.

### 74. ആലോചന എന്ന ദാനത്തിനായി

ഓ ദൈവമാതാവേ, /പരിശുദ്ധാത്മാവിന്റെ ദാനങ്ങൾക്കായി /എന്റെ ആത്മാവിനെ ഒരുക്കുവാൻ എന്നെ സഹായിക്കേണമേ./ ഒരു കുഞ്ഞിനെ കൈപിടിച്ചു നടത്തുന്നതുപോലെ, /എന്നെയും പരിശുദ്ധാത്മാവിന്റെ ശക്തിയാൽ,/ ആലോചന എന്ന ദാനത്തിന്റെ പാതയിലൂടെ കൈപിടിച്ച് നയിക്കേണമേ./ എന്റെ ഹൃദയം തുറക്കുകയും,/ ശരീരവും മനസ്സും ആത്മാവും അടിയറവയ്ക്കുവാൻ/

എന്നെ പഠിപ്പിക്കുകയും ചെയ്യേണമേ. /അഹങ്കാരമാകുന്ന പാപത്തിൽ നിന്നും എന്നെ മോചിപ്പിക്കേണമേ./ ഞാൻ ചെയ്തുപോയ എല്ലാ പാപങ്ങളും ക്ഷമിക്കപ്പെടുവാനായി/ എനിക്കുവേണ്ടി പ്രാർത്ഥിക്കേണമേ./ അങ്ങനെ, പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ലഭിക്കുവാനായി, /എന്റെ ആത്മാവ് ശുദ്ധമാക്കപ്പെടുകയും,/ ഞാൻ പൂർണ്ണനാക്കപ്പെടുകയും ചെയ്യട്ടെ. /രക്ഷയുടെ മാതാവേ,/ അങ്ങയുടെ മാദ്ധ്യസ്ഥത്തിന് ഞാൻ നന്ദി പറയുന്നു./ ഞാൻ ഉത്സാഹപൂർവ്വം കാംക്ഷിക്കുന്ന ഈ ദാനത്തിനായി /സ്നേഹം നിറഞ്ഞ ഹൃദയത്തോടെ ഞാൻ കാത്തിരിക്കുന്നു. ആമ്മേൻ.

### 75. പ്രിയ ഈശോയേ, എന്റെ വേദനകൾ അങ്ങയോട് ഞാൻ ചേർത്തുവയ്ക്കുന്നു.

ഈശോയേ, /അങ്ങ് കാൽവരിയിൽ സഹിച്ച കഠിനവേദനയോട്, /എന്റെ വേദനയും സഹനവും ചേർത്തുവയ്ക്കുന്നു./ ഞാൻ സഹിക്കുന്ന ഓരോ നിന്ദനങ്ങളും/ വാക്കുകൾകൊണ്ടുള്ള ആക്രമണങ്ങളും,/ അങ്ങു സഹിച്ച മുൾക്കിരീടത്തിന്റെ ബഹുമാനാർത്ഥം ഞാൻ കാഴ്ചവയ്ക്കുന്നു. /ഞാൻ സഹിക്കുന്ന ഓരോ അന്യായമായ വിമർശനങ്ങളും,/ അങ്ങ് പീലാത്തോസിന്റെ മുൻപിൽ സഹിച്ച നിന്ദാപമാനങ്ങളുടെ ബഹുമാനാർത്ഥം ഞാൻ കാഴ്ചവയ്ക്കുന്നു./ മറ്റുള്ളവരുടെ കൈകളിൽ നിന്നും ഞാൻ സഹിക്കുന്ന ശാരീരിക പീഠനങ്ങൾ,/ അങ്ങ് കൽത്തൂണിൽ കെട്ടപ്പെട്ട് ഏറ്റ അടികളുടെ ബഹുമാനാർത്ഥം ഞാൻ കാഴ്ച വയ്ക്കുന്നു. /ഞാൻ സഹിക്കുന്ന ഓരോ അധിക്ഷേപങ്ങളും,/ മുൾക്കിരീടധാരണത്തിലൂടെ അങ്ങയുടെ നയനങ്ങൾ മുറിവേൽക്കപ്പെട്ടതിന്റെ ബഹുമാനാർത്ഥം /ഞാൻ കാഴ്ച വയ്ക്കുന്നു./ ഓരോ തവണയും ഞാൻ അങ്ങയെ അനുഗമിക്കുകയും,/ അങ്ങയുടെ പഠനങ്ങളെ മറ്റുളവർക്ക് നൽകുകയും ചെയ്യുമ്പോൾ, /അങ്ങയുടെ നാമം മൂലം മറ്റുള്ളവർ എന്നെ പുച്ഛിക്കുമ്പോൾ, /കാൽവരിയിലേക്കുള്ള പാതയിൽ ഞാൻ അങ്ങയെ സഹായിക്കുവാനിടയാകട്ടെ. /പ്രിയ ഈശോയേ, /അഹങ്കാരം വെടിയുവാൻ എന്നെ സഹായിക്കേണമേ./ ഞാൻ അങ്ങയെ സ്നേഹിക്കുന്നുവെന്ന് സമ്മതിക്കുവാൻ/ എനിക്ക് ഭീതിയുണ്ടാകാതെ എന്നെ സഹായിക്കേണമേ./ എന്റെ ജീവിതത്തിൽ എല്ലാ പ്രത്യാശയും ഇല്ലാതായതായി തോന്നുമ്പോൾ, /പ്രിയ ഈശോയേ, /അങ്ങ് സ്വമനസ്സാലേ, നീചമായും ക്രൂരമായും ക്രൂശിക്കപ്പെടുവാൻ സമ്മതിച്ചതിനെയോർത്ത് /ധൈര്യമവലംബിക്കുവാൻ എന്നെ സഹായിക്കേണമേ./ അങ്ങ് എനിക്കുവേണ്ടി സഹിച്ച ബലിദാനത്തെയോർത്ത്,/ മനസ്താപഹൃദത്തോടുകൂടിയതും/ വിനീതനുമായ ഒരു യഥാർത്ഥ ക്രിസ്ത്യാനിയും, /അങ്ങയുടെ സൈന്യത്തിലെ ഒരു യഥാർത്ഥ പടയാളിയും ആയി എണ്ണപ്പെട്ട് / അഭിമാനത്തോടെ നിൽക്കുവാൻ എന്നെ സഹായിക്കേണമേ./ പ്രിയ ഈശോയേ,/ എന്റെ കരം പിടിക്കേണമേ./ എന്റെ സ്വന്തം സഹനങ്ങൾ,/ അങ്ങയെ സ്നേഹിക്കുന്ന സമാനചിന്താഗതിക്കാരായ ആത്മാക്കളുടെ സൈന്യത്തിൽ ചേരുവാൻ/ മറ്റുള്ളവർക്ക് എങ്ങനെ പ്രചോദനമാകുമെന്ന് എനിക്ക് കാണിച്ചുതരേണമേ. /ദുഷ്ടന്റെ ക്രൂരഭരണത്തിനെതിരായുള്ള അന്തിമ യുദ്ധത്തിൽ,/ സഹനം സ്വീകരിക്കുവാനും, /അത് ആത്മാക്കളെ രക്ഷിക്കുവാനുള്ള ഒരു സമ്മാനമായി/ അങ്ങേയ്ക്ക് കാഴ്ചവയ്ക്കുവാനും/എന്നെ സഹായിക്കേണമേ. ആമ്മേൻ.

### 76. നിരീശ്വരവാദിയുടെ പ്രാർത്ഥന.

ഈശോയേ, /എനിക്ക് വെളിപ്പെടുത്തിത്തരുന്നതനുസരിച്ച്, ദൈവസ്നേഹത്തെ സ്വീകരിക്കുവാൻ എന്നെ സഹായിക്കേണമേ./ ഞാൻ രക്ഷിക്കപ്പെടുവാനായി, എന്റെ നയനങ്ങളെയും, എന്റെ മനസ്സിനെയും, എന്റെ ഹൃദയത്തെയും എന്റെ ആത്മാവിനേയും തുറക്കേണമേ. /എന്റെ ഹൃദയത്തെ അങ്ങയുടെ സ്നേഹംകൊണ്ട് നിറച്ച്, /വിശ്വസിക്കുവാൻ എന്നെ സഹായിക്കേണമേ. /അതിനു ശേഷം, സംശയത്തിന്റെ പീഠനത്തിൽ നിന്നും എന്നെ രക്ഷിച്ച്, /എന്നെ അങ്ങയോട് ചേർക്കേണമേ. ആമ്മേൻ.

### 77. ഇംഗ്ലണ്ടിനു വേണ്ടി

ഓ അത്യുന്നതനായ സ്വർഗ്ഗീയ പിതാവേ,/ മാനവരുടെ സ്ര,ഷ്ടാവേ, എന്റെ പ്രാർത്ഥന ശ്രവിക്കേമമേ./ ഏകാധിപത്യത്തിന്റെയും തിന്മയുടെയും പിടിയിൽ നിന്ന് ഇംഗ്ലണ്ടിനെ രക്ഷിക്കണമേയെന്ന് ഞാൻ യാചിക്കുന്നു./ അങ്ങയുടെ ദൃഷ്ടിയിൽ ഒന്നാകത്തക്കവിധം,/ എല്ലാ മതങ്ങളിലും, വംശങ്ങളിലും, നിറങ്ങളിലുമുള്ള എല്ലാവരേയും/ ഒന്നിപ്പിക്കേണമേ എന്ന് ഞാൻ യാചിക്കുന്നു./ അങ്ങയുടെ പഠനങ്ങളെ നിഷ്കാസനം ചെയ്യുന്ന നിയമനിർമ്മാണങ്ങൾക്കെതിരേ/ ഒന്നിച്ചു പോരാ

ടുവാനുള്ള ശക്തി ഞങ്ങൾക്ക് നൽകേണമേ. /അങ്ങയെ ഒരിക്കലും ഉപേക്ഷിക്കാതിരിക്കുവാനുള്ള /ധൈര്യവും ശക്തിയും ഞങ്ങൾക്ക് നൽകേണമേ. /ഞങ്ങളുടെ പ്രാർത്ഥനയിലൂടെ /അങ്ങയുടെ എല്ലാ മക്കളും രക്ഷിക്കപ്പെടുവാൻ ഇടയായിത്തീരട്ടെ./ അങ്ങയുടെ വാഗ്ദാനങ്ങളായ പറുദീസായിലേക്കുള്ള പ്രവേശനവും, /ഞങ്ങളുടെ നിത്യജീവനും, /ആദരവർപ്പിക്കുവാൻ, എന്റെ എല്ലാ സഹോദരന്മാരേയും സഹോദരിമാരേയും/ ഐക്യത്തിൽ കൊണ്ടുവരേണമേ. ആമ്മേൻ.

### 78. തിന്മയിൽ നിന്നും എന്നെ രക്ഷിക്കേണമേ.

ഓ ഈശോയേ, /സാത്താന്റെ ശക്തിയിൽ നിന്നും/ എന്നെ സംരക്ഷിക്കണമേ./ അവന്റെ ദുർമ്മാർഗ്ഗങ്ങളിൽ നിന്നും, അവനോടുള്ള വിധേയത്വത്തിൽനിന്നും ഞാൻ മോചിതനാകുമ്പോൾ, /എന്നെ അങ്ങയുടെ ഹൃദയത്തിലേക്ക് സ്വീകരിക്കേണമേ. /എന്റെ മനസ്സിനെ ഞാൻ അടിയറ വച്ചുകൊണ്ട്, /മനസ്താപത്തോടും വിനീത ഹൃദയത്തോടും കൂടി/ അങ്ങയുടെ മുൻപിൽ ഞാൻ മുട്ടിന്മേൽ നിൽക്കുന്നു./ അങ്ങയുടെ തിരുക്കരങ്ങളിൽ എന്റെ ജീവിതത്തെ ഞാൻ നൽകുന്നു./ തിന്മയിൽ നിന്നും എന്നെ രക്ഷിക്കേണമേ./ എന്നെ മോചിതനാക്കി, അങ്ങയുടെ സംരക്ഷണത്തിന്റെ രക്ഷാവലയത്തിലേക്ക് എന്നെ നയിക്കേണമേ,/ ഇപ്പോഴും എന്നേയ്ക്കും. ആമ്മേൻ.

### 79. നഷ്ടപ്പെട്ട രണ്ടു മില്യൻ ആത്മാക്കൾക്കുവേണ്ടി

ഓ പ്രിയ ഈശോയേ, /നഷ്ടപ്പെട്ട ആത്മാക്കളുടെമേൽ അവിടുത്തെ കരുണ വർഷിക്കണമേയെന്ന് ഞാൻ യാചിക്കുന്നു./ അങ്ങയെ നിരസിച്ചത്, അവരോട് ക്ഷമിക്കേണമേ. /അവരുടെ ആത്മാക്കളെ വിശുദ്ധീകരിക്കുവാൻ ആവശ്യമായ കൃപ,/ അങ്ങയുടെ കരുണയാൽ, അവരുടെമേൽ വർഷിക്കുവാൻ, /എന്റെ പ്രാർത്ഥനയും സഹനവും അങ്ങ് ഉപയോഗപ്പെടുത്തേണമേ./ ദയാവായ്പ്പിനുള്ള വരം, /അവരുടെ ആത്മാക്കൾക്കായി എനിക്കു നൽകേണമേ. /അങ്ങയുടെ അടുത്തുവന്ന്, അങ്ങയുടെ പരിശുദ്ധാത്മാവിനാൽ അവരെ നിറയ്ക്കണമേയെന്ന് യാചിക്കുവാനായി, /അവരുടെ ഹൃദയങ്ങളെ തുറക്കണമേയെന്ന് ഞാൻ അപേക്ഷിക്കുന്നു./ അങ്ങനെ, അവർ അങ്ങയുടെ സ്നേഹമാകുന്ന സത്യത്തെ സ്വീകരിക്കുകയും,/ അങ്ങയോടും, ദൈവത്തിന്റെ കുടുംബത്തോടും കൂടി നിത്യമായി ജീവിക്കുവാനിടയാകട്ടെ. ആമ്മേൻ.

### 80. കൊലാപാതകം ചെയ്യുന്നവരുടെ ആത്മാക്കൾക്കുവേണ്ടി

ഓ പ്രിയ ഈശോയേ,/ കൊലാപാതകം ചെയ്യുന്നവർക്കുവേണ്ടി, കരുണയ്ക്കായി ഞാൻ യാചിക്കുന്നു. /മാരകപാപത്തിൽ കഴിയുന്നവർക്കു വേണ്ടി, ദയാവായ്പിനായി ഞാൻ യാചിക്കുന്നു. / അങ്ങയുടെ ഹൃദയം തുറന്ന് അവരുടെ കുറ്റങ്ങൾ ക്ഷമിക്കുന്നതിനായി, /എന്റെ സ്വന്തം സഹനങ്ങളും പ്രയാസങ്ങളും അങ്ങേയ്ക്ക് ഞാൻ കാഴ്ച സമർപ്പിക്കുന്നു. /ആത്മാവിൽ ദുഷ്ട ലക്ഷ്യങ്ങളുള്ളവരെ എല്ലാവരേയും/ അങ്ങയുടെ വിലയേറിയ തിരുരക്തത്താൽ പൊതിയേണമേ എന്ന് ഞാൻ യാചിക്കുന്നു. /അങ്ങനെ, അവരുടെ അകൃത്യങ്ങളിൽ നിന്നും അവർ കഴുകി വെടിപ്പായിത്തീരുവാനിടയാകട്ടെ. ആമ്മേൻ.

### 81. ദിവ്യകാരുണ്യത്തിന്റെ ദാനത്തിനായി

ഓ സ്വർഗ്ഗീയ അപ്പമേ,/ എന്റെ ശരീരത്തിനാവശ്യമായ പോഷകങ്ങളാൽ അതിനെ നിറയ്ക്കേണമേ. /യേശുക്രിസ്തുവിന്റെ ദിവ്യ സാന്നിദ്ധ്യത്താൽ, എന്റെ ആത്മാവിനെ നിറയ്ക്കേണമേ./ ദൈവത്തിന്റെ തിരുഹിതം നിറവേറ്റുവാനുള്ള കൃപ എനിക്ക് നൽകേണമേ./ അങ്ങയുടെ തിരുസാന്നിദ്ധ്യത്തിൽ നിന്ന് നിർഗ്ഗളിക്കുന്ന /ശാന്തിയും സമാധാനവും കൊണ്ട് എന്നെ നിറയ്ക്കേണമേ./ അങ്ങയുടെ സാന്നിദ്ധ്യം ഒരിക്കലും സംശയിക്കുവാനിടയാകാതിരിക്കട്ടെ. /ആത്മാവിലും ശരീരത്തിലും അങ്ങയെ സ്വീകരിക്കുവാൻ എന്നെ സഹായിക്കേണമേ. /അങ്ങനെ, ദിവ്യ കാരുണ്യത്തിലൂടെ എന്നിൽ ചൊരിഞ്ഞിരിക്കുന്ന കൃപകൾ,/ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തുവിന്റെ മഹിമ പ്രഘോഷിക്കുവാൻ സഹായിക്കുമാറാകട്ടെ. /എന്റെ ഹൃദയം ശുദ്ധീകരിക്കേണമേ. /ദിവ്യകാരുണ്യമാകുന്ന മഹാദാനം ഞാൻ സ്വീകരിക്കുമ്പോൾ, /എന്റെ ആത്മാവിനെ തുറന്നെന്നെ വിശുദ്ധീകരിക്കേണമേ./ എല്ലാ ദൈവമക്കളുടെയും മേൽ, ഇത് ചൊരിയുന്ന കൃപകളും അനുഗ്രഹങ്ങളും എനിക്കു നൽക്കേണമേ. /ശുദ്ധീകരണസ്ഥലത്തിലെ അഗ്നിയിൽ നിന്നും എനിക്ക് വിടുതൽ

പ്രദാനം ചെയ്യേണമേ. ആമ്മേൻ.

**82. ശിഷ്ട സഭയുടെ വിജയത്തിനായി**

ലോക രക്ഷിതാവും രാജാവുമായ ഈശോയേ, /എല്ലാവരോടും അങ്ങയുടെ മഹത്വം പ്രഘോഷിക്കുവാനായി /ഞങ്ങളുടെ ആദരവും, വിധേയത്വവും, ചെയ്തികളും അങ്ങേയ്ക്കു ഞങ്ങൾ പ്രതിഷ്ഠിക്കുന്നു./ എല്ലാ സമയത്തും ഉറച്ചുനിന്ന്, അങ്ങയുടെ സത്യം പ്രഘോഷിക്കുവാനുള്ള ആത്മവിശ്വാസവും ശക്തിയും നേടുവാനായി ഞങ്ങളെ സഹായിക്കേണമേ./ ആത്മാക്കളെ രക്ഷിക്കുവാനുള്ള പദ്ധതിയിൽ നിന്നും,/ വിജയ പാതയിലേക്കുള്ള പ്രയാണത്തിൽ നിന്നും, /വ്യതിചലിക്കുവാനോ, താമസം വരുത്തുവാനോ ഞങ്ങളെ അനുവദിക്കരുതേ./ ഞങ്ങളുടെ വിധേയത്വവും, ഹൃദയങ്ങളും, ഞങ്ങൾക്കുള്ളവയെല്ലാം അങ്ങേയ്ക്ക് ഞങ്ങൾ അടിയറ വയ്ക്കുന്നു. /അങ്ങനെ, പുതിയ പറുദീസായുടെ കവാടത്തിങ്കലേയ്ക്ക്,/ മുള്ളുകൾ നിറഞ്ഞ പാതയിലൂടെയുള്ള പ്രയാണത്തിൽ,/ ഞങ്ങളുടെ തടസ്സങ്ങളെല്ലാം നീങ്ങിപ്പോകുനവാനിടയാകട്ടെ./ ഞങ്ങളുടെ രക്ഷകനും വിമോചകനുമായ പ്രിയ ഈശോയേ,/ അങ്ങയെ ഞങ്ങൾ സ്നേഹിക്കുന്നു./ ഞങ്ങൾ, ശരീരത്തിലും, മനസ്സിലും, ആത്മാവിലും,/ ഞങ്ങളെത്തന്നെ അങ്ങയുടെ തിരുഹൃദയത്തിൽ ഒന്നിപ്പിക്കുന്നു. /അങ്ങയുടെ സംരക്ഷണത്തിന്റെ കൃപ ഞങ്ങളുടെമേൽ ഒഴുക്കേണമേ. /അങ്ങയുടെ വിലയേറിയ രക്തത്താൽ ഞങ്ങളെ മൂടേണമേ./ അങ്ങനെ, അങ്ങയുടെ പുതിയ രാജ്യത്തിന്റെ സത്യത്തെ, ധൈര്യപൂർവ്വം പ്രഘോഷിക്കുവാൻ, /സ്നേഹത്താലും ധൈര്യത്താലും നിറയുവാനിടയാകട്ടെ. ആമ്മേൻ.

**83. ശിക്ഷയുടെ ലഘൂകരണത്തിനായി**

ഓ പ്രിയ പിതാവേ, /അത്യുന്നതനായ ദൈവമേ, /സ്വർഗ്ഗത്തിലെ അങ്ങയുടെ മഹനീയ സിംഹാസനത്തിനു മുൻപിൽ /അങ്ങയുടെ എളിയ മക്കളായ ഞങ്ങൾ സ്രാഷ്ടാംഗപ്രണാമം ചെയ്യുന്നു. /ലോകത്തെ തിന്മയിൽ നിന്നും മോചിപ്പിക്കണമേയെന്ന് ഞങ്ങൾ യാചിക്കുന്നു. /ഭൂമിയിലൂള്ള അങ്ങയുടെ മക്കൾക്ക് /ഭീകരമായ ദുരിതങ്ങൾ വരുത്തിവയ്ക്കുന്ന ആത്മാക്കളുടെ മേൽ കരുണയായിരിക്കണമേയെന്ന് ഞങ്ങൾ യാചിക്കുന്നു. /അവരോട് ക്ഷമിക്കേണമേ. /തന്നെത്തന്നെ വെളിപ്പെടുത്തുമ്പോൾത്തന്നെ,/ എതിർക്രിസ്തുവിനെ നീക്കിക്കളയേണമേ./ അങ്ങയുടെ ശിക്ഷയുടെ കരത്തെ /ലഘൂകരിക്കേണമേയെന്ന്, /പ്രിയ കർത്താവേ, ഞങ്ങൾ അങ്ങയോട് യാചിക്കുന്നു. /അതിനു പകരമായി, ഈ നേരത്ത്, അങ്ങയുടെ മക്കളുടെ സഹനങ്ങളെ ലഘൂകരിക്കുന്നതിനായി,/ ഞങ്ങളുടെ പ്രാർത്ഥനകളും സഹനങ്ങളും സ്വീകരിക്കേണമേയെന്ന് ഞങ്ങൾ യാചിക്കുന്നു. /ഞങ്ങൾ അങ്ങിൽ ശരണപ്പെടുന്നു./ ഞങ്ങൾ അങ്ങയെ ബഹുമാനിക്കുന്നു./ ഞങ്ങളെ പാപത്തിൽ നിന്നും രക്ഷിക്കുവാനായി,/ അങ്ങയുടെ പ്രിയ പുത്രനായ യേശുക്രിസ്തുവിനെ അയച്ചതിലൂടെ,/ അങ്ങ് ചെയ്ത വലിയ ബലിദാനത്തിന് ഞങ്ങൾ നന്ദി പറയുന്നു. /മാനവരാശിയുടെ രക്ഷകനായി,/ അങ്ങയുടെ പ്രിയപുത്രനെ ഒരിക്കൽകൂടി ഞങ്ങൾ സ്വാഗതം ചെയ്യുന്നു./ ഞങ്ങളെ സംരക്ഷിക്കേണമേ./ ഉപദ്രവങ്ങളിൽ നിന്നും ഞങ്ങളെ കാക്കേണമേ./ ഞങ്ങളുടെ കുടുംബങ്ങളെ സഹായിക്കേണമേ./ ഞങ്ങളുടെ മേൽ കരുണയായിരിക്കേണമേ. ആമ്മേൻ.

**84. ലോകത്തെ ഭരിക്കുന്ന പ്രമാണിമാരുടെ ആത്മാക്കളെ പ്രകാശിപ്പിക്കുവാൻ**

ഓ പ്രിയ ഈശോയേ, / ലോകത്തെ ഭരിക്കുന്ന പ്രമാണിമാരുടെ ആത്മാക്കളെ പ്രകാശിപ്പിക്കണമേയെന്ന് ഞാൻ യാചിക്കുന്നു. /അങ്ങയുടെ കരുണയുടെ തെളിവ് അവർക്ക് കാണിച്ചുകൊടുക്കേണമേ. /അവരുടെ പാപങ്ങൾക്കായി അങ്ങ് മരണം വരിച്ചപ്പോൾ, /അങ്ങയുടെ കുരിശുമരണത്തിലൂടെ, അങ്ങുകാണിച്ച മഹത്തായ ബലിദാനത്തിന്റെ ബഹുമാനാർത്ഥം,/ അവരുടെ ഹൃദയം തുറന്ന്, യഥാർത്ഥ എളിമ പ്രകടിപ്പിക്കുവാൻ അവരെ സഹായിക്കേണമേ./ അവരുടെ യഥാർത്ഥ സ്രഷ്ടാവ് ആരെന്ന് മനസ്സിലാക്കുവാൻ അവരെ സഹായിക്കേണമേ. /സത്യം മനസ്സിലാക്കുവാനുള്ള കൃപകൊണ്ട് അവരെ നിറയ്ക്കേണമേ./ പ്രതിരോധ കുത്തിവയ്പ്, /ഭക്ഷണ ദൗർലഭ്യത,/ നിഷ്കളങ്കരായ കുഞ്ഞുങ്ങളുടെ നിർബന്ധിത ദത്തെടുക്കൽ, /കുടുംബങ്ങളുടെ വിഘടീകരണം മുതലായവ നടപ്പാക്കി,/ അനേക ലക്ഷം ജനങ്ങളെ ദ്രോഹിക്കുവാനുള്ള /അവരുടെ പദ്ധതി നടപ്പാക്കുന്നത് തടയേണമേ./ അങ്ങയുടെ പ്രകാശത്താൽ മൂടി, അങ്ങയുടെ ഹൃദയത്തിലേക്കവരെ സ്വീകരിച്ച്, /ദുഷ്ടന്റെ പിടിയിൽ നിന്നും അവരെ രക്ഷിക്കേണമേ. ആമ്മേൻ.

**85. വഞ്ചകന്റെ കയ്യിൽ നിന്നും അമേരിക്കയെ രക്ഷിക്കുവാൻ.**

ഓ പ്രിയ ഈശോയേ, /അങ്ങയുടെ വിലയേറിയ സംരക്ഷണത്താൽ, ഞങ്ങളുടെ രാഷ്ട്രത്തെ പൊതിയേണമേ./ ദൈവകൽപ്പനകൾക്കെതിരായുള്ള ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോട് ക്ഷമിക്കേണമേ. /അമേരിക്കൻ ജനത ദൈവത്തിങ്കലേയ്ക്കു തിരിയുവാൻ അവരെ സഹായിക്കേണമേ./ കർത്താവിന്റെ സത്യപാതയിലേക്ക് അവരുടെ മനസ്സിനെ തുറക്കേണമേ./ അങ്ങയുടെ കരുണാഹസ്തത്തെ സ്വാഗതം ചെയ്യുവാൻ തക്കവിധം/ അവരുടെ കഠിനമായ ഹൃദയത്തെ തുറക്കേണമേ./ അങ്ങയുടെ സാന്നിദ്ധ്യത്തെ നിരസിക്കുവാനായി, /ഞങ്ങളുടെമേൽ നിർബന്ധപൂർവ്വം അടിച്ചേൽപിക്കപ്പെടുന്ന ദൈവദൂഷണത്തിനെതിരെ നിൽക്കുവാൻ/ ഈ രാഷ്ട്രത്തെ സഹായിക്കേണമേ. / ഞങ്ങളെ രക്ഷിക്കണമേയെന്നും, /എല്ലാ ഉപദ്രവങ്ങളിൽ നിന്നും സംരക്ഷിക്കണമേയെന്നും,/ ഞങ്ങളുടെ ജനങ്ങളെ അങ്ങയുടെ തിരുഹൃദയത്തിലേയ്ക്ക് ആലിംഗനം ചെയ്യണമെയെന്നും, /ഈശോയേ, അങ്ങയോട് ഞങ്ങൾ കേണപേക്ഷിക്കുന്നു. ആമ്മേൻ.

**86. സംശയത്തിന്റെ വേദനയിൽ നിന്നും മുക്തനാക്കേണമേ.**

പ്രിയ ഈശോയേ, /കുഴഞ്ഞുമറിഞ്ഞും, നിശ്ചയമില്ലായ്മയും നിരാശയും നിറഞ്ഞും അങ്ങയുടെ മുൻപിൽ വരുന്നു./ എന്തുകൊണ്ടെന്നാൽ, /ഈ സന്ദേശങ്ങളിലൂടെ, അങ്ങു പ്രഘോഷിക്കുന്ന സത്യത്തെക്കുറിച്ച് ഞാൻ ആശങ്കാകുലനാണ്. /ഞാൻ അങ്ങേയ്ക്കെതിരെ തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ, എന്നോട് ക്ഷമിക്കേണമേ. /എനിക്കങ്ങയെ ശ്രവിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ എന്നോട് ക്ഷമിക്കേണമേ. /അങ്ങെനിക്ക് മനസ്സിലാക്കിത്തരുവാൻ ശ്രമിക്കുന്നത് വ്യക്തമായി കാണുവാൻ/ എന്റെ നയനങ്ങളെ തുറക്കേണമേ./ സത്യത്തെ ദർശിക്കുവാൻ, പരിശുദ്ധാത്മാവിന്റെ ശക്തിയെ എനിക്ക് നൽകേണമേയെന്ന് ഞാൻ യാചിക്കുന്നു./ ഈശോയേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു. /സന്ദേഹത്തിന്റെ പീഠനങ്ങളിൽ നിന്നും എന്നെ മോചിപ്പിക്കേണമേയെന്ന് ഞാൻ യാചിക്കുന്നു. /അങ്ങയുടെ വിളിയോട് പ്രത്യുത്തരിക്കുവാൻ എന്നെ സഹായിക്കേണമേ. /ഞാൻ അങ്ങയെ ഉപദ്രവിച്ചിട്ടുണ്ടെങ്കിൽ, എന്നോട് ക്ഷമിച്ച്, /എന്നെ അങ്ങയുടെ ഹൃദയത്തോട് കൂടുതൽ അടുപ്പിക്കേണമേ. ആമ്മേൻ.

**87. ഞങ്ങളുടെ രാഷ്ട്രത്തെ തിന്മയിൽ നിന്നുരക്ഷിക്കേണമേ.**

ഓ പിതാവേ,/ അങ്ങയുടെ പുത്രനെയോർത്ത്, ഞങ്ങളെ കമ്മ്യൂണിസത്തിൽ നിന്നും രക്ഷിക്കേണമേ. /സ്വേച്ഛാധിപത്യത്തിൽ നിന്നും രക്ഷിക്കേണമേ./ വിജാതീയതയിൽ നിന്നും ഞങ്ങളുടെ രാഷ്ട്രത്തെ സംരക്ഷിക്കേണമേ. /ഉപദ്രവങ്ങളിൽ നിന്നും ഞങ്ങളുടെ കുഞ്ഞുങ്ങളെ രക്ഷിക്കേണമേ./ ദൈവത്തിന്റെ പ്രകാശം ദർശിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ./ അങ്ങയുടെ പുത്രന്റെ പ്രബോധനങ്ങളിലേയ്ക്ക് ഞങ്ങളുടെ ഹൃദയങ്ങളെ തുറക്കേണമേ./ ദൈവവചനത്തോട് ആത്മാർത്ഥത പുലർത്തുവാൻ/ എല്ലാ സഭകളേയും സഹായിക്കേണമേ. /പീഠനങ്ങളിൽ നിന്നും ഞങ്ങളുടെ രാഷ്ട്രങ്ങളെ/ കാത്തു സൂക്ഷിച്ചുകൊള്ളേണമേയെന്ന് അങ്ങയോടു ഞങ്ങൾ യാചിക്കുന്നു. /പ്രിയമുള്ള കർത്താവേ,/ ഞങ്ങൾ അങ്ങയെ എത്രമാത്രം ദ്രോഹിച്ചാലും, /ഞങ്ങളെ കരുണാപൂർവ്വം കടാക്ഷിക്കേണമേ. /ഈശോയേ, മനുഷ്യപുത്രാ, /അങ്ങയുടെ വിലയേറിയ രക്തത്താൽ ഞങ്ങളെ മൂടേണമേ. /ദുഷ്ടന്റെ പിടിയിൽ നിന്നും ഞങ്ങളെ രക്ഷിക്കേണമേ./ പ്രിയ ദൈവമേ, / ഈ നേരത്ത്, /തിന്മ ലോകത്തിൽ വലയം ചെയ്യുന്നത് തടയുവാനായി, /അങ്ങ് ഇടപെടണമേയെന്ന് ഞങ്ങൾ കേണപേക്ഷിക്കുന്നു. ആമ്മേൻ.

**88. മുന്നറിയിപ്പിനുശേഷം, ആത്മാക്കൾക്കായി**

ഓ ഈശോയുടെ തിരുഹൃദയമേ, /എളിയ പാപികളായ ഞങ്ങളെല്ലാവരുടേയും മേൽ കരുണയായിരിക്കേണമേ./ മാർഗ്ഗോപദേശം തേടുവാൻ മടികാണിക്കുന്ന /കഠിനഹൃദയരായവരുടെ ഹൃദയത്തെ പ്രകാശിപ്പിക്കേണമേ./ അവരുടെ അകൃത്യങ്ങൾ ക്ഷമിക്കേണമേ./ അങ്ങയുടെ വിമോചനത്തിന്റെ വലിയ വരം,/ അവരുടെ ഹൃദയത്തിൽ ദർശിച്ച്, /അതിനെ ഗ്രഹിക്കുവാൻ, /അങ്ങയുടെ സ്നേഹത്താലും കരുണയാലും അവരെ സഹായിക്കേണമേ./ ദൈവത്തിന്റെ സത്യത്തെ നിരസിക്കുന്ന എല്ലാ ആത്മാക്കളോടും /ക്ഷമിക്കണമേ എന്ന് ഞാൻ അങ്ങയോട് കേണപേക്ഷിക്കുന്നു. / പ്രിയ ഈശോയേ, /അങ്ങയുടെ പ്രകാശത്താൽ അവരെ മൂടേണമേ. /അങ്ങനെ, അവരെ അങ്ങിൽ

നിന്നും എന്നെന്നേയ്ക്കുമായി മുറിച്ചു മാറ്റുവാൻ ശ്രമിക്കുന്ന,/ പിശാചിന്റെ ദുഷ്ടതയിൽ നിന്നും പിടിയിൽ നിന്നും, /അത് അവരെ തടയുമാറാകട്ടെ./ അങ്ങയുടെ വലിയ കരുണയ്ക്ക് /കൃതജ്ഞതയുള്ളവരായിരിക്കുവാനുള്ള ശക്തി, /അങ്ങയുടെ എല്ലാ മക്കൾക്കും നൽകണമേയെന്ന് ഞാൻ യാചിക്കുന്നു. /നിസ്സഹായതയിലും നിരാശയിലും /ഭൂമിയിൽ അലയുന്ന നഷ്ടപ്പെട്ട എല്ലാ ആത്മാക്കൾക്കുവേണ്ടിയും,/ അങ്ങയുടെ രാജ്യത്തിലേയ്ക്കുള്ള വാതിൽ തുറക്കണമേയെന്ന് ഞാൻ യാചിക്കുന്നു. ആമ്മേൻ.

**89. എളിയ പാപികൾക്കായി**

പ്രിയ ഈശോയേ, /ആത്മാവിൽ അനുതാപത്തോടുകൂടി, അങ്ങയുടെ അടുത്തുവരുന്ന, /എളിയവനും, തിരസ്കൃതനുമായ പാപിയായ എന്നെ സഹായിക്കേണമേ. /എന്റ ജീവൻ നശിക്കുവാനിടയായ പാപങ്ങളിൽ നിന്നും എന്നെ ശുദ്ധീകരിക്കേണമേ./ പാപത്തിന്റെ വിലങ്ങുകളില്ലാത്തതും, /പാപങ്ങളാൽ എനിക്ക് നിരസിക്കപ്പെടുന്ന സ്വാതന്ത്ര്യവും, / ഒരു പുതുജീവനിലൂടെ എനിക്ക് നൽകേണമേ./ അങ്ങയുടെ കരുണയുടെ പ്രകാശത്താൽ എന്നെ നവീകരിക്കേണമേ./ അങ്ങയുടെ ഹൃദയത്തോട് എന്നെ ആലിംഗനം ചെയ്യേണമേ. /എനിക്ക് അങ്ങയോടുള്ള സ്നേഹം ജ്വലിക്കുകയും,/ ഞാൻ അങ്ങയോട് ചേർന്നിരിക്കുകയും ചെയ്യും വിധം,/ ഞാൻ അങ്ങയുടെ സ്നേഹം അനുഭവിക്കുവാനിടയാകട്ടെ. /ഈശോയേ, എന്റെമേൽ കരുണയായിരിക്കേണമേ. /പാപത്തിൽ നിന്നും എന്നെ മുക്തനാക്കേണമേ./ അങ്ങയുടെ പുതിയ പറുദീസായിൽ പ്രവേശിക്കുവാൻ എന്നെ യോഗ്യനാക്കേണമേ. ആമ്മേൻ.

**90. മഹത്വപൂർണ്ണമായ രണ്ടാം വരവിനുള്ള കൃതജ്ഞത.**

ഓ എന്റെ ഈശോയേ, /അങ്ങയുടെ മഹത്വപൂർണ്ണമായ രണ്ടാം വരവിനുള്ള കൃതജ്ഞതയും പുകഴ്ചയും, /അങ്ങേയ്ക്ക് ഞാൻ കാഴ്ച വയ്ക്കുന്നു. /എന്റെ രക്ഷകാ, /അങ്ങ് എന്നെ പാപത്തിൽ നിന്നും മോചിതനാക്കുവാനും, /എനിക്ക് നിത്യജീവൻ നൽകാനുമാണ് ജനിച്ചത്. /ഞാൻ, എന്റെ ആത്മാവിനെ,/ അങ്ങയുടെ മഹത്തായ ആഗമനത്തിന് ഒരുക്കുമ്പോൾ, /എന്റെ സ്നേഹവും, കൃതജ്ഞതയും, ആരാധനയും/ അങ്ങേയ്ക്കു ഞാൻ കാഴ്ചവയ്ക്കുന്നു. ആമ്മേൻ.

**91. എന്നെ എന്റെ വിശ്വാസത്തിൽ ഉറപ്പിച്ചുനിർത്തേണമേ.**

ഓ അനുഗ്രഹീതയായ രക്ഷയുടെ മാതാവേ,/ ഞാൻ തിന്മയെ അഭിമുഖീകരിക്കുമ്പോൾ, / എന്റെ ആവശ്യ നേരത്ത് എന്നെ സംരക്ഷിക്കേണമേ./ ആത്മാവിൽ ഭയം കൂടാതെ, /ശക്തിയോടും ധൈര്യത്തോടും കൂടി, ദൈവ വചനത്തെ കാത്തുസൂക്ഷിക്കുവാൻ എന്നെ സഹായിക്കേണമേ. / ക്രിസ്തുവിന്റെ പ്രബോധനങ്ങളോട് ഞാൻ വിധേയത്വമുള്ളവനായിരിക്കുവാനും,/ അങ്ങനെ, എന്റെ ഭീതിയും, ആകുലതകളും ദുഖവും പൂർണ്ണമായും അടിയറവയ്ക്കുവാനും പ്രാർത്ഥിക്കേണമേ./ ദൈവത്തിന്റെ ശത്രുക്കൾ ഈ ദൗത്യം അസാദ്ധ്യമാക്കുമ്പോൾ പോലും,/ ദൈവത്തിന്റെ തിരുവചനത്തിന്റെ സത്യം പ്രഘോഷിക്കുവാനായി, /ഈ ഏകാന്തപാതയിൽ, ഭയം കൂടാതെ മുന്നോട്ടുപോകുവാൻ എന്നെ സഹായിക്കേണമേ. /ഓ അനുഗ്രഹീതയായ അമ്മേ,/ പീഠനങ്ങളുടെ എല്ലാ നേരത്തും /എല്ലാ ക്രിസ്ത്യാനികളുടെയും വിശ്വാസം ദൃഢമായിരിക്കുവാൻ, /അങ്ങ് മാദ്ധ്യസ്ഥം വഹിക്കേണമേ. ആമ്മേൻ.

**92. നിലനിൽപ്പിന്റെ വരത്തിനായി**

ഓ പ്രിയ ഈശോയേ, /നിലനിൽപ്പിന്റെ വരത്തിനായി ഞാൻ യാചിക്കുന്നു./ അങ്ങയുടെ തിരുവചനം ഉയർത്തിപ്പിടിക്കുവാനാവശ്യമായ വരം /എന്റെമേൽ ചൊരിയേണമേയെന്ന് ഞാൻ യാചിക്കുന്നു./ വലിച്ചിഴയ്ക്കുന്ന സംശയങ്ങളിൽ നിന്നും /എന്നെ മോചിപ്പിക്കേണമേയെന്ന് അങ്ങയോട് ഞാൻ യാചിക്കുന്നു. /ദയയും, ക്ഷമയും, നിലനിൽപിന്റെ വരവും കൊണ്ട് എന്റെ ആത്മാവിനെ നിറയ്ക്കേണമേ എന്ന് ഞാൻ യാചിക്കുന്നു. /അങ്ങയുടെ തിരുനാമം നിമിത്തം ഞാൻ നിന്ദിതനാകുമ്പോൾ, /ഞാൻ അഭിമാനപൂർവ്വം നിൽക്കുവാൻ എന്നെ സഹായിക്കേണമേ. /മാനവരാശിയുടെ രക്ഷയ്ക്കായി, അങ്ങയെ സഹായിക്കുവാൻ ഞാൻ അക്ഷീണപ്രയത്നം ചെയ്യുമ്പോൾ,/ മുന്നോട്ടുള്ള പാതയിൽ, ക്ലേശങ്ങൾ അഭിമുഖീകരിക്കേണ്ടിവരുമ്പോഴും, /ശക്തി ക്ഷയിച്ച് ക്ഷീണിതനാ

യിരിക്കുമ്പോൾ പോലും, /മുന്നോട്ട് തുടർന്നുപോകുവാൻ, /അങ്ങയുടെ കൃപകൊണ്ട് എന്നെ നിറച്ച് ശക്തനാക്കേണമേ. ആമ്മേൻ.

**93. മാനസാന്തരത്തിന്റെ കണ്ണീരിനായി**

ഓ എന്റെ സ്നേഹമുള്ള ഈശോയേ,/ അങ്ങ് എന്റെ ഹൃദയത്തോട് വളരെ ചേർന്നിരിക്കുന്നു. /ഞാൻ അങ്ങയോടൊന്നാകുന്നു./ ഞാൻ അങ്ങയെ സ്നേഹിക്കുന്നു. /ഞാൻ അങ്ങയെ ഹൃദയത്തിൽ വഹിക്കുന്നു. /ഞാൻ അങ്ങയുടെ സ്നേഹം അനുഭവിക്കുവാനിടയാകട്ടെ./ ഞാൻ അങ്ങയുടെ വേദന അനുഭവിക്കുവാനിടയാകട്ടെ. /ഞാൻ അങ്ങയുടെ സാന്നിധ്യം അനുഭവിക്കുവാനിടയാകട്ടെ./ സ്വർഗ്ഗത്തിലെപ്പോലെ, അങ്ങയുടെ ഭൂമിയിലെ രാജ്യത്തിനും ഞാൻ യോഗ്യനായിത്തീരുവാൻ, /വിനയത്തിനുള്ള കൃപ എനിക്ക് നൽകേണമേ./ ജീവിക്കുന്നവരേയും മരിച്ചവരേയും വിധിക്കുവാനായി, അങ്ങ് വീണ്ടും വരുന്നതിനുമുമ്പ്,/ ഭൂമിയിലുള്ള ഓരോ ആത്മാവിനേയും രക്ഷിക്കുവാനുള്ള അങ്ങയുടെ ദൗത്യത്തിൽ /അങ്ങയെ സഹായിക്കുവാനായി,/ എന്നെ ആത്മാർത്ഥമായി അങ്ങേയ്ക്ക് സമർപ്പിക്കുവാൻ, /മാനസാന്തരത്തിനുള്ള കണ്ണീർക്കണങ്ങൾ എനിക്ക് നൽകേണമേ. ആമ്മേൻ.

**94. മനസ്സിനെ, ശരീരത്തെ, ആത്മാവിനെ, സുഖമാക്കുവാൻ**

ഓ പ്രിയ ഈശോയേ, /ഞാൻ ക്ഷീണിതനായും, രോഗിയായും, വേദനിക്കുന്നവനായും, /അങ്ങയുടെ സ്വരം ശ്രവിക്കുവാനുള്ള ആത്മാർത്ഥമായ അഭിവാഞ്ചയോടും കൂടി,/ അങ്ങയുടെ മുമ്പിൽ എന്നെത്തന്നെ അടിയറവയ്ക്കുന്നു. /അങ്ങയുടെ ദിവ്യ സാന്നിധ്യത്താൽ ഞാൻ സ്പർശിക്കപ്പെടുവാനിടയാകട്ടെ. /അങ്ങനെ, എന്റെ മനസ്സും, ശരീരവും, ആത്മാവും /അങ്ങയുടെ ദിവ്യ പ്രകാശത്താൽ മുഖരിതമാകട്ടെ./ അങ്ങയുടെ കരുണയിൽ ഞാൻ ശരണപ്പെടുന്നു. /എന്റെ വേദനയും, സഹനവും പൂർണ്ണമായും അങ്ങയുടെ മുമ്പിൽ അടിയറവയ്ക്കുന്നു. /അങ്ങിൽ ശരണപ്പെടുന്നതിനുള്ള കൃപ എനിക്കു നൽകണമേയെന്ന് ഞാൻ യാചിക്കുന്നു./ അങ്ങനെ, എന്നിലെ ഈ വേദനയും അന്ധകാരവും സുഖമാക്കുവാൻ അങ്ങേയ്ക്ക് സാധിക്കട്ടെ; /ഞാൻ പൂർണ്ണനാക്കപ്പെടട്ടെ;/ സത്യത്തിന്റെ പാത പിൻതുടരുവാൻ എനിക്ക് സാധിക്കട്ടെ; /പുതിയ പറുദീസായിലുള്ള ജീവിതത്തിലേക്ക് അങ്ങെന്നെ നയിക്കുവാനിടയാകട്ടെ. ആമ്മേൻ.

**95. പ്രാർത്ഥനയ്ക്ക് സമയം കണ്ടുപിടിക്കുവാൻ സഹായത്തിന്.**

ഓ രക്ഷയുടെ മാതാവേ, /ഞാൻ പ്രാർത്ഥനയ്ക്കായി സമയം കണ്ടുപിടിക്കുവാൻ ക്ലേശിക്കുമ്പോൾ, എന്റെ സഹായത്തിന് എത്തേണമേ./ അങ്ങയുടെ പ്രിയ സുതനായ യേശുക്രിസ്തുവിന്, /അവിടുന്ന് അർഹിക്കുന്നതായ എന്റെ സമയം നൽകി സഹായിച്ച്,/ ഞാൻ അവിടുത്തെ എത്രമാത്രം സ്നേഹിക്കുന്നുവെന്ന് കാട്ടേണമേ. /എന്റെ അനുഗ്രഹീതയും, രക്ഷയുടെ മാതാവുമായ അങ്ങ്, /എനിക്കാവശ്യമായ കൃപ നേടിത്തരണമേയെന്നും,/ എനിക്കാവശ്യമായ എല്ലാവിധ കൃപയും അനുഗ്രഹവും, /അങ്ങയുടെ പ്രിയസുതനിൽ നിന്നും പ്രാപിച്ചു തരണമേയെന്നും /അങ്ങയോട് ഞാൻ യാചിക്കുന്നു. /അങ്ങനെ, തന്റെ തിരുഹൃദയത്തിന്റെ മടിത്തട്ടിലേയ്ക്ക്,/ അങ്ങയുടെ പ്രിയ സുതൻ എന്നെ സ്വീകരിക്കുമാറാകട്ടെ. ആമ്മേൻ.

**96. നമ്മുടെ ക്രൂസേഡ് പ്രാർത്ഥനാ ഗ്രൂപ്പിനെ അനുഗ്രഹിക്കുവാനും സംരക്ഷിക്കുവാനും**

ഓ എന്റെ പ്രിയ ഈശോയേ, /ആത്മാക്കളെ രക്ഷിക്കുവാനായുള്ള ഈ വിശുദ്ധ ദൗത്യത്തിൽ, /ഞങ്ങളെ ഉപദ്രവിച്ചേക്കാവുന്ന പിശാചിനെയും ദുഷ്ടാത്മാക്കളെയും പ്രതിരോധിക്കുവാൻ, /ഈ പ്രാർത്ഥനാഗ്രൂപ്പിലുള്ള ഞങ്ങളെ, സംരക്ഷിക്കുകയും അനുഗ്രഹിക്കുകയും ചെയ്യേണമേ. /ലോകത്തിനുമുമ്പാകെ, അങ്ങയുടെ തിരുനാമം കാത്തുസൂക്ഷിക്കുന്നതിൽ, ഞങ്ങൾ ശക്തരും വിധേയത്വമുള്ളവരുമായിരിക്കട്ടെ. /അങ്ങയുടെ തിരുവചനത്തിന്റെ സത്യത്തെ പ്രചരിപ്പിക്കുന്ന ഈ യുദ്ധത്തിൽ നിന്നും /ഒരിക്കലും പിൻതിരിയുവാനിടയാകാതിരിക്കട്ടെ. ആമ്മേൻ.

**97. ക്രൂസേഡ് പ്രാർത്ഥനാഗ്രൂപ്പുകളെ ഒന്നിപ്പിക്കുന്നതിന്**

ഓ സ്നേഹമുള്ള രക്ഷയുടെ മാതാവേ,/ ലോകമാസകലമുള്ള /ദൈവത്തിന്റെ എല്ലാ ശിഷ്ടസൈന്യത്തേയും /അങ്ങയുടെ പ്രാർത്ഥനയാൽ ഒന്നിപ്പിക്കണമേയെന്ന് ഞാൻ യാചിക്കുന്നു. /

അങ്ങയുടെ പുത്രനായ യേശുക്രിസ്തുവിന്റെ കരുണയിലൂടെ,/ ഞങ്ങളുടെമേൽ ചൊരിയപ്പെടുന്ന രക്ഷയുടെ കൃപയാൽ, /എല്ലാ ക്രൂസേഡ് പ്രാർത്ഥനാഗ്രൂപ്പുകളെയും മൂടേണമേ. /ഞങ്ങളെ ഓരോരുത്തരേയും,/ പ്രത്യേകിച്ച്, ക്രൂസേഡ് പ്രെയർ ഗ്രൂപ്പുകൾ നയിക്കുന്ന വൈദികരേയും, സംരക്ഷിക്കുവാനായി /അങ്ങയുടെ മാലാഖമാരെ അയയ്ക്കേണമേ. ആമ്മേൻ.

### 98. ലോക നേതാക്കൾ ദൈവകൃപയാൽ നിറയുവാൻ

ഓ എന്റെ അനുഗ്രഹീതയായ രക്ഷയുടെ മാതാവേ, /ലോകത്തെ നിയന്ത്രിക്കുന്ന നേതാക്കന്മാരുടെമേൽ /തന്റെ കൃപയൊഴുക്കണമേയെന്ന് /അങ്ങയുടെ പുത്രനോട് അപേക്ഷിക്കേണമേ. /ദൈവത്തിന്റെ പ്രകാശം, അവരുടെ അന്ധതയെ സുഖപ്പെടുത്തുകയും, /കഠിനഹൃദയത്തെ തുറക്കുകയും ചെയ്യുവാനായി പ്രാർത്ഥിക്കേണമേ./ നിഷ്കളങ്കരായ ജനങ്ങളുടെമേൽ പീഠനം അടിച്ചേൽപ്പിക്കുന്നതിൽ നിന്നും അവരെ തടയേണമേ./ ഈശോ അവരെ നയിക്കുന്നതിനായും, /തന്റെ സത്യപ്രബോധനങ്ങൾ ലോകമെമ്പാടുമുള്ള രാജ്യങ്ങളിൽ/ പ്രചരിക്കുന്നത് നിയന്ത്രിക്കുന്നതിൽ നിന്നും /അവരെ തടയുവാനും പ്രാർത്ഥിക്കേണമേ. ആമ്മേൻ.

### 99. ഓസ്ട്രേലിയായുടെയും, ന്യൂസിലാൻഡിന്റെയും രക്ഷയ്ക്ക്.

ഓ ദൈവമേ, /സർവ്വശക്തനായ പിതാവേ,/ അങ്ങയുടെ പ്രിയപുത്രനായ യേശുക്രിസ്തുവിന്റെ നാമത്തിൽ, /ഓസ്ട്രേലിയായിലും ന്യൂസിലാൻഡിലുമുള്ള അങ്ങയുടെ എല്ലാ മക്കളുടെയും മേൽ കരുണയായിരിക്കേണമേ. /അങ്ങയുടെ തിരുവചനത്തോട്, ഞങ്ങൾ ചെയ്യുന്ന തിരസ്കരണം, ഞങ്ങളോട് ക്ഷമിക്കേണമേ./ നിസ്സംഗത എന്ന പാപം ഞങ്ങളോട് ക്ഷമിക്കേണമേ./ വിജാതീയ സംസ്കാരത്തിൽ നിന്നും ഞങ്ങളെ മുക്തരാക്കേണമേ. /ഞങ്ങളുടെ സഹോദരന്മാരിലും സഹോദരിമാരിലും/ പ്രത്യാശയും, വിശ്വാസവും, അനുകമ്പയും/ പ്രേരകമാകുന്നതിനാവശ്യമായ കൃപകൊണ്ട് ഞങ്ങളെ പൊതിയേണമേ. /വിവേചനത്തിന്റെ വരത്തിനായി ഞങ്ങൾ യാചിക്കുന്നു./ അങ്ങയുടെ തിരുവചനത്തിന്റെ സത്യം മാത്രം കേൾക്കുക, / എല്ലാ ആത്മാക്കൾക്കും നിത്യജീവന്റെ താക്കോൽ നൽകപ്പെടുക,/ എന്നിവ ഉറപ്പുവരുത്തുന്നതിനാവശ്യമായ അനുഗ്രഹങ്ങൾ/ ഞങ്ങളുടെമേൽ വർഷിക്കണമേയെന്ന് ഞങ്ങൾ യാചിക്കുന്നു. ആമ്മേൻ.

### 100. ക്രിസ്തുമതത്തിന്റെ അതിജീവനത്തിനായി

ഓ പ്രിയ ഈശോയേ,/ അവസാനത്തെ യഥാർത്ഥ മാർപ്പാപ്പാ,/ അങ്ങേയ്ക്കുവേണ്ടിയുള്ള തന്റെ ദൗത്യം പൂർത്തീകരിക്കുന്ന ഈ നേരത്ത്, /ഞങ്ങൾ അഭിമുഖീകരിക്കുന്ന പരീക്ഷണങ്ങളെ അതിജീവിക്കുവാനുള്ള ശക്തിക്കായി, /ഞങ്ങൾ കേണപേക്ഷിക്കുന്നു./ ഞങ്ങൾ മുൻകൂട്ടിത്തന്നെ അറിഞ്ഞിരുന്ന, / സഭയ്ക്കുണ്ടാകുന്ന തകർച്ച മൂലം,/ ഞങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്ന ഭീകരമായ അധിക്ഷേപങ്ങളെ /അതിജീവിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. /അങ്ങയുടെ തിരുവചനത്തിന്റെ സത്യത്തിൽ നിന്നും വ്യതിചലിക്കുവാൻ /ഞങ്ങളെ ഒരിക്കലും അനുവദിക്കരുതേ. /അങ്ങേയ്ക്കെതിരേയും, /അങ്ങ് ലോകത്തിനേകിയ കൂദാശകൾക്കെതിരേയും പുറം തിരിയുവാൻ,/ ഞങ്ങളെ പ്രലോഭിപ്പിക്കുവാനായി, /എല്ലാ രൂക്ഷ വിമർശനങ്ങളും ഞങ്ങളുടെ ചുമലിൽ വച്ചുകെട്ടുമ്പോൾ, /നിശബ്ദരായിരിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ. /വ്യാജ പ്രവാചകനും, എതിർക്രിസ്തുവിനുമെതിരെ ഞങ്ങളെ സംരക്ഷിക്കുവാൻ, /ഞങ്ങൾക്കാവശ്യമായ ശക്തമായ സ്നേഹംകൊണ്ട്, /ഒരു പരിചയെന്നപോലെ, അങ്ങയുടെ സൈന്യത്തെ മൂടേണമേ. /അങ്ങയുടെ ഭൂമിയിലുള്ള സഭ വ്യാപിച്ച് /പതിന്മടങ്ങ് വർദ്ധിക്കുവാൻ സഹായിക്കേണമേ. /അങ്ങനെ, അവർ സത്യത്തോട് ചേർന്നിരിക്കുകയും,/ അങ്ങയുടെ രണ്ടാമത്തെ വരവിനായി, /ഞങ്ങളുടെ സഹോദരന്മാരേയും, സഹോദരിമാരേയും,/ സത്യത്തിന്റെ പാതയിൽ, ആവശ്യമാം വിധം ഒരുക്കുവാനായി, /അങ്ങയെ സഹായിക്കുവാനും ഇടയാകട്ടെ. ആമ്മേൻ.

### 101. ഈശോയുടെ സാന്നിദ്ധ്യം അനുഭവിക്കുവാൻ.

ഓ പ്രിയ സർവ്വശക്തനായ പിതാവേ,/ ഇപ്പോൾ ആയിരിക്കുന്നവയുടെയും, ഇനി ആയിരിക്കുവാനിരിക്കുന്നവയുടെയും സ്രഷ്ടാവേ, /തിരുസഭയിൽ അങ്ങയുടെ പ്രിയസുതന്റെ സാന്നിദ്ധ്യം മനസ്സിലാക്കുവാൻ കഴിയുന്ന എല്ലാവരെയും, /വളരെ ശക്തരാകുവാൻ സഹായിക്കേണമേ. /എന്റെ

രക്ഷകനും, അങ്ങയുടെ പ്രിയസുതനുമായ യേശുക്രിസ്തുവിനെ അനുഗമിക്കുമ്പോൾ,/ ഞാൻ എന്റെ പ്രിയപ്പെട്ടവരിൽ നിന്നും അനുഭവിക്കുന്ന/ ഭയത്തെയും, ഏകാന്തതയേയും, തിരസ്കാരത്തെയും അതിജീവിക്കുവാൻ എന്നെ സഹായിക്കേണമേ. /എല്ലാ ദൈവമക്കളെയും നശിപ്പിക്കുന്നതിനും, /അവരിൽ വിഭാഗീയതയും സർവ്വനാശവും സൃഷ്ടിക്കുന്നതിനും,/ സാത്താൻ വിഭാവനം ചെയ്തിരിക്കുന്ന വഞ്ചനയിൽ വിശ്വസിച്ച്, /ആ കുരുക്കിൽ വീഴുന്നതിൽ നിന്നും എന്റെ പ്രിയപ്പെട്ടവരെ കാത്തുകൊള്ളേണമേ./ അങ്ങയുടെ സഭയിൽ അശുദ്ധിയെ അനുകരിക്കുന്നവരെ/ നരകത്തിന്റെ നിത്യാഗ്നിയിൽ നിന്നും രക്ഷപെടുവാനായി സഹായിക്കേണമേ. ആമ്മേൻ.

### 102.ലോകത്തിനായുള്ള ദൈവത്തിന്റെ സന്ദേശത്തിൽ വിശ്വാസം നിലനിർത്തുന്നതിന്

പ്രിയ ഈശോയേ, /ഞാൻ വീണുപോകുമ്പോൾ എന്നെ പിടിച്ചുയർത്തേണമേ. /ഞാൻ സന്ദേഹത്തിലായിരിക്കുമ്പോൾ, എനിക്ക് അറിവു പകരേണമേ./ ഞാൻ ദുഖത്തിലായിരിക്കുവമ്പോൾ, അങ്ങയുടെ സ്നേഹം എനിക്ക് കാട്ടിത്തരേണമേ. /ഞാൻ വിമർശിക്കുമ്പോൾ, നിശ്ശബ്ദനായിരിക്കുവാൻ എന്നെ സഹായിക്കേണമേ./ ഞാൻ ബഹുജനമദ്ധ്യേ മറ്റൊരാളെ വിമർശിക്കുമ്പോൾ, എന്റെ അധരങ്ങളെ പൂട്ടേണമേ./ അങ്ങയുടെ നാമത്തിൽ ഞാൻ ദൈവദൂഷണം പറയുമ്പോൾ, / എന്നെ വീണ്ടെടുത്ത്, അങ്ങയുടെ സംരക്ഷണത്തിലേക്ക് എന്നെ തിരിച്ചുകൊണ്ടുവരേണമേ./ ഞാൻ നഷ്ടധൈര്യനാകുമ്പോൾ, യുദ്ധം ചെയ്ത് /അങ്ങ് അഭിലഷിക്കുന്ന ആത്മാക്കളെ രക്ഷിക്കുവാൻ ആവശ്യമായ ആയുധം എനിക്കു നൽകേണമേ./ ഞാൻ അങ്ങയുടെ സ്നേഹത്തെ എതിർക്കുമ്പോൾ,/ അങ്ങയുടെ സ്നേഹ പരിരക്ഷണയിൽ /ഞാൻ എന്നെത്തന്നെ പൂർണ്ണമായും അങ്ങേയ്ക്ക് അടിയറവച്ച് ഉപേക്ഷിക്കുവാൻ സഹായിക്കേണമേ./ ഞാൻ അകന്നുപോകുമ്പോൾ, സത്യത്തിന്റെ പാത കണ്ടുപിടിക്കുവാനായി എന്നെ സഹായിക്കേണമേ. /ഞാൻ അങ്ങയുടെ വചനത്തെ ചോദ്യം ചെയ്യുമ്പോൾ, ഞാൻ അന്വേഷിക്കുന്നതിന്റെ ഉത്തരം എനിക്ക് നൽകേണമേ. /അങ്ങയെ ശപിക്കുന്നവരോടുപോലും/ ക്ഷമയും സ്നേഹവും ദയയുമുള്ളവനായിരിക്കുവാൻ എന്നെ സഹായിക്കേണമേ. /എന്നെ ദ്രോഹിക്കുന്നവരോട് ക്ഷമിക്കുവാൻ എന്നെ സഹായിക്കേണമേ. /ലോകത്തിന്റെ അതിർത്തിവരെ, അങ്ങയെ അനുഗമിക്കുവാൻ ആവശ്യമായ കൃപ എനിക്കു നൽകേണമേ. ആമ്മേൻ.

### 103.ക്രിസ്തുവിനോടുകൂടി, സഹനത്തിന്റെ പാനപാത്രം പങ്കുവയ്ക്കുവാനായി.

(*സാധിക്കുമ്പോഴെല്ലാം ഈ പ്രാർത്ഥന മൂന്നു പ്രവശ്യം ഉരുവിടുക. ഉപവാസ നേരത്ത് കൂടുതൽ ഉചിതമായിരിക്കും.*)

പ്രിയ ഈശോയേ, എല്ലാവരുടെയും നന്മയ്ക്കായി,/ അങ്ങ് തിരുവുള്ളമാകുന്നത് നിറവേറ്റുവാനായി, /അങ്ങയുടെ പാദാന്തികത്തിൽ ഞാൻ കിടക്കുന്നു. /അങ്ങയുടെ സഹനത്തിന്റെ പാനപാത്രം ഞാൻ പങ്കുവയ്ക്കട്ടെ./ നഷ്ടപ്പെട്ടവരും, പ്രതീക്ഷയറ്റവരുമായ എളിയ ആത്മാക്കളെ രക്ഷിക്കുവാൻ, /എന്റെ ഈ സമ്മാനം അങ്ങ് സ്വീകരിക്കേണമേ./ അങ്ങയുടെ വേദന പങ്കുവയ്ക്കുവാനായി, എന്റെ ശരീരത്തെ അങ്ങ് സ്വീകരിക്കേണമേ./ എന്റെ ഹൃദയത്തെ അങ്ങയുടെ തിരുക്കരങ്ങളിൽ എടുത്ത്, /എന്റെ ആത്മാവിനെ അങ്ങയുടേതുമായി ഒന്നാക്കേണമേ. /എന്റെ ഈ സഹനത്തിലൂടെ, /അങ്ങയുടെ തിരുസ്സാന്നിദ്ധ്യം എന്റെ ആത്മാവിനെ ആലിംഗനം ചെയ്യുവാൻ ഞാൻ വിട്ടുതരുന്നു./ അങ്ങനെ, അങ്ങ് എല്ലാ ദൈവമക്കളെയും ഒന്നിപ്പിക്കുകയും,/ എല്ലാ പാപികളെയും വീണ്ടെടുക്കുകയും ചെയ്യുമാറാകട്ടെ. /എന്നും എന്നേയ്ക്കും. ആമ്മേൻ.

### 104.ആത്മാവിനെ അടിമത്വത്തിൽ നിന്നും സ്വതന്ത്രമാക്കുവാൻ

ഏറ്റവും പ്രിയമുള്ള ഈശോയേ,/ തങ്ങളുടെ ആത്മാവിനെ സാത്താനായി പരിത്യജിച്ച എന്റെ സഹോദരനെയും സഹോദരിയെയും /അങ്ങേയ്ക്ക് ഞാൻ കാഴ്ചവയ്ക്കുന്നു. /ഈ ആത്മാവിനെ സ്വീകരിച്ച്, അതിനെ അങ്ങയുടെ ദൃഷ്ടിയിൽ വീണ്ടെടുക്കേണമേ. /മൃഗത്തിന്റെ അടിമത്വത്തിൽ നിന്നും ഈ ആത്മാവിനെ മോചിപ്പിച്ച്,/ അതിന് നിത്യരക്ഷ നൽകേണമേ. ആമ്മേൻ.

### 105.അന്യരുടെ മാനസാന്തരത്തിനായുള്ള വരത്തിനുവേണ്ടി

ഓ എന്റെ ഏറ്റവും പ്രിയമുള്ള ഈശോയേ,/ എനിക്കങ്ങയോടുള്ള സ്നേഹത്താൽ,/ എന്റെ ആത്മാവിനെ, അങ്ങയോടൊന്നായി സ്വീകരിക്കേണമേ./ എന്റെ ആത്മാവിനെ സ്വീകരിച്ച്, അങ്ങ

യുടെ പരിശുദ്ധാത്മാവാൽ നിറക്കേണമേ./ ഞാൻ സമ്പർക്കം പുലർത്തുന്ന എല്ലാവരും, രക്ഷപ്രാപിക്കുവാൻ, /ഈ പ്രാർത്ഥനയിലൂടെ എന്നെ സഹായിക്കേണമേ. /ഞാൻ അഭിമുഖീകരിക്കുന്ന എല്ലാ ആത്മാക്കളെയും /അങ്ങയുടെ പരിശുദ്ധ കരുണയാൽ നിറയ്ക്കേണമേ. /അവർക്ക് അങ്ങയുടെ രാജ്യത്തിൽ പ്രവേശിക്കുന്നതിനാവശ്യമായ രക്ഷ നൽകേണമേ./ എന്റെ പ്രാർത്ഥന ശ്രവിക്കേണമേ. /എന്റെ പ്രാർത്ഥന ശ്രവിച്ച്, അങ്ങയുടെ കരുണയാൽ, /മാനവരാശിയുടെ മുഴുവൻ ആത്മാക്കളേയും /നാശത്തിൽ നിന്ന് രക്ഷിക്കേണമേ. ആമ്മേൻ.

### 106. ദൈവത്തെ അംഗീകരിക്കാത്ത യുവാക്കൾക്ക് കരുണക്കായി

പ്രിയ ഈശോയേ, /അങ്ങയെ അറിയാത്തവരും, അങ്ങയുടെ സ്നേഹത്തെ അംഗീകരിക്കാത്തവരും, /അങ്ങയുടെ വാഗ്ദാനം സ്വീകരിക്കാത്തവരുമായ ദൈവമക്കളുടെ ആത്മാക്കളെ/ അങ്ങയുടെ സംരക്ഷണത്തിൽ കൊണ്ടുവരേണമേ./ മാനസാന്തരത്തിന്റെ കൃപ ചൊരിഞ്ഞ് അവർക്ക് നിത്യ ജീവൻ നൽകേണമേ. /തങ്ങളുടെ പാപങ്ങളെക്കുറിച്ച് അനുതപിക്കാത്തവരും, /അങ്ങയുടെ സാന്നിധ്യത്തിൽ വിശ്വസിക്കാത്തവരുമായവരുടെയും മേൽ കരുണയായിരിക്കേണമേ. ആമ്മേൻ.

### 107. നരകാഗ്നിയിൽ നിന്നും എന്നെ രക്ഷിക്കേണമേ.

ഈശോയേ, ഞാനൊരു കഠിന പാപിയാണ്. /എന്റെ പ്രവർത്തികളിലൂടെ, മറ്റുള്ളവർക്ക് ഞാൻ അതികഠിനമായ സഹനങ്ങൾ വരുത്തിവച്ചിട്ടുണ്ട്. /അതിനാൽ ഞാൻ പുറന്തള്ളപ്പെട്ടിരിക്കുകയാണ്./ ഭൂമിയിലൊരിടത്തും എന്നെ സഹിഷ്ണുതയോടെ കാണുന്നില്ല. /ഈ മരുഭൂമിയിൽ നിന്നും എന്നെ രക്ഷിക്കുകയും, /തിന്മയുടെ പിടിയിൽ നിന്നും എന്നെ സംരക്ഷിക്കുകയും ചെയ്യേണമേ. /മനസ്തപിക്കുവാൻ എന്നെ അനുവദിക്കേണമേ. /എന്റെ പശ്ചാത്താപം സ്വീകരിക്കേണമേ. /അങ്ങയുടെ ശക്തികൊണ്ട് എന്നെ നിറയ്ക്കേണമേ. /നിരാശയുടെ ഗർത്തത്തിൽ നിന്നും ഉയർന്നുവരുവാൻ എന്നെ സഹായിക്കേണമേ./ അങ്ങയുടെ ആഗ്രഹത്തിനൊത്ത് എന്നെ നടത്തുവാൻ,/ എന്റെ സ്വതന്ത്ര മനസ്സിനെ, പ്രിയ ഈശോയേ,/ അങ്ങയെ ഞാൻ കയ്യേൽപ്പിക്കുന്നു./ അങ്ങനെ, നരകാഗ്നിയിൽ നിന്നും ഞാൻ രക്ഷപ്രാപിക്കുമാറാകട്ടെ. ആമ്മേൻ.

### 108. കാൽവരി മല കയറുന്നതിനായി

ഈശോയേ,/ എന്റെ പാപങ്ങൾക്കായി അങ്ങ് സഹിക്കേണ്ടി വന്ന കാൽവരി മല,/ അങ്ങയുടെ ശിഷ്ടസൈന്യത്തോടു ചേർന്ന്, ഉത്സാഹപൂർവ്വം കയറുവാനുള്ള /ധൈര്യവും, ശക്തിയും, മനോവീര്യവും സംഭരിക്കുവാൻ എന്നെ സഹായിക്കേണമേ. /ആത്മാക്കളെ രക്ഷിക്കുവാൻ അങ്ങയെ സഹായിക്കുവാനായി,/ അങ്ങയുടെ കുരിശും ഭാരവും വഹിക്കുവാനുള്ള ശക്തി എനിക്ക് നൽകേണമേ./ എന്റെ ബലഹീനതയിൽ നിന്നും എന്നെ മോചിതനാക്കേണമേ./ എന്റെ ഭീതിയെ ആട്ടിപ്പായിക്കേണമേ./ എന്റെ സന്ദേഹങ്ങളെ ദൂരീകരിക്കേണമേ./ സത്യത്തിന്റെ നേർക്ക് എന്റെ നയനങ്ങളെ തുറക്കേണമേ. /അഗാധമായ എളിമയുള്ള ഒരു ഹൃദയത്തോടെ, അങ്ങയുടെ കുരിശുവഹിച്ച് അങ്ങയെ അനുഗമിക്കുവാൻ, /എന്നെയും അങ്ങയുടെ വിളിക്ക് പ്രത്യുത്തരം നൽകുന്നവരെയും സഹായിക്കേണമേ. /അങ്ങനെ, എന്റെ ഈ മാതൃകാപരമായ പ്രവർത്തിയിലൂടെ, /മറ്റുള്ളവരും ഇതുപോലെ ചെയ്യുവാനുള്ള ധൈര്യം സംഭരിക്കുവാനിടയാകട്ടെ. ആമ്മേൻ.

### 109. ശരണത്തിനായുള്ള വരത്തിനായി

ഓ എന്റെ ഏറ്റവും പ്രിയ ഈശോയേ,/ അങ്ങിൽ ശരണപ്പെടുവാൻ എന്നെ സഹായിക്കേണമേ./ അങ്ങ് വീണ്ടും വരുമെന്നുള്ള അങ്ങയുടെ വാഗ്ദാനത്തിൽ ശരണപ്പെടുവാൻ, എന്നെ സഹായിക്കേണമേ. /അങ്ങയുടെ രണ്ടാമത്തെ വരവാകുന്ന സത്യത്തെ സ്വീകരിക്കുവാൻ സഹായിക്കേണമേ./ അങ്ങേയ്ക്ക് /അങ്ങയുടെ രാജ്യം അവിടുന്ന് തരുമെന്നുള്ള /പിതാവായ ദൈവത്തിന്റെ വാഗ്ദാനത്തിൽ ശരണപ്പെടുവാൻ സഹായിക്കേണമേ./ അങ്ങയുടെ പ്രബോധനങ്ങളിലും,/ ലോകത്തെ രക്ഷിക്കുവാനുള്ള അങ്ങയുടെ പദ്ധതിയിലും, ശരണപ്പെടുവാൻ എന്നെ സഹായിക്കേണമേ. /അങ്ങയുടെ ദാനങ്ങൾ കൃപയോടെ സ്വീകരിക്കുവാൻ എന്നെ സഹായിക്കേണമേ./ എന്റെ ഭീതി അകലുന്നതിനായി, അങ്ങിൽ ശരണപ്പെടുവാൻ എന്നെ സഹായിക്കേണമേ./ അങ്ങനെ, അങ്ങയുടെ സ്നേഹം എന്റെ ഹൃദയത്തിലും ആത്മാവിലും ഒഴുകുവാനിടയാകട്ടെ. ആമ്മേൻ.

### 110. വൈദികർ, അങ്ങയുടെ തിരുവചനത്തോട് ആത്മാർത്ഥത പുലർത്തുവാൻ

ഓ എന്റെ പ്രിയ ഈശോയേ, /അങ്ങയുടെ തിരുനാമത്തിൽ, സത്യത്തെ സംരക്ഷിക്കുവാനായി, /എന്നെ ശക്തനും ധീരനുമായി കാത്തുകൊള്ളേണമേയെന്ന് അങ്ങയോട് ഞാൻ യാചിക്കുന്നു. / എല്ലാ സമയത്തും, അങ്ങയുടെ തിരുവചനത്തിന് സാക്ഷ്യമേകുവാനാവശ്യമായ കൃപ/ എനിക്കു നൽകണമേയെന്ന്, അങ്ങയോടു ഞാൻ കേണപേക്ഷിക്കുന്നു. /അങ്ങയെ മുറിവേൽപ്പിക്കുമെന്ന് എന്റെ ഹൃദയത്തിൽ എനിക്കു ബോധ്യമുള്ള/ അസത്യങ്ങളെ പിൻതാങ്ങുവാനുള്ള സമ്മർദ്ദങ്ങളെ ചെറുത്തുനിൽക്കുവാൻ /എനിക്ക് ശക്തി നൽകേണമേ. /എന്റെ മരണം വരെ, അങ്ങയുടെ തിരുവചനത്തോട് ആത്മാർത്ഥത പുലർത്തുവാൻ എന്നെ സഹായിക്കേണമേ. ആമ്മേൻ.

### 111. കുഞ്ഞുങ്ങളെ യേശുക്രിസ്തുവിന് പ്രതിഷ്ഠിക്കുവാൻ

ഓ, പ്രിയ രക്ഷയുടെ അമ്മേ, /ആത്മാവിൽ സമാധാനവും, ഹൃദയത്തിൽ സ്നേഹവും /അങ്ങയുടെ തിരുക്കുമാരനിൽ നിന്നും പ്രാപിക്കുവാനായി, /എന്റെ മക്കളെ, /(*കുഞ്ഞുങ്ങളുടെ പേരുകൾ ഇവിടെ പറയുക.*) അങ്ങയുടെ പുത്രന്റെ സവിധത്തിൽ ഞാൻ സമർപ്പിക്കുന്നു./ എന്റെ മക്കൾ,/ അങ്ങയുടെ പുത്രന്റെ കരുണയുടെ കരവലയത്തിൽ സ്വീകരിക്കപ്പെടുവാനും, /ഉപദ്രവങ്ങളിൽ നിന്നും കാത്തു സൂക്ഷിക്കപ്പെടുവാനും പ്രാർത്ഥിക്കേണമേ. /ദൈവത്തിന്റെ തിരുവചനത്തോട് ആത്മാർത്ഥത പുലർത്തുവാൻ, / പ്രത്യേകിച്ച്, അവർ ദൈവത്തിൽ നിന്നും അകന്നു പോകുവാൻ പ്രലോഭനമുണ്ടാകുന്ന സമയത്ത്/ അവരെ സഹായിക്കേണമേ. ആമ്മേൻ.

### 112. രക്ഷയുടെ കൃപയ്ക്കായി

ഏറ്റവും പ്രിയമുള്ള ഈശോയേ, /സാത്താനാൽ അലട്ടപ്പെടുന്നവരുടെ ആത്മാക്കളെ, /അങ്ങയുടെ രക്ഷയുടെ പ്രത്യേക കൃപയാൽ മൂടേണമേയെന്ന് /അങ്ങയോട് ഞാൻ വിളിച്ചപേക്ഷിക്കുന്നു. /അവർക്ക് രക്ഷപെടുവാനാവാത്ത ദുഷ്ട ബന്ധനത്തിൽ നിന്നും /അവരുടെ എളിയ ആത്മാക്കളെ വിടുവിക്കേണമേ. ആമ്മേൻ.

### 113. ഞങ്ങളുടെ രാജ്യത്ത് തിന്മയെ തോൽപ്പിക്കുവാൻ

ഓ രക്ഷയുടെ മാതാവേ, /ഞങ്ങളുടെ ഇടയിൽ വന്ന്, ഞങ്ങളുടെ രാജ്യത്തെ അങ്ങയുടെ സംരക്ഷണം കൊണ്ട് മൂടേണമേ. /മൃഗത്തിന്റെ തലയെ തകർത്ത്, /അവന്റെ ദുഷ്ട സ്വാധീനത്തെ ഞങ്ങളുടെയിടയിൽ നിന്നും നീക്കിക്കളയേണമേ./ കള്ളത്തരങ്ങളാൽ ഞങ്ങൾ ചുറ്റപ്പെടുമ്പോൾ, /ധൈര്യപൂർവ്വം സത്യം പ്രഘോഷിക്കുവാൻ, /അങ്ങയുടെ നഷ്ടപ്പെട്ട എളിയ മക്കളെ സഹായിക്കേണമേ. /ഞങ്ങളുടെ പീഠനങ്ങളുടെ നേരത്ത്,/ അങ്ങയുടെ പുത്രനോട് വിധേയത്വമുള്ളവരായിരിക്കുവാൻ, /ദൈവമാതാവേ, /ഞങ്ങളെ ബലപ്പെടുത്തി, ഞങ്ങളുടെ രാജ്യത്തെ കാത്തു പരിപാലിക്കേണമേ. ആമ്മേൻ.

### 114. സത്യത്തിന്റെ ദാനം വൈദികർക്കു ലഭിക്കുവാൻ

എന്റെ കർത്താവേ, എന്റെ നയനങ്ങൾ തുറക്കേണമേ. /ശത്രുവിനെ കാണുവാനും,/ വഞ്ചനയ്ക്കുനേരേ, എന്റെ ഹൃദയവാതിൽ അടയ്ക്കുവാനും എന്നെ അനുവദിക്കേണമേ. /പ്രിയ ഈശോയേ, എന്നെ പൂർണ്ണമായും അങ്ങേയ്ക്ക് അടിയറ വയ്ക്കുന്നു./ അങ്ങയുടെ കരുണയിൽ ഞാൻ ശരണപ്പെടുന്നു. ആമ്മേൻ.

### 115. മാനസാന്തരത്തിന്റെ ദാനത്തിനായി

ഓ രക്ഷയുടെ മാതാവേ, /അങ്ങയുടെ രക്ഷയുടെ കണ്ണീർക്കണങ്ങളാൽ എന്റെ ആത്മാവിനെ പൊതിയേണമേ./ സന്ദേഹങ്ങളിൽ നിന്നും എന്നെ വിടുവിക്കേണമേ. /അങ്ങയുടെ പുത്രന്റെ സാന്നിധ്യം അനുഭവിക്കുവാൻ എന്റെ ഹൃദയത്തെ ഉയർത്തേണമേ./ എനിക്ക് സമാധാനവും ആശ്വാസവും നൽകേണമേ. /ഞാൻ സത്യമായും മാനസാന്തരപ്പെട്ടവനാകുവാൻ /എനിക്കുവേണ്ടി പ്രാർത്ഥിക്കേണമേ. /സത്യത്തെ സ്വീകരിക്കുവാൻ എന്നെ സഹായിക്കുകയും, /അങ്ങയുടെ പുത്രനായ യേശുക്രിസ്തുവിന്റെ കരുണയെ സ്വീകരിക്കുവാനായി, /എന്റെ ഹൃദയത്തെ തുറക്കുകയും ചെയ്യേണമേ. ആമ്മേൻ.

### 116. നുണയെന്ന തിന്മയിൽ നിന്നും എന്നെ രക്ഷിക്കുവാൻ

പ്രിയ ഈശോയേ, എന്നെ സഹായിക്കേണമേ. /ദുഖത്തിന്റെ കണ്ണീരിൽ ഞാൻ മുങ്ങിത്താഴുന്നു./ എന്റെ ഹൃദയം ചിന്താക്കുഴപ്പത്തിലാണ്ടിരിക്കുന്നു./ ആരെ ആശ്രയിക്കണമെന്ന് എനിക്കറിഞ്ഞുകൂടാ. /അങ്ങയുടെ രാജ്യത്തിലേക്കുള്ള ശരിയായ പാത തെരഞ്ഞെടുക്കുവാനായി, /അങ്ങയുടെ പരിശുദ്ധാത്മാവുകൊണ്ട് എന്നെ നിറയ്ക്കേണമേ./ പത്രോസ് ശ്ലീഹായിലൂടെ ലോകത്തിനു നൽകിയ അങ്ങയുടെ വചനത്തോട് /എല്ലായ്പ്പോഴും സത്യസന്ധത പുലർത്തുവാനും,/ അങ്ങു പഠിപ്പിച്ചതിൽ നിന്നും വ്യതിചലിച്ചുപോകാതിരിക്കുവാനും, /അങ്ങയുടെ കുരിശുമരണത്തെ നിരസിക്കാതിരിക്കുവാനും, /പ്രിയ ഈശോയേ, എന്നെ സഹായിക്കേണമേ./ ഈശോയേ, അങ്ങാണ് വഴി. എനിക്ക് വഴി കാട്ടേണമേ. /അങ്ങയുടെ വലിയ കരുണയുടെ യാത്രയിൽ എന്നെ മുറുകെപ്പിടിക്കുകയും/ താങ്ങുകയും ചെയ്യേണമേ. ആമ്മേൻ.

### 117. തങ്ങളുടെ ആത്മാക്കളെ വിൽപ്പന നടത്തിയവർക്കുവേണ്ടി

ഏറ്റവും പ്രിയ ഈശോയേ,/ (*പേരുകൾ പറയുക*) എന്നിവരുടെ ആത്മാക്കളെയും,/ തങ്ങളുടെ ആത്മാക്കളെ പ്രശസ്തിയുടെ വിലയായി കൊടുത്തവരേയും, അങ്ങേയ്ക്ക് ഞാൻ പ്രതിഷ്ഠിക്കുന്നു. /ബാധയിൽ നിന്നും അവരെ മോചിപ്പിക്കേണമേ. /അവരെ പിച്ചിച്ചീന്തുന്ന, *ഇലൂമിനേറ്റിയുടെ* ഭീഷണിയിൽ നിന്നും അവരെ അകറ്റി നിർത്തേണമേ. /ഈ ദുഷ്ടബന്ധനത്തിൽ നിന്നും/ നിർഭയം നടന്നകലുവാനുള്ള ധൈര്യം അവർക്ക് നൽകേണമേ./ അവർ അങ്ങയുടെ മുമ്പിൽ നിൽക്കുവാൻ യോഗ്യരാകുവാൻ,/ അവരെ അങ്ങയുടെ കരുണയുടെ കരങ്ങളിൽ വഹിച്ച്, /കൃപാവരത്തിലേക്ക് അവരെ പരിപാലിച്ച് കൊണ്ടുവരേണമേ. /സാത്താൻ കയ്യടക്കിയ ആത്മാക്കൾക്കുവേണ്ടിയുള്ള എന്റെ ഈ പ്രാർത്ഥനയിലൂടെ,/ മേസൺറിയിൽ നിന്നും അവരെ പിടിച്ചെടുക്കുവാൻ/ അങ്ങയുടെ ദിവ്യത്വത്താൽ എന്നെ സഹായിക്കേണമേ. / അവരെ ബന്ധിക്കുന്നതും, /നരകത്തിലെ ഇരുട്ടറകളിൽ ക്രൂരമായ പീഠനത്തിന് ഇടയാകുന്നതുമായ വിലങ്ങുകളിൽ നിന്നും /അവരെ മോചിപ്പിക്കേണമേ. /സമാധാനത്തിന്റെ പുതുയുഗമായി /പുതിയ പറുദീസായുടെ കവാടത്തിലൂടെ പ്രവേശിക്കുവാൻ, /അവർ മുൻനിരയിൽത്തന്നെ ആയിരിക്കുവാൻ, /അങ്ങയുടെ തിരഞ്ഞെടുക്കപ്പെട്ട ആത്മാക്കളുടെ സഹനത്തിലൂടെയും, /എന്റെ പ്രാർത്ഥനയിലൂടെയും,/ അങ്ങയുടെ കരുണയിലൂടെയും, അവരെ സഹായിക്കേണമേ./ അടിമത്വത്തിൽ നിന്നും അവരെ മോചിപ്പിക്കണമേയെന്ന് ഞാനങ്ങയോട് യാചിക്കുന്നു. ആമ്മേൻ.

### 118. നഷ്ടപ്പെട്ട യുവാക്കളുടെ ആത്മാക്കളുടെ തലമുറയ്ക്കായി

പ്രിയ ഈശോയേ, /നഷ്ടപ്പെട്ട യുവാക്കളുടെ ആത്മാക്കളുടെ തലമുറയ്ക്കുവേണ്ടി,/ ഞാൻ അങ്ങയുടെ കരുണ യാചിക്കുന്നു./ അങ്ങയെ അറിയാത്തവരെ, ദർശനവരംകൊണ്ട് പൊതിയേണമേ. / അങ്ങയെ അറിഞ്ഞിട്ടും, അങ്ങയെ അവഗണിക്കുന്നവരെ,/ അങ്ങയുടെ കാരുണ്യത്തിലേക്ക് തിരികെ വിളിക്കേണമേ./ അങ്ങയുടെ അസ്ഥിത്വത്തിന്റെ തെളിവ്, അവർക്ക് വേഗം നൽകേണമേ. /അവരെ സഹായിക്കുവാനും, സത്യത്തിലേക്ക് നയിക്കുവാനും /കഴിവുള്ളവരുടെ അടുത്തേക്ക് / അവരെ കൊണ്ടുവരേണമേ./ അങ്ങയെ പ്രാപിക്കുവാനുള്ള തീവ്രമായ ആശകൊണ്ട്/ അവരുടെ മനസ്സിനെയും ആത്മാവിനെയും നിറയ്ക്കേണമേ. /അങ്ങയുടെ സാന്നിധ്യം അനുഭവിക്കാത്തതുമൂലം/ അവരിലുണ്ടാകുന്ന ശൂന്യത മനസ്സിലാക്കുവാൻ അവരെ സഹായിക്കേണമേ./ അവരെ കൈവെടിയരുതെന്നും, /അങ്ങയുടെ കാരുണ്യത്താൽ അവർക്ക് നിത്യജീവൻ നൽകണമെന്നും, / പ്രിയ കർത്താവേ, അങ്ങയോടു ഞാൻ കേണപേക്ഷിക്കുന്നു. ആമ്മേൻ.

### 119. ഈശോയുടെ സ്നേഹം അനുഭവിക്കുവാൻ

ഈശോയേ, ആശയക്കുഴപ്പത്തിലാണ്ടിരിക്കുന്ന എന്നെ സഹായിക്കേണമേ./ എന്റെ ഹൃദയം അങ്ങയുടെ നേർക്ക് തുറക്കുവാൻ സാധിക്കുന്നില്ല. /എന്റെ നയനങ്ങൾക്ക് അങ്ങയെ ദർശിക്കുവാൻ സാധിക്കുന്നില്ല./ എന്റെ മനസ്സ് അങ്ങയെ തടസ്സപ്പെടുത്തുന്നു./ അങ്ങയെ സമാശ്വസിപ്പിക്കുവാനുള്ള വാക്കുകളുരുവിടുവാൻ എന്റെ അധരങ്ങൾക്കാവുന്നില്ല. /എന്റെ ആത്മാവ് അന്ധകാരംകൊണ്ട് മേഘാവൃതമായിരിക്കുന്നു./ എളിയ പാപിയായ എന്റെമേൽ ദയയായിരിക്കേണമേ. /അങ്ങയുടെ സാന്നിധ്യത്തിന്റെ അഭാവത്തിൽ ഞാൻ നിസ്സഹായനാണ്./ അങ്ങയുടെ പക്കലെത്തി, കരുണയ്ക്കായി യാചിക്കുവാനുള്ള ധൈര്യം ലഭിക്കുവാനായി,/ അങ്ങയുടെ കൃപകൊണ്ടെന്നെ നിറ

യ്ക്കേണമേ. /അങ്ങയെ സ്നേഹിക്കുന്നുണ്ടെങ്കിലും,/ സത്യത്തെ കാണുവാനും സ്വീകരിക്കുവാനുമുള്ള സ്നേഹത്തിന്റെ തള്ളൽ,/ ഹൃദയത്തിൽ അനുഭവപ്പെടാത്ത, നഷ്ട ശിഷ്യനായ എന്നെ സഹായിക്കേണമേ. ആമ്മേൻ.

**120. യുദ്ധം വ്യാപിക്കുന്നത് തടയുവാൻ**

ഓ എന്റെ മാധുര്യമുള്ള ഈശോയേ, /മാനവരാശിയെ നശിപ്പിക്കുന്ന യുദ്ധങ്ങളെ അകറ്റേണമേ. /നിഷ്കളങ്കരായവരെ സഹനത്തിൽ നിന്നും സംരക്ഷിക്കേണമേ./ യഥാർത്ഥ സമാധാനം കൊണ്ടുവരുവാൻ യത്നിക്കുന്ന ആത്മാക്കളെ സംരക്ഷിക്കേണമേ./ യുദ്ധത്തിന്റെ വേദനയാൽ ക്ലേശിക്കുന്നവരുടെ ഹൃദയങ്ങളെ തുറക്കേണമേ./ യുവതീയുവാക്കളേയും, പ്രലോഭനങ്ങൾക്കടിമയാകുന്നവരേയും സംരക്ഷിക്കേണമേ./ യുദ്ധത്താൽ ജീവൻ നഷ്ടപ്പെട്ട എല്ലാ ആത്മാക്കളേയും രക്ഷിക്കേണമേ./ പ്രിയ ഈശോയേ, എല്ലാ ദൈവമക്കളുടെയും ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുന്ന/ ഞങ്ങളെയെല്ലാവരേയും ശക്തരാക്കേണമേ./ കലഹത്തിന്റെ നേരത്ത് ഞങ്ങൾക്കനുഭവപ്പെടുന്ന സഹനങ്ങളെ /അതിജീവിക്കുവാനുള്ള കൃപ ഞങ്ങൾക്ക് നൽകേണമേ. /യുദ്ധം വ്യാപിക്കുന്നത് തടഞ്ഞ്, /ആത്മാക്കളെ അങ്ങയുടെ ഹൃദയത്തിന്റെ തിരുസങ്കേതത്തിലേക്ക് /കൊണ്ടുവരേണമേ/ എന്ന് ഞങ്ങൾ യാചിക്കുന്നു. ആമ്മേൻ.

**121. യേശുക്രിസ്തുവിന്റെ സൈന്യത്തോടുള്ള വിധേയത്വം.**

പ്രിയ ഈശോയേ, അങ്ങയുടെ തിരുഹൃദയത്തോട് ഞങ്ങൾ ഐക്യപ്പെട്ടിരിക്കുന്നു./ ദൈവത്തിന്റെ സത്യവചനം ഞങ്ങൾ ആധികാരികമായി പ്രസംഗിക്കുന്നു./ സത്യത്തെ വ്യാപിപ്പിക്കുവാൻ, ഞങ്ങൾ ഭൂമിയുടെ അതിർത്തിയോളം സഞ്ചരിക്കുന്നു./ അങ്ങുതന്നെ ഞങ്ങളെ പഠിപ്പിച്ച പ്രബോധനങ്ങളല്ലാതെ, /അങ്ങയുടെ നാമത്തിൽ മറ്റേതൊരു പുതിയ വ്യാജ തത്വങ്ങളും/ ഞങ്ങൾ ഒരിക്കലും സ്വീകരിക്കില്ല. /ഞങ്ങളുടെ വിശ്വാസത്തിൽ, ഞങ്ങൾ ആത്മാർത്ഥതയുള്ളവരും, /വിധേയത്വമുള്ളവരും, അചഞ്ചലരുമായി നിലകൊള്ളും. /അങ്ങയെ ഒറ്റിക്കൊടുക്കുന്നവരോട്, /അവർ അങ്ങയുടെ പക്കലേയ്ക്ക് തിരിച്ചുവരുമെന്ന പ്രതീക്ഷയിൽ,/ ഞങ്ങൾ സ്നേഹത്തോടും അനുകമ്പയോടും കൂടി പെരുമാറും. /അങ്ങയുടെ നാമത്തിൽ ഞങ്ങളെ പീഢിപ്പിക്കുന്നവരോട്/ ഞങ്ങൾ സഹിഷ്ണുതയോടെയും, /എന്നാൽ ദൃഢതയോടെയും, പെരുമാറും. /അങ്ങയുടെ പുതിയ പറുദീസായിലേക്കുള്ള വഴിയിൽ ഞങ്ങൾ വിജയശ്രീലാളിതരായി സഞ്ചരിക്കും./ അങ്ങയുടെ സ്നേഹത്തിന്റെ അഭാവം മൂലം നഷ്ടപ്പെട്ട ആത്മാക്കളെ, /ഞങ്ങളുടെ വേദനയിലൂടെയും സഹനങ്ങളിലൂടെയും/ അങ്ങയുടെ പക്കൽ കൊണ്ടുവരുമെന്ന് ഞങ്ങൾ വാഗ്ദാനം ചെയ്യുന്നു. /എല്ലാ പാപികൾക്കുമായുള്ള ഞങ്ങളുടെ പ്രാർത്ഥനകൾ സ്വീകരിക്കേണമേ./ അങ്ങനെ, സമാധാനത്തിന്റെ പുതുയുഗത്തിൽ,/ അങ്ങയോടുള്ള സ്നേഹത്തിൽ ഒന്നിച്ച്, /ഞങ്ങൾ ഒരു കുടുംബമായിത്തീരുവാനിടയാകട്ടെ. ആമ്മേൻ.

**122. യേശുക്രിസ്തുവിന്റെ വിലയേറിയ രക്തത്തോടുള്ള പ്രതിഷ്ഠ.**

പ്രിയ ഈശോയേ, /എന്നെയും, എന്റെ കുടുംബത്തെയും, മിത്രങ്ങളേയും, രാഷ്ട്രത്തേയും, / അങ്ങയുടെ വിലയേറിയ രക്തത്തിന്റെ സംരക്ഷണയിൽ പ്രതിഷ്ഠിക്കണമേ എന്ന് ഞാൻ യാചിക്കുന്നു. /എനിക്കു വേണ്ടി അങ്ങ് മരണം വരിച്ചു. /അങ്ങയുടെ രണ്ടാമത്തെ വരവിന്റെ കാലയളവിൽ,/ ഞാൻ വഹിക്കുന്ന വേദനകൾ, കൃപയോടെ സ്വീകരിക്കുമ്പോൾ, /അങ്ങയുടെ മുറിവുകൾ എന്റെ മുറിവുകളായിത്തീരുന്നു. /ഞങ്ങൾക്ക് നിത്യജീവനുണ്ടാകുവാനായി, /എല്ലാ ദൈവമക്കളേയും അങ്ങയുടെ തിരുഹൃദയത്തിലേയ്ക്ക് ഒരുമിച്ചുകൂട്ടുവാൻ അങ്ങ് പരിശ്രമിക്കുമ്പോൾ, /പ്രിയ ഈശോയേ, /ഞാനും അങ്ങയോടൊപ്പം സഹിക്കുന്നു. /എന്നെയും, അങ്ങയുടെ സംരക്ഷണം ആവശ്യമായ എല്ലാവരേയും, /അങ്ങയുടെ വിലയേറിയ രക്തത്താൽ മൂടേണമേ. ആമ്മേൻ.

**123. സ്വതന്ത്ര മനസ്സ്, ദൈവത്തിന് സമ്മാനം.**

എന്റെ പ്രിയ ഈശോയേ,/ ഏറ്റവും അയോഗ്യമായ ആത്മാവോടു കൂടിയ, എന്റെ ഈ പ്രാർത്ഥന ശ്രവിച്ച്, /അങ്ങയെ കൂടുതൽ സ്നേഹിക്കുവാൻ എന്നെ സഹായിക്കേണമേ./ പ്രിയ ഈശോയേ, എന്റെ സ്വതന്ത്രമനസ്സാലെ, / ഈ സമ്മാനം,/ അങ്ങേയ്ക്ക് ഞാൻ തിരികെ നൽകി കാഴ്ചവയ്ക്കു

ന്നു./ അങ്ങനെ, ഞാൻ അങ്ങയുടെ വിനീത ദാസനായിത്തീരുകയും, /ദൈവത്തിന്റെ ഹിതത്തോട് അനുസരണയുള്ളവനുമായിത്തീരുകയും ചെയ്യുമാറാകട്ടെ. /എന്റെ ഹിതം അങ്ങയുടെ ഹിതമാണ്. /അങ്ങയുടെ കൽപ്പനയെന്നാൽ/ അങ്ങയുടെ ഓരോ ആഗ്രഹങ്ങളോടും ഞാൻ അനുസരണയുള്ളവനാണെന്നാണല്ലോ. / ലോകമാസകലം, /അങ്ങിൽ നിന്നും അകന്നിരിക്കുന്ന എല്ലാവരേയും രക്ഷിക്കുന്നതിന്, /എന്റെ സ്വതന്ത്രമനസ്സിനെ, /അത് ആയിരിക്കുന്നതുപോലെ, /അങ്ങയുടെയിഷ്ടം പോലെ ചെയ്യുവാൻ,/ അങ്ങേയ്ക്കു ഞാൻ കാഴ്ചവയ്ക്കുന്നു./ എന്റെ ജനനസമയത്തു തന്നെ എനിക്കു നൽകപ്പെട്ട ഈ ദാനം, /അങ്ങയുടെ പരിശുദ്ധ സേവനത്തിനായി, അങ്ങേയ്ക്കു ഞാൻ നൽകുന്നു. ആമ്മേൻ.

**124.സ്വാതന്ത്ര്യത്തിനായുള്ള എന്റെ യാചന ശ്രവിക്കേണമേ.**

ഓ ദൈവമേ, എന്റെ കരുണയുള്ള പിതാവേ, /ആയിരിക്കുന്ന എല്ലാറ്റിന്റെയും സ്രഷ്ടാവേ, / സ്വാതന്ത്ര്യത്തിനായുള്ള എന്റെ യാചന ശ്രവിക്കേണമേ. /അടിമത്വത്തിന്റെ ചങ്ങലയിൽ നിന്നും എന്നെ മോചിപ്പിച്ച്, /ദുഷ്ടന്റെ പീഠനത്തിൽ നിന്നും എന്നെ സംരക്ഷിക്കേണമേ./ ഞാൻ ആശയക്കുഴപ്പത്തിലാവുകയോ/ അങ്ങയുടെ വചനം സംശയിക്കുകയോ ചെയ്താലും, /സത്യത്തെ വിവേചിച്ചറിയുവാൻ എന്നെ സഹായിക്കുകയും,/ എന്റെ സഹായത്തിനായി വരികയും ചെയ്യേണമേ./ ഞാൻ അങ്ങയെ ദ്രോഹിച്ചാൽ/ എന്നോട് ക്ഷമിച്ച്, /ഭൂമിയിലെ അങ്ങയുടെ പുതിയ പറുദീസായുടെ സങ്കേതത്തിൽ എന്നെ ചേർക്കേണമേ. ആമ്മേൻ.

**125.ദൈവത്തിന്റെ തിരുവചന സംരക്ഷണത്തിനായി**

ഓ രക്ഷയുടെ മാതാവേ, പീഠനങ്ങളുടെ നേരത്ത്, /ദൈവത്തിന്റെ തിരുവചനത്തെ സംരക്ഷിക്കുവാനായി, /ദൈവത്തിന്റെ വിനീത ദാസനായ എന്നെ സഹായിക്കേണമേ. /തന്റെ വിലയേറിയ രക്തത്താൽ മൂടുവാനായി,/ പ്രിയ അമ്മേ, /എന്നെ അങ്ങയുടെ തിരുക്കുമാരന് പ്രതിഷ്ഠിക്കേണമേ./ തന്റെ വിശുദ്ധ സഭയെ പിച്ചിച്ചീന്തുന്ന പീഠനങ്ങളുടെ നേരത്ത്,/ ക്രിസ്തുവിന്റെ പ്രബോധനങ്ങളോട് വിശ്വസ്തത പുലർത്തുവാൻ /ആവശ്യമായ കൃപയും, ശക്തിയും, മനസ്സും, /അങ്ങയുടെ തിരുക്കുമാരനായ യേശുക്രിസ്തവിനോട് അപേക്ഷിച്ച് നേടിത്തന്നരുളേണമേ. ആമ്മേൻ.

**126.മതപീഠനത്തെ അതിജീവിക്കുവാനായി**

പ്രിയ ഈശോയേ, /അങ്ങയുടെ തിരുനാമത്തിൽ അനുഭവിക്കേണ്ടിവരുന്ന/ ഏതുവിധ പീഠനങ്ങളേയും അതിജീവിക്കുവാൻ എന്നെ സഹായിക്കേണമേ./ തങ്ങൾ അങ്ങയുടെ പ്രവർത്തനങ്ങൾക്ക് സാക്ഷ്യം വഹിക്കുകയാണ് എന്ന വിശ്വാസത്താൽ, /തെറ്റിൽ വീഴുന്നവരെ സഹായിക്കേണമേ./ ദുഷ്ട പ്രവർത്തികളിലൂടെയും ചെയ്തികളിലൂടെയും /മറ്റുള്ളവരെ നശിപ്പിക്കുവാൻ പ്രലോഭിക്കപ്പെടുന്നവരുടെ നയനങ്ങളെ തുറക്കേണമേ. /അങ്ങയുടെ വചനത്തെ നിശ്ശബ്ദമാക്കുവാനും, / അങ്ങയെ പുറത്താക്കുവാനും ശ്രമിക്കുന്ന /ദൈവത്തിന്റെ ശത്രുക്കളിൽ നിന്നും എന്നെ സംരക്ഷിക്കേണമേ. /അങ്ങയെ ഒറ്റിക്കൊടുക്കുന്നവരോട് ക്ഷമിക്കുവാൻ എന്നെ സഹായിക്കേണമേ. /അങ്ങയോടെനിക്കുള്ള സ്നേഹത്തിൽ ഉറച്ചുനിൽക്കുവാനുള്ള കൃപ എനിക്ക് നൽകേണമേ. /അങ്ങ് ഞങ്ങളെ പഠിപ്പിച്ച സത്യം, ജീവതത്തിൽ നിറവേറ്റി, /അങ്ങയുടെ സംരക്ഷണയിൽ എന്നും നിലനിൽക്കുവാൻ എന്നെ സഹായിക്കേണമേ. ആമ്മേൻ.

**127. എന്റെയും പ്രിയപ്പെട്ടവരുടെയും ആത്മാക്കളെ രക്ഷിക്കാൻ**

ഓ ഈശോയേ,/ അങ്ങയുടെ മുൻപിൽ ലജ്ജിതനാവാതെ വരുവാൻ എന്നെ ഒരുക്കേണമേ. / ഞങ്ങളുടെയെല്ലാവരുടേയും തെറ്റുകുറ്റങ്ങൾ ഏറ്റുപറയുവാൻ തയ്യാറാകുവാൻ,/ എന്നെയും എന്റെ പ്രിയപ്പെട്ടവരേയും (*ഓരോരുത്തരുടെയും പേരു പറയുക*) സഹായിക്കേണമേ./ എല്ലാ പാപങ്ങൾക്കും ക്ഷമ യാചിക്കുവാൻ.... /ഞങ്ങൾ തെറ്റുചെയ്തവരോട് സ്നേഹം പ്രകടിപ്പിക്കുവാൻ .... /രക്ഷയ്ക്കായി കരുണ യാചിക്കുവാൻ .... /മനസ്സാക്ഷിയുടെ പ്രോജ്വലനത്തിന്റെ വലിയ ദിനത്തിൽ, /എന്റെയും എന്റെ ഉറ്റവരുടെയും (*ഓരോരുത്തരുടെയും പേരു പറയുക*) മനസ്സാക്ഷി ശുദ്ധമായിരിക്കുവാനും, /അങ്ങയുടെ ദിവ്യ കരുണ, എന്റെ ആത്മാവിലേയ്ക്ക് ഒഴുക്കുവാനുമായി, /ഞങ്ങളെത്തന്നെ വിനീതരാക്കുവാൻ സഹായിക്കേണമേ. ആമ്മേൻ.

**128. എല്ലാ ആത്മാക്കളേയും ശേഖരിച്ച് ഒന്നിപ്പിക്കുവാൻ**

ഏറ്റവും പ്രിയമുള്ള ഈശോയേ,/ ലോകത്തെ അങ്ങയുടെ കരങ്ങളിൽ ശേഖരിച്ച്, /അങ്ങയുടെ കരുണ ഏറ്റവും കൂടുതൽ ആവശ്യമുള്ള ആത്മാക്കളെ /അങ്ങേയ്ക്ക് സമർപ്പിക്കുവാൻ, /അങ്ങയുടെ പ്രിയ ശിഷ്യരായ ഞങ്ങളെ സഹായിക്കേണമേ. /അങ്ങിൽ നിന്നും അകന്നുപോയിരിക്കുന്ന എല്ലാവരും/ സത്യജ്വാലയാൽ മൂടുന്നുവെന്ന് ഉറപ്പുവരുത്തുവാൻ, /പരിശുദ്ധാത്മാവിന്റെ ദാനങ്ങളാൽ ഞങ്ങളെ ശക്തരാക്കേണമേ. /അനുരഞ്ജനത്തിനുള്ള എല്ലാ അവസരവും ഓരോരുത്തർക്കും ലഭിക്കുവാനായി,/ എല്ലാ പാപികളേയും ഒന്നിപ്പിക്കേണമേ. /വിശുദ്ധ സുവിശേഷങ്ങളിലൂടെ ലോകത്തിൽ പ്രഘോഷിക്കപ്പെട്ടിരിക്കുന്ന സത്യത്തെ /നിരസിക്കുവാൻ ഞങ്ങൾ നിർബന്ധിതരാവുമ്പോൾ, /അങ്ങയുടെ തിരുവചനത്തോട്, ദൃഢമായി ചേർന്നിരിക്കുവാനുള്ള ശക്തി, /ഞങ്ങൾക്കെല്ലാവർക്കും നൽകേണമേ. /രക്ഷയിലേക്കുള്ള ഞങ്ങളുടെ യാത്രയിൽ, /ഓരോ പടിയും, /ഞങ്ങൾ, അങ്ങിലും, അങ്ങയോടുകൂടെയും, അങ്ങേയ്ക്കായും ആയിരിക്കുന്നു. ആമ്മേൻ.

**129. സ്നേഹത്തിന്റെ ദാനത്തിനായി**

ഓ ദൈവമേ, /അങ്ങയുടെ സ്നേഹം കൊണ്ട് എന്നെ നിറയ്ക്കേണമേ. /അങ്ങയുടെ കരുണ ഏറ്റവും കൂടതൽ ആവശ്യമുള്ളവരുമായി, /അങ്ങയുടെ സ്നേഹത്തിന്റെ ദാനം പങ്കുവയ്ക്കുവാൻ എന്നെ സഹായിക്കേണമേ. /അങ്ങയെ കൂടുതൽ സ്നേഹിക്കുവാൻ എന്നെ സഹായിക്കേണമേ. / അങ്ങയുടെ സ്നേഹം ആവശ്യമായ എല്ലാവരേയും /സ്നേഹിക്കുവാൻ എന്നെ സഹായിക്കേണമേ./ അങ്ങയുടെ ശത്രുക്കളെ സ്നേഹിക്കുവാൻ എന്നെ സഹായിക്കേണമേ./ അങ്ങെനിക്ക് അനുഗ്രഹിച്ചു നൽകിയ സ്നേഹം, /ഞാനുമായി സമ്പർക്കത്തിൽ വരുന്ന എല്ലാവരുടെയും/ ഹൃദയങ്ങൾ നിറയ്ക്കുവാനായി ഉപയോഗിക്കുവാൻ അനുവദിക്കേണമേ. /എന്റെ ആത്മാവിൽ നിറച്ചിരിക്കുന്ന സ്നേഹം കൊണ്ട്,/ എല്ലാ തിന്മയെയും കീഴടക്കുവാനും, /ആത്മാക്കളെ മാനസാന്തരത്തിലേക്ക് നയിക്കുവാനും, /അങ്ങയുടെ സത്യവചനം നശിപ്പിക്കുവാൻ ശ്രമിക്കുന്ന പിശാചിനേയും, / അവന്റെ ദുഷ്ട പ്രതിനിധികളേയും പരാജയപ്പെടുത്തുവാനും സഹായിക്കേണമേ. ആമ്മേൻ.

**130. രക്ഷയുടെ നൊവേന.**

*(ഈ നൊവേന, എല്ലാ മാസവും ഏതെങ്കിലും തിങ്കളാഴ്ച മുതൽ, തുടർച്ചയായി 7 ദിവസം, രാവിലെ, മൂന്നു തവണ ചൊല്ലേണ്ടതാണ്. ഈ ദിവസങ്ങളിൽ ഏതെങ്കിലും ഒരുദിവസം ഉപവാസവും അനുഷ്ടിക്കണം - ഒരു നേരം പ്രധാന ഭക്ഷണവും, മറ്റ് രണ്ടു നേരം ബ്രഡും വെള്ളവും മാത്രം.)*

എന്റെ സ്നേഹമുള്ള രക്ഷയുടെ മാതാവേ,/ അങ്ങയുടെ പുത്രനായ യേശുക്രിസ്തുവിന്റെ കാരുണ്യത്താൽ, /നിത്യ രക്ഷയുടെ ദാനം, എല്ലാ ആത്മാക്കൾക്കും വേണ്ടി നേടിത്തരേണമേ. /

സാത്താന്റെ ബന്ധനത്തിൽ നിന്നും, എല്ലാ ആത്മാക്കളേയും മോചിപ്പിക്കുവാനായി, /അങ്ങയുടെ മാദ്ധ്യസ്ഥം ഞാൻ യാചിക്കുന്നു. /

അങ്ങയുടെ തിരുക്കുമാരനെ നിരസിക്കുകയും, /അവരുടെ നിസ്സംഗതയാൽ വേദനിപ്പിക്കുകയും,/ വ്യാജ തത്വങ്ങളേയും വ്യാജ ദൈവങ്ങളേയും, ആരാധിക്കുകയും ചെയ്യുന്ന ആത്മാക്കൾക്കു വേണ്ടി, /ക്ഷമയും കരുണയും, അങ്ങയുടെ തിരുക്കുമാരനോട് യാചിക്കേണമേ. /

പ്രിയമുള്ള അമ്മേ, /അങ്ങയുടെ സഹായം ഏറ്റവും കൂടുതൽ ആവശ്യമുള്ള ആത്മാക്കളുടെ,/ ഹൃദയം തുറക്കുവാനായുള്ള കൃപയ്ക്കായി യാചിക്കണമേയെന്ന്/ അങ്ങയോട് ഞങ്ങൾ കേണപേക്ഷിക്കുന്നു. ആമ്മേൻ.

**131. കരുണ പ്രാർത്ഥന.**

ഓ എന്റെ പ്രിയ രക്ഷയുടെ മാതാവേ,/ മുന്നറിയിപ്പിന്റെ നേരത്തും,/ അവർ അങ്ങയുടെ പുത്രന്റെ മുമ്പാകെ വരുന്നതിന്റെ അവസാനത്തെ ദിവസവും, /(*എല്ലാവരുടെയും പേരുകൾ പറയുക.*) അവർക്ക് കരുണ നൽകണമേയെന്ന്, /അങ്ങയുടെ പുത്രനായ യേശുക്രിസ്തുവിനോട് യാചിക്കേണമേ./ അവർ ഓരോരുത്തരും രക്ഷ പ്രാപിക്കുവാനും,/ നിത്യജീവന്റെ ഫലം ആസ്വദിക്കുവാനുമായി അങ്ങ് ദയവായി പ്രാർത്ഥിക്കേണമേ./ എല്ലാ ദിവസവും അവരെ സംരക്ഷിച്ച്, /അങ്ങയുടെ പുത്രന്റെ സവിധത്തിലേക്ക് ആനയിക്കേണമേ./ അങ്ങനെ, തന്റെ സാന്നിദ്ധ്യം അവർക്ക് ദൃശ്യമാകുകയും,/

വലിയ കൃപ നേടി, ആത്മാവിൽ സമാധാനം ലഭിക്കുവാനിടയാവുകയും ചെയ്യട്ടെ. ആമ്മേൻ.

### 132.ഈ ദൗത്യത്തെ സംരക്ഷിക്കുവാൻ സാത്താനെ വെറുത്തുപേക്ഷിക്കുവാൻ

ഓ രക്ഷയുടെ മാതാവേ, /ഈ ദൗത്യത്തിന്റെ സഹായത്തിലേക്ക് വരേണമേ./ സാത്താനെ ഉപേക്ഷിക്കുവാൻ, /ദൈവത്തിന്റെ ശിഷ്ടസൈന്യമായ ഞങ്ങളെ സഹായിക്കേണമേ. /അങ്ങയുടെ പാദംകൊണ്ട്, മൃഗത്തിന്റെ തല തകർത്ത്, /ആത്മാക്കളെ രക്ഷിക്കുവാനുള്ള ഈ ദൗത്യത്തിന്റെ എല്ലാ തടസ്സങ്ങളും നീക്കണമേയെന്ന് /അങ്ങയോട് ഞങ്ങൾ യാചിക്കുന്നു. ആമ്മേൻ.

### 133.ദൈവത്തിങ്കലേക്ക് തിരിച്ചുവരുവാൻ

പ്രിയ ഈശോയേ, /എന്റെ അന്ധത മൂലം അങ്ങയെ ത്യജിച്ച,/ അങ്ങിൽ നിന്നും അകന്നിരിക്കുന്ന ആത്മാവായ എന്നോട് ക്ഷമിക്കേണമേ. /അങ്ങയുടെ സ്നേഹത്തിനു പകരമായി /ഒന്നുമല്ലാത്തതും ഉപകാരശൂന്യവുമായ വസ്തുക്കളെ സ്വീകരിച്ചതിന് /എന്നോട് ക്ഷമിക്കേണമേ. /അങ്ങയോടൊപ്പം നടന്ന്,/ അങ്ങയുടെ സ്നേഹവും കരുണയും /കൃതജ്ഞതയോടെ സ്വീകരിക്കുവാനുള്ള ധൈര്യം സംഭരിക്കുവാൻ /എന്നെ സഹായിക്കേണമേ./ അങ്ങയുടെ തിരുഹൃദയത്തോട് ചേർന്നിരിക്കുവാനും,/ അങ്ങയിൽ നിന്നും ഒരിക്കലും വീണ്ടും അകലാതിരിക്കുവാനും/ എന്നെ സഹായിക്കേണമേ. ആമ്മേൻ.

### 134.ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുവാൻ

ഓ, അത്യുന്നതനായ ദൈവമേ, /അങ്ങയുടെ അസ്തിത്വത്തിൽ വിശ്വസിക്കുവാൻ എന്നെ സഹായിക്കേണമേ. /എന്റെ സംശയങ്ങളെല്ലാം ദുരീകരിക്കേണമേ. /ഈ ജീവിതത്തിനുശേഷമുള്ള ജീവിതത്തിന്റെ സത്യത്തിലേക്ക് /എന്റെ കണ്ണു തുറക്കുകയും,/ നിത്യജീവന്റെ പാതയിലേക്ക് എന്നെ നയിക്കുകയും ചെയ്യേണമേ. /അങ്ങയുടെ സാന്നിദ്ധ്യം ഞാൻ അനുഭവിക്കുവാൻ ഇടയാകട്ടെ./ ഞാൻ മരിക്കുന്നതിനു മുമ്പ്,/ സത്യവിശ്വാസത്തിന്റെ ദാനം എനിക്ക് പ്രദാനം ചെയ്യേണമേ. ആമ്മേൻ.

### 135.സത്യത്തെ പ്രതിരോധിക്കുവാൻ

ഓ സ്നേഹമുള്ള രക്ഷയുടെ മാതാവേ,/ എന്റെ ആവശ്യനേരത്ത് എന്നെ സഹായിക്കേണമേ. / സത്യത്തെ എല്ലായ്പ്പോഴും പ്രതിരോധിക്കുവാൻ, /പരിശുദ്ധാത്മാവിന്റെ ശക്തിയാൽ, / ദാനങ്ങൾ വർഷിക്കപ്പെട്ട്, /അയോഗ്യനായ എന്റെ ആത്മാവ് അനുഗ്രഹീതനാകുവാൻ പ്രാർത്ഥിക്കേണമേ./ സത്യത്തെയും, ദൈവ വചനത്തേയും,/ വിശുദ്ധ കൂദാശകളെയും, പരിശുദ്ധ കുർബാനയേയും / നിരസിക്കുവാൻ പ്രേരിപ്പിക്കപ്പെടുന്ന എല്ലാ അവസരങ്ങളിലും /എന്നെ താങ്ങി നിർത്തേണമേ. /

അങ്ങയുടെ പുത്രനായ യേശുക്രിസ്തുവിനെ /അശുദ്ധനാക്കുവാൻ ശ്രമിക്കുന്ന സാത്താന്റെ ദുഷ്ടതയ്ക്കും, /അവനുപയോഗിക്കുന്ന എളിയ ആത്മാക്കൾക്കുമെതിരെ ഉറച്ചു നിൽക്കുവാൻ, / ഞാൻ സ്വീകരിക്കുന്ന കൃപകൾ ഉപയോഗിക്കുവാൻ/ എന്നെ സഹായിക്കേണമേ./

എന്റെ ആവശ്യനേരത്ത് എന്നെ സഹായിക്കേണമേ. /ദൈവമക്കൾക്ക് കൂദാശകൾ നൽകുന്നത് /ദൈവത്തിന്റെ ശത്രുക്കൾ വിലക്കുന്ന നേരത്ത്, /ആത്മാക്കളെയോർത്ത്,/ എല്ലാ ദൈവമക്കൾക്കും കൂദാശകൾ നൽകുവാനുള്ള ധൈര്യം എനിക്കു നൽകേണമേ. ആമ്മേൻ.

### 136.അങ്ങയുടെ വചനം പാലിക്കുവാൻ

ഏറ്റവും പ്രിയമുള്ള ഈശോയേ,/ അങ്ങയുടെ വചനം ശ്രവിക്കുവാനും, ജീവിക്കുവാനും,/ പ്രഘോഷിക്കുവാനും, പ്രദാനം ചെയ്യുവാനും എന്നെ സഹായിക്കേണമേ. / പീഠനങ്ങളിൽ പോലും /സത്യത്തെ മുറുകെപ്പിടിക്കുവാനുള്ള ശക്തി എനിക്ക് നൽകേണമേ./ അങ്ങയുടെ വചനത്തെ/ അങ്ങയുടെ ശത്രുക്കൾ മുക്കിക്കളയുമ്പോൾ,/ അതിനെ സജീവമായി സൂക്ഷിക്കുവാൻ എന്നെ സഹായിക്കേണമേ./ ഞാൻ ഉദാസീനനാകുമ്പോൾ,/ അങ്ങയുടെ ധൈര്യം ഞാൻ അനുഭവിക്കുവാനിടയാകട്ടെ. /ഞാൻ ബലഹീനനാകുമ്പോൾ,/ അങ്ങയുടെ ശക്തികൊണ്ടെന്നെ നിറക്കേണമേ. /അങ്ങയുടെ തിരുഹിതത്തോട് വിധേയനായിരിക്കുന്നതുമൂലം, /നരകകവാടങ്ങൾ എനിക്കെതിരേ പ്രബലപ്പെടുമ്പോൾ,/ അഭിമാനത്തോടുകൂടിയായിരിക്കുവാനുള്ള കൃപയെനിക്ക് നൽകേണമേ. ആമ്മേൻ.

**137. പുനർസ്ഥാപന പ്രാർത്ഥന.**

( *ദൈവത്തെ സംശയിക്കുകയോ, അവിടുത്തെ സ്നേഹത്തിലും വാഗ്ദാനത്തിലും ആത്മവിശ്വാസം നഷ്ടപ്പെടുകയോ ചെയ്യുന്നെന്നു തോന്നുമ്പോൾ നിങ്ങൾ ഈ ക്രൂസേഡ് പ്രാർത്ഥന ഉരുവിടണം.* )

ഓ സർവ്വ ശക്തനായ ദൈവമേ,/ ഓ അത്യുന്നതാനായ ദൈവമേ,/ സ്നേഹവും ദയയും നിറഞ്ഞ ഹൃദയത്തോടെ, /അങ്ങയുടെ വിനീത ദാസനായ എന്റെ മേൽ നോക്കേണമേ. /അങ്ങയുടെ പ്രകാശത്താൽ എന്നെ പുനർസ്ഥാപിക്കേണമേ. /

അങ്ങയുടെ പക്ഷത്തേയ്ക്ക് /എന്നെ തിരികെ ഉയർത്തേണമേ. /അങ്ങയുടെ തിരുഹിതത്തിനൊത്തവണ്ണവും, / അങ്ങയുടെ എളിയ ദാസനായും എന്നെത്തന്നെ സമർപ്പിക്കുവാൻ, /അങ്ങയുടെ കൃപകൊണ്ട് എന്നെ നിറയ്ക്കേണമേ. /

അഹങ്കാരമെന്ന പാപത്തിൽ നിന്നും,/ അങ്ങയെ അധിക്ഷേപിക്കുന്ന എല്ലാറ്റിൽ നിന്നും എന്നെ മോചിപ്പിക്കേണമേ. /എന്റെ എല്ലാ ദിവസവും,/ അങ്ങയെ സേവിക്കുവാനുള്ള അഗാധവും, തീവ്രവുമായ ആഗ്രഹത്താൽ /അങ്ങയെ സ്നേഹിക്കുവാൻ എന്നെ സഹായിക്കേണമേ. /എന്നും എന്നേയ്ക്കും. ആമ്മേൻ.

**138. വിദ്വേഷത്തിൽ നിന്നും സംരക്ഷണം ലഭിക്കുവാൻ**

ഓ രക്ഷയുടെ മാതാവേ, /എല്ലാ തരത്തിലുമുള്ള വിദ്വേഷത്തിൽ നിന്നും എന്നെ സംരക്ഷിക്കേണമേ. /വിദ്വേഷത്തെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ/ നിശ്ശബ്ദനായിരിക്കുവാൻ എന്നെ സഹായിക്കേണമേ. /ഞാൻ ഏറ്റവും ബലഹീനനായിരിക്കുമ്പോൾ, /യേശുക്രിസ്തുവിനോടുള്ള വിധേയത്വത്തിൽ എന്നെ ബലപ്പെടുത്തേണമേ. /എന്റെ അധരങ്ങളെ മുദ്രിതമാക്കേണമേ. /എന്റെ വിശ്വാസം മൂലം/ എന്നെ അധിക്ഷേപിക്കുകയോ,/ അങ്ങയുടെ തിരുക്കുമാരന്റെ ഉദ്ബോധനങ്ങളെ നിരസിക്കുന്ന തരത്തിലുള്ള/ കുത്തുവാക്കുകൾ പറയുകയോ ചെയ്യുന്നവരെ/ തിരസ്കരിക്കുവാനും എന്നെ സഹായിക്കേണമേ. /പ്രിയ മാതാവേ, /ഈ ആത്മാക്കൾക്കുവേണ്ടി അങ്ങ് പ്രാർത്ഥിക്കേണമേ./ അങ്ങനെ, അവർ സാത്താനെ ഉപേക്ഷിക്കുകയും, /അവരുടെ ആത്മാവിൽ പരിശുദ്ധാത്മാവിന്റെ വാസവും,/ അങ്ങയുടെ സ്നേഹവും അനുഭവിക്കുവാനുമിടയാകട്ടെ. ആമ്മേൻ.

**139. തിന്മയെ പരാജയപ്പെടുത്തുവാനുള്ള ശക്തിക്കായി**

പ്രിയ ഈശോയേ, /പിശാചിന്റെ ദുഷ്ടതയിൽ നിന്നും എന്നെ സംരക്ഷിക്കേണമേ./ അവന്റെ സാന്നിദ്ധ്യത്താൽ /ബലഹീനരും, പ്രതിരോധിക്കുവാൻ പ്രാപ്തിയില്ലാത്തവരുമായ എന്നെയും മറ്റെല്ലാവരേയും, /അങ്ങയുടെ വിലയേറിയ രക്തത്താൽ പൊതിയേണമേ. /അവനെ നിരസിക്കുവാനുള്ള ധൈര്യം എനിക്കു നൽകേണമേ. /ഏതെങ്കിലും വിധത്തിൽ എന്നെ പ്രലോഭിപ്പിക്കുവാനുള്ള അവന്റെ ശ്രമങ്ങളെ തടുക്കുവാൻ,/ എല്ലാ ദിവസവും എന്നെ സഹായിക്കേണമേ. ആമ്മേൻ.

**140. മാലാഖ വൃന്ദങ്ങളുടെ സംരക്ഷണത്തിനായി.**

ഏറ്റവും പ്രിയമുള്ള പിതാവേ, /എല്ലാ സൃഷ്ടികളുടേയും ദൈവമേ, /അത്യുന്നതാനായ ദൈവമേ,/ അങ്ങയുടെ മാലാഖമാരുടെ വൃന്ദങ്ങളിലൂടെ, /കൃപയും സംരക്ഷണവും എനിക്ക് നൽകേണമേ. /അങ്ങയെ ഏതെല്ലാം വിധത്തിൽ ഉപദ്രവിച്ചാലും, /അങ്ങയുടെ മക്കളോടുള്ള സ്നേഹത്തിൽ ശ്രദ്ധ ചെലുത്തുവാൻ എന്നെ പ്രാപ്തനാക്കേണമേ./ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനായി /ലോകത്തെ ഒരുക്കുവാനുള്ള അന്തിമ ഉടമ്പടിയുടെ വാർത്ത, /ധൈര്യപൂർവ്വം പ്രചരിപ്പിക്കുവാൻ എന്നെ സഹായിക്കേണമേ./ സാത്താനും, അവന്റെ അനുയായികളും,/ അവന്റെ ഭൂമിയിലെ പ്രതിനിധികളും, /എന്റെ മേൽ ഏൽപ്പിക്കുന്ന പീഢനങ്ങളെ അതിജീവിക്കുവാനുള്ള /പ്രത്യേക കൃപയും അനുഗ്രഹങ്ങളും എനിക്ക് നൽകേണമേ. /അങ്ങയുടെ ശത്രുക്കളെ ഭയപ്പെടുവാൻ എന്നെ ഒരിക്കലും അനുവദിക്കരുതേ. /ദൈവനാമത്തിൽ എന്നെ പീഢിപ്പിക്കുന്നവരേയും, /എന്റെ ശത്രുക്കളേയും സ്നേഹിക്കുവാനുള്ള ശക്തി എനിക്കു നൽകേണമേ. ആമ്മേൻ.

**141. പീഢനങ്ങൾക്കെതിരേ സംരക്ഷണത്തിനായി.**

പ്രിയ ഈശോയേ,/ എന്തു വില കൊടുത്തും/ അങ്ങയുടെ വചനത്തോട് സത്യസന്ധത

പുലർത്തുവാനുള്ള എന്റെ യുദ്ധത്തിൽ,/ എന്നെ പ്രതിരോധിക്കേണമേ./ അങ്ങയുടെ ശത്രുക്കളിൽ നിന്നും എന്നെ കാത്തു സംരക്ഷിക്കേണമേ. / അങ്ങുമൂലം, എന്നെ പീഢിപ്പിക്കുന്നവരിൽ നിന്നും എന്നെ സംരക്ഷിക്കേണമേ. /

എന്റെ വേദന പങ്കുവയ്ക്കേണമേ./ എന്റെ സഹനത്തെ ലഘൂകരിക്കേണമേ. /ലോകത്തിന് നിത്യരക്ഷ കൊണ്ടുവരുവാനായി,/ അങ്ങ് വീണ്ടും വരുന്ന ദിവസം വരെ, /അങ്ങയുടെ മുഖത്തിന്റെ തേജസ്സിലേയ്ക്ക് എന്നെ ഉയർത്തേണമേ. /

എന്നെ പീഢിപ്പിക്കുന്നവരോട് ക്ഷമിക്കേണമേ. /അവരുടെ പാപങ്ങൾക്കു പ്രായശ്ചിത്തമായി / എന്റെ സഹനങ്ങളെ ഉപയോഗിക്കേണമേ. /അങ്ങനെ, അവരുടെ ഹൃദയത്തിന് സമാധാനം ലഭിക്കുകയും, /അന്ത്യ ദിനത്തിൽ, /ആത്മാവിൽ അനുതാപത്തോടെ/ അങ്ങയെ സ്വാഗതം ചെയ്യുവാനിടയാവുകയും ചെയ്യട്ടെ. ആമ്മേൻ.

**142.മരണത്തിനൊരുക്കമായി**

എന്റെ ഏറ്റവും പ്രിയമുള്ള ഈശോയേ,/ എന്റെ പാപങ്ങൾ ക്ഷമിക്കേണമേ./ എന്റെ ആത്മാവിനെ കഴുകി,/ അങ്ങയുടെ രാജ്യത്തിൽ പ്രവേശിക്കുവാൻ എന്നെ ഒരുക്കേണമേ. /

അങ്ങയോടൊന്നാകുവാനായി /എന്നെ ഒരുക്കുവാനുള്ള കൃപകൾ എനിക്കു നൽകേണമേ. / എല്ലാവിധ ഭയത്തേയും അതിജീവിക്കുവാൻ എന്നെ സഹായിക്കേണമേ. / അങ്ങയുടെ മുൻപിൽ നിൽക്കുവാൻ യോഗ്യനാകുവാൻ, /എന്റെ മനസ്സിനേയും ആത്മാവിനേയും ഒരുക്കുവാനുള്ള ധൈര്യം എനിക്ക് നൽകേണമേ. /

അങ്ങയെ ഞാൻ സ്നേഹിക്കുന്നു./ അങ്ങിൽ ഞാൻ ശരണപ്പെടുന്നു. /ശരീരത്തിലും മനസ്സിലും ആത്മാവിലും, /പൂർണ്ണമായും, എന്നെന്നേയ്ക്കുമായും, എന്നെ അങ്ങേയ്ക്കു ഞാൻ സമർപ്പിക്കുന്നു. /അങ്ങയുടെ ഹിതമാകട്ടെ എന്റെ ഹിതം. / വേദനയിൽ നിന്നും സംശയങ്ങളിൽ നിന്നും, എന്നെ മോചിക്കേണമേ. ആമ്മേൻ.

**143.രക്ഷാദൗത്യത്തിന്റെ സംരക്ഷണത്തിനായി.**

ഓ രക്ഷയുടെ അമ്മേ, /എല്ലായിടത്തുമുള്ള തന്റെ മക്കൾക്ക് നിത്യജീവൻ നൽകുവാനായി,/ ദൈവത്തിൽ നിന്നുള്ള സമ്മാനമായ ഈ ദൗത്യത്തെ സംരക്ഷിക്കേണമേ./ ദൈവത്തെ സേവിക്കുവാനുള്ള ഞങ്ങളുടെ കടമകൾ നിർവഹിക്കുവാനുള്ള ധൈര്യം, /എല്ലായ്പ്പോഴും, /പ്രത്യേകിച്ച് ഈ ദൗത്യം മൂലം ഞങ്ങൾ സഹിക്കേണ്ടിവരുമ്പോൾ, /അങ്ങയുടെ പ്രിയപുത്രനായ യേശുക്രിസ്തുവിലൂടെ,/ അങ്ങിടപെട്ട്, ഞങ്ങൾക്ക് നേടിത്തരേണമേ. /ദൈവത്തിന്റെ തിരുഹിതത്തിനനുസൃതമായി, /അനേകലക്ഷം ആത്മാക്കളെ മാനസാന്തരപ്പെടുത്തുവാനും, /കഠിന ഹൃദയരെ, അങ്ങയുടെ പുത്രന്റെ സ്നേഹദാസരായി മാറ്റുവാനുമായുള്ള/ ഈ ദൗത്യത്തെ സഹായിക്കേണമേ. / കുരിശിനോടുള്ള വിദ്വേഷത്തെയും പീഢനത്തെയും അതിജീവിക്കാനുള്ള ശക്തി/ ഈ ദൗത്യത്തിലൂടെ ഈശോയ്ക്കായി വേലചെയ്യുന്ന ഞങ്ങൾക്കെല്ലാവർക്കും നൽകേണമേ. /അതോടൊപ്പം ലഭിക്കുന്ന സഹനത്തെ, ഔദാര്യപൂർവ്വവും, /ഇനി മുന്നോട്ട് വരാനിരിക്കുന്നവയെ അംഗീകരിച്ചുകൊണ്ടും, /സ്വാഗതം ചെയ്യുവാനുള്ള ശക്തി ഞങ്ങൾക്കെല്ലാവർക്കും നൽകേണമേ. ആമ്മേൻ.

**144.ക്രിസ്തീയ വിശ്വാസം സംരക്ഷിക്കപ്പെടുവാൻ**

ഓ രക്ഷയുടെ അമ്മേ,/ ലോകമെമ്പാടുമുള്ള ക്രിസ്ത്യാനികളുടെ ആത്മാക്കൾക്കുവേണ്ടി / അങ്ങ് മാദ്ധ്യസ്ഥം വഹിക്കേണമേ./

യേശുക്രിസ്തുവിന്റെ പ്രബോധനങ്ങളോട് വിധേയരായിരിക്കുവാനും, /തങ്ങളുടെ വിശ്വാസം സംരക്ഷിക്കുവാനും അവരെ സഹായിക്കേണമേ. /എല്ലായ്പ്പോഴും അവരുടെ വിശ്വാസം മുറുകെപ്പിടിക്കുവാനുള്ള /ആത്മബലവും, മാനസികശക്തിയും ഉണ്ടാകുവാൻ പ്രാർത്ഥിക്കേണമേ. /

പ്രിയ അമ്മേ, /സത്യത്തിനുനേരേ അവരുടെ നയനങ്ങൾ തുറക്കുവാനും, /അങ്ങയുടെ പുത്രന്റെ നാമത്തിൽ അവതരിപ്പിക്കപ്പെടുന്ന വ്യാജ പ്രബോധനങ്ങളെ/ വിലയിരുത്തി മനസ്സിവാക്കുവാനായുള്ള കൃപയ്ക്കായും,/ അവർക്കുവേണ്ടി മാദ്ധ്യസ്ഥം വഹിക്കേണമേ. /

വേദനയും പരിഹാസവും സഹിക്കേണ്ടി വന്നാൽപ്പോലും, /ദൈവത്തിന്റെ, യഥാർത്ഥവും, വിധേയത്വമുള്ളവരുമായ സേവകരായിരിക്കുവാനും,/ തിന്മയേയും വ്യാജത്തേയും ഉപേക്ഷിക്കുവാനും,

അവരെ സഹായിക്കേണമേ. /

ഓ, രക്ഷയുടെ അമ്മേ, /അങ്ങയുടെ എല്ലാ മക്കളേയും സംരക്ഷിക്കുകയും, /തന്റെ അവസാന ശ്വാസം വരെ,/ എല്ലാ ക്രിസ്ത്യാനികളും കർത്താവിന്റെ പാതയെ അനുകരിക്കുവാൻ /പ്രാർത്ഥിക്കുകയും ചെയ്യേണമേ. ആമ്മേൻ.

**145.അങ്ങയുടെ സ്നേഹസമ്മാനം കൊണ്ട് നിറയ്ക്കേണമേ.**

ഏറ്റവും പ്രിയ ഈശോയേ, /ശൂന്യപാത്രമായ എന്നെ അങ്ങയുടെ സ്നേഹസമ്മാനം കൊണ്ട് നിറയ്ക്കേണമേ. /അങ്ങയുടെ സാന്നിദ്ധ്യംകൊണ്ട് എന്റെ ആത്മാവ് നിറഞ്ഞുതുളുമ്പട്ടെ. / അങ്ങെന്നെ സ്നേഹിക്കുന്നതുപോലെ,/ ഞാൻ മറ്റുള്ളവരെ സ്നേഹിക്കുവാൻ, എന്നെ സഹായിക്കേണമേ. /അങ്ങയുടെ സമാധാനത്തിന്റെയും, ശാന്തതയുടെയും, കരുണയുടെയും ഒരു പാത്രമാകുവാൻ /എന്നെ സഹായിക്കേണമേ. /മറ്റുള്ളവരുടെ വിഷമതയിലേക്ക് എന്റെ ഹൃദയത്തെ തുറക്കേണമേ. /അങ്ങയെ തിരസ്കരിക്കുന്നവരോടും,/ എനിക്കെതിരേ കുറ്റം ചെയ്യുന്നവരോടും/ ക്ഷമിക്കുവാനുള്ള കൃപ എനിക്ക് നൽകേണമേ. /എന്റെ സ്ഥാനത്ത് അവിടുന്നായിരുന്നുവെങ്കിൽ ചെയ്യുമായിരുന്നതുപോലെ,/ മാതൃകാപരമായി, അങ്ങയുടെ സ്നേഹം പ്രഘോഷിക്കുവാൻ /എന്നെ സഹായിക്കേണമേ. ആമ്മേൻ.

**146.വഞ്ചനയ്ക്കെതിരേ സംരക്ഷണത്തിന്.**

രക്ഷയുടെ പ്രിയ അമ്മേ, /ക്രിസ്ത്യാനികളുടെ വിശ്വാസത്തെ നശിപ്പിക്കുവാൻ,/ സാത്താൻ ഉണ്ടാക്കിയിരിക്കുന്ന വഞ്ചനയ്ക്കെതിരേ, /സംരക്ഷണത്തിന്റെ കൃപകൊണ്ട് എന്നെ സംരക്ഷിക്കേണമേ. /ദൈവത്തിന്റെ ശത്രുക്കളിൽ നിന്നും ഞങ്ങളെ സംരക്ഷിക്കേണമേ./ ഞങ്ങൾക്ക് അങ്ങയുടെ പുത്രനോടുള്ള സ്നേഹം ബലഹീനമാക്കുന്ന/ നുണയിൽ നിന്നും, മതനിന്ദയിൽ നിന്നും ഞങ്ങളെ സുരക്ഷിതരാക്കേണമേ./ സത്യത്തെ നിരസിക്കുവാനായി ഞങ്ങളെ പ്രേരിപ്പിക്കുന്ന / എല്ലാ പരിശ്രമങ്ങൾ, വഞ്ചന, വ്യാജം എന്നിവയുടെ നേർക്ക് /ഞങ്ങളുടെ നയനങ്ങളെ തുറക്കേണമേ. ആമ്മേൻ.

**147.പിതാവായ ദൈവമേ, അങ്ങയുടെ പുത്രനെ നിരസിക്കുന്നവരുടെമേൽ കരുണയായിരിക്കേണമേ.**

ഓ ദൈവമേ, എന്റെ നിത്യപിതാവേ,/ അങ്ങയുടെ പുത്രനെ നിരസിക്കുന്നവരുടെമേൽ കരുണയായിരിക്കേണമേ എന്നു ഞാൻ യാചിക്കുന്നു. /അങ്ങയുടെ പ്രവാചകന്മാരെ നശിപ്പിക്കുവാൻ ശ്രമിക്കുന്ന ആത്മാക്കൾക്കുവേണ്ടി ഞാൻ കേണപേക്ഷിക്കുന്നു./ അങ്ങേയ്ക്ക് നഷ്ടമായിരിക്കുന്ന ആത്മാക്കളുടെ മാനസാന്തരത്തിനായി ഞാൻ യാചിക്കുന്നു. /അങ്ങയുടെ പ്രിയപുത്രനായ യേശുക്രിസ്തുവിന്റെ /രണ്ടാമത്തെ വരവ് മുൻകൂട്ടി കണ്ടുകൊണ്ട്, /അങ്ങയുടെ തിരുഹിതമനുസരിച്ച്, / തങ്ങളുടെ ജീവിതത്തിൽ മാറ്റം വരുത്തി, ആത്മാക്കളെ ഒരുക്കുവാൻ, /അങ്ങയുടെ എല്ലാ മക്കളേയും സഹായിക്കേണമേ എന്നു ഞാൻ യാചിക്കുന്നു. ആമ്മേൻ.

**148.എന്റെ സഹായത്തിന് വരേണമേ.**

ഓ എന്റെ ഈശോയേ, /എന്റെ ഈ വലിയ കഷ്ടതയുടെ നേരത്ത് എന്നെ സഹായിക്കേണമേ. /എന്റെ കൈകളിൽ പിടിച്ച്, അങ്ങയുടെ തിരുഹൃദയ സങ്കേതത്തിലേക്ക് സ്വീകരിക്കേണമേ./ എന്റെ കണ്ണുനീർ തുടച്ചു നീക്കേണമേ. /എന്റെ നിശ്ചയദാർഢ്യത്തെ ശാന്തമാക്കേണമേ. /എന്റെ ആത്മാവനെ ഉണർത്തി, /അങ്ങയുടെ സമാധാനം കൊണ്ട് എന്നെ നിറയ്ക്കേണമേ./ എന്റെ ഈ പ്രത്യേക യാചന നിറവേറ്റിത്തരേണമേ. /(*യാചന ഇവിടെ പറയുക.*). പ്രിയ ഈശോയേ, എന്റെ സഹായത്തിനെത്തേണമേ. /അങ്ങനെ, എന്റെ യാചന നിറവേറപ്പെടുകയും, എന്റെ ജീവിതം അങ്ങയോടുള്ള ഐക്യത്തിൽ സമാധാനപൂർണ്ണമാവുകയും ചെയ്യട്ടെ./ എന്റെ യാചന നിറവേറ്റപ്പെടുകയില്ലെങ്കിൽ, /അങ്ങയുടെ തിരുഹിതം എന്റെ ആത്മാവിന്റെ നന്മയ്ക്കായിട്ടാണെന്നുള്ള വസ്തുത/ അംഗീകരിക്കുവാനുള്ള കൃപകൊണ്ട് എന്നെ നിറയ്ക്കേണമേ. /അങ്ങനെ, ദയയും കാരുണ്യവുമുള്ള ഹൃദയത്തോടുകൂടി, /എന്നും അങ്ങയുടെ വചനത്തോട് വിശ്വസ്തതയുള്ളവനായിത്തീരുവാനിടയാകട്ടെ. ആമ്മേൻ.

**149.ദൈവ സ്നേഹം തേടുന്നതിന്**

ഓ ഈശോയേ, /ദൈവസ്നേഹം കൊണ്ട് എന്നെ നിറയ്ക്കേണമേ. /അങ്ങയുടെ ദിവ്യപ്രകാശം കൊണ്ട് എന്നെ നിറയ്ക്കേണമേ. /ദൈവത്തിന്റെ കരുണയുടെ വിത്ത് /എല്ലാ രാജ്യങ്ങളിലും പ്രചരിപ്പിക്കുന്നതിനാവശ്യമായ സ്നേഹം /എന്നിലേക്ക് ഒഴുക്കേണമേ./ ഞാനുമായി സമ്പർക്കത്തിൽ വരുന്ന എല്ലാവർക്കുമിടയിൽ/ അങ്ങയുടെ ദിവ്യസ്നേഹം, എന്നിലൂടെ വ്യാപിക്കപ്പെടുവാൻ അനുവദിക്കേണമേ. /ദൈവത്തിന്റെ എല്ലാ മക്കളേയും, /മഞ്ഞുതുള്ളി പോലെ ഐക്യത്തിൽ ഒരുമിച്ചു കൂട്ടുവാനായി, /അങ്ങയുടെ സ്നേഹം/ എല്ലാ രാജ്യങ്ങളുടെമേലും, വിശ്വാസങ്ങളുടെമേലും, / വംശങ്ങളുടെ മേലും, ആത്മാക്കളുടെമേലും, /പ്രകാശിക്കുവാനായി ചൊരിയേണമേ. /ദൈവസ്നേഹം വ്യാപിപ്പിക്കുവാനായി ഞങ്ങളെ സഹായിക്കേണമേ. /അങ്ങനെ, അത്, ലോകത്തിലുള്ള എല്ലാ തിന്മയേയും കീഴടക്കുവാനിടയാകട്ടെ. ആമ്മേൻ.

**150.അവിശ്വാസികളായവരുടെ ആത്മാക്കളെ രക്ഷിക്കുവാൻ**

പ്രിയ ഈശോയേ, /തങ്ങളുടേതല്ലാത്ത കാരണത്താൽ, /അങ്ങയെ അംഗീകരിക്കുവാൻ തയ്യാറാകാത്ത എല്ലാവരുടെയും ആത്മാക്കളെ രക്ഷിക്കണമേ /എന്നു ഞാൻ യാചിക്കുന്നു. /ലോകം മുഴുവന്റെയും മേൽ അങ്ങ് വർഷിക്കുന്ന കരുണയ്ക്കു വേണ്ടിയും,/ അങ്ങയെ നിരസിക്കുന്നവരുടെ ആത്മാക്കളെ തിരികെക്കൊണ്ടുവരുന്നതിനായും,/ എന്റെ സഹനങ്ങളെ അങ്ങേയ്ക്ക് ഞാൻ കാഴ്ചവയ്ക്കുന്നു. /അവരുടെ ആത്മാക്കളുടെമേൽ കരുണയായിരിക്കേണമേ./ അവരുടെ പാപങ്ങൾ ക്ഷമിച്ച്, അങ്ങയുടെ സ്വർഗ്ഗീയ സങ്കേതത്തിലേക്ക് അവരെ എടുക്കേണമേ. ആമ്മേൻ.

**151. വിശ്വാസ സംരക്ഷണത്തിനായി**

ഓ ദൈവത്തിന്റെ അമ്മേ, മറിയത്തിന്റെ വിമല ഹൃദയമേ,/ രക്ഷയുടെ മാതാവേ,/ ഞങ്ങൾ എല്ലായ്പ്പോഴും ദൈവത്തിന്റെ സത്യവചനത്തോട് വിധേയമുള്ളവരായിരിക്കുവാൻ പ്രാർത്ഥിക്കേണമേ./ വിഭാഗീയതയെ തിരസ്കരിക്കുവാനും, /സത്യത്തെ മുറുകെപ്പിടിക്കുവാനും, /വിശ്വാസത്തെ സംരക്ഷിക്കുവാനും ഞങ്ങളെ ഒരുക്കേണമേ.

കഷ്ടതയുടെ നേരത്ത് അങ്ങയുടെ എല്ലാ മക്കളേയും കാത്തുപരിപാലിക്കേണമേ./ സത്യത്തെ നിരസിച്ച്, അങ്ങയുടെ പുത്രനെ ഉപേക്ഷിക്കുവാനുള്ള വെല്ലുവിളി നേരിടുമ്പോൾ, /ധൈര്യമവലംബിക്കുവാനുള്ള കൃപ ഞങ്ങൾക്കോരോരുത്തർക്കും നൽകേണമേ.

ദൈവത്തിന്റെ തിരുവചനത്തിനനുസൃതമായി,/ ക്രിസ്തീയരായിരിക്കുവാനുള്ള ദിവ്യ ഇടപെടൽ ഞങ്ങൾക്ക് ലഭിക്കുവാൻ, /ദൈവത്തിന്റെ പരിശുദ്ധ അമ്മേ, പ്രാർത്ഥിക്കേണമേ. ആമ്മേൻ.

**152.എന്റെ നിസ്സഹായതയുടെ മണിക്കൂറിൽ എന്നെ സഹായിക്കേണമേ.**

പ്രിയ ഈശോയേ, /എന്റെ നിസ്സഹായതയുടെ മണിക്കൂറിൽ എന്നെ സഹായിക്കേണമേ. /

പാപത്തിൽ നിന്നും എന്നെ മോചിപ്പിക്കേണമേ. /സാത്താന്റെ വഞ്ചനയ്ക്കും, അവന്റെ ദുഷ്ട പാതകൾക്കും നേരേ /എന്റെ ആത്മാവും, ഹൃദയവും, നയനവും തുറന്നു വയ്ക്കേണമേ. /

എന്റെ ഹൃദയത്തിൽ വിദ്വേഷം തോന്നുമ്പോൾ, അങ്ങയുടെ സ്നേഹംകൊണ്ടെന്നെ നിറയ്ക്കേണമേ. /

എനിക്ക് സങ്കടം തോന്നുമ്പോൾ, അങ്ങയുടെ സമാധാനം കൊണ്ടെന്നെ നിറയ്ക്കേണമേ./

ഞാൻ ബലഹീനനാകുമ്പോൾ, അങ്ങയുടെ ശക്തികൊണ്ടെന്നെ നിറയ്ക്കേണമേ./

ഞാൻ ആയിരിക്കുന്ന കാരാഗൃഹത്തിൽ നിന്നും എന്നെ രക്ഷിക്കേണമേ. /അങ്ങനെ, ഞാൻ സ്വതന്ത്രനാകുവാനും, അങ്ങയുടെ തിരുക്കരങ്ങളിൽ സുരക്ഷിതനായിരിക്കുവാനും ഇടയാകട്ടെ. ആമ്മേൻ.

**153.കുട്ടികളുടെ സംരക്ഷണമെന്ന ദാനത്തിനായി**

*(ഈ പ്രാർത്ഥനയ്ക്ക് മുൻപ്, വിശുദ്ധ ജലത്താൽ നിങ്ങളെ അഭിഷേകം ചെയ്യുകയും, നിങ്ങളുടെ പ്രിയ മാതാവായ എന്റെ രൂപത്തിനു മുൻപിൽ ആഴ്ചയിലൊരു ദിവസം ഈ പ്രാർത്ഥന ഉരുവിടുകയും ചെയ്യുക.)*

ഓ ദൈവത്തിന്റെ അമ്മേ, രക്ഷയുടെ മാതാവേ, ഞങ്ങളുടെ മക്കളായ (*കുട്ടികളുടെ പേരുകൾ*

*ഇവിടെ പറയുക*) എന്നിവരുടെ ആത്മാക്കളെ പ്രതിഷ്ഠിച്ച്, /അങ്ങയുടെ പ്രിയസുതന് സമർപ്പിക്കണമേയെന്ന് ഞാൻ യാചിക്കുന്നു./ ഈശോ, തന്റെ വിലയേറിയ രക്തത്തിന്റെ ശക്തികൊണ്ട്, / ഈ എളിയ ആത്മാക്കളെ പൊതിഞ്ഞ് സംരക്ഷിച്ച്, /എല്ലാവിധ തിന്മകളിൽ നിന്നും സംരക്ഷിക്കപ്പെടുവാൻ പ്രാർത്ഥിക്കേണമേ. /

പ്രിയ അമ്മേ, വലിയ കഷ്ടതയുടെ നേരത്ത് എന്റെ കുടുംബത്തെ സംരക്ഷിക്കണമേയെന്ന് ഞാൻ യാചിക്കുന്നു. /എന്റെയീ കുടുംബത്തെ ക്രിസ്തുവിനോടുകൂടി ഒന്നായി ഐക്യപ്പെടുത്തുവാനായുള്ള എന്റെ യാചനയോട്,/ അങ്ങയുടെ സുതൻ അനുകൂലമാകുവാനും, /ഞങ്ങൾ നിത്യ രക്ഷ പ്രാപിക്കുവാനും ഇടയാകട്ടെ. ആമ്മേൻ.

**154.രക്ഷയുടെ മാതാവിന്റെ തിരുനാൾ ദിവസത്തെ പ്രാർത്ഥന.**

ഓ രക്ഷയുടെ മാതാവേ, രക്ഷയുടെ മാതാവിന്റെ തിരുനാൾ ദിനമായ, ജൂൺ നാലാം തീയതിയായ ഇന്ന്, /(*ഓരോരുത്തരുടെയും പേരുകൾ പറയുക.*) എന്നിവരുടെ ആത്മാക്കളെ, /അങ്ങയുടെ മുമ്പിൽ സമർപ്പിക്കുന്നു. /

പ്രിയ മാതാവേ, എനിക്കും, രക്ഷയുടെ മെഡൽ വിതരണം ചെയ്യുന്നവർക്കും,/ അങ്ങയെ ബഹുമാനിക്കുന്ന എല്ലാവർക്കും,/ ദുഷ്ടനിൽ നിന്നും, അങ്ങയുടെ പ്രിയസുതനായ യേശുക്രിസ്തുവിന്റെ കരുണയെ നിരസിക്കുന്നവരിൽ നിന്നും, /എല്ലാവിധ സംരക്ഷണവും നൽകേണമേ. /അവിടുത്തെ തിരുക്കുമാരൻ മാനവരാശിക്കായി ചൊരിയുന്ന എല്ലാ ദാനങ്ങളും /ഞങ്ങൾക്കായി പ്രാപിച്ചു തരേണമേ./ പ്രിയ മാതാവേ, എല്ലാ ആത്മാക്കൾക്കും നിത്യരക്ഷയുടെ ദാനം ലഭിക്കുവാനായി പ്രാർത്ഥിക്കേണമേ. ആമ്മേൻ.

**155.രക്ഷയുടെ ദൗത്യത്തിന്റെ സംരക്ഷണത്തിനായി**

ഓ എത്രയും പ്രിയമുള്ള രക്ഷയുടെ അമ്മേ, /ദൈവമക്കളുടെയും, രക്ഷയുടെ ദൗത്യത്തിന്റെയും സംരക്ഷണത്തിനായുള്ള ഞങ്ങളുടെ വിളി ശ്രവിക്കേണമേ. /ചരിത്രത്തിലെ ഈ വലിയ നിമിഷത്തിൽ, /ദൈവഹിതത്തെ ധിക്കരിക്കുന്നവർക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. /അങ്ങയുടെ വിളിയോടും ദൈവ വചനത്തോടും പ്രത്യുത്തരിക്കുന്ന എല്ലാവരേയും/ ദൈവത്തിന്റെ ശത്രുക്കളിൽ നിന്നും കാത്തു രക്ഷിക്കണമേയെന്ന് ഞങ്ങൾ യാചിക്കുന്നു. /സാത്താന്റെ വഞ്ചനയ്ക്ക് ഇരയാകുന്ന എല്ലാ ആത്മാക്കളുടെയും നയനങ്ങൾ /സത്യത്തിന്റെ നേർക്ക് തുറന്ന്, അവരെ മോചിതരാകുവാൻ സഹായിക്കേണമേ./

ഓ രക്ഷയുടെ അമ്മേ, അങ്ങയുടെ പ്രിയസുതനായ യേശുക്രിസ്തുവിന്റെ നാമത്തിൽ, ഞങ്ങൾ സഹനങ്ങൾ ഏൽക്കേണ്ടി വരുമ്പോൾ, /ആത്മശക്തിക്കുള്ള കൃപ സ്വീകരിക്കുവാൻ യോഗ്യരാകുവാൻ, /പാപികളായ ഞങ്ങളെ സഹായിക്കേണമേ. /

ഈ ദൗത്യത്തെ ഉപദ്രവങ്ങളിൽ നിന്നും സംരക്ഷിക്കേണമേ./ പീഠനങ്ങളിൽ നിന്നും അങ്ങയുടെ മക്കളെ കാത്തു പരിപാലിക്കേണമേ. /അങ്ങയുടെ തിരുക്കച്ചയാൽ ഞങ്ങളെയെല്ലാവരേയും പൊതിയേണമേ./ സത്യത്തെ പ്രഘോഷിക്കുമ്പോഴും, ദൈവത്തിന്റെ തിരുവചനം പകർന്നു നൽകുമ്പോഴും, ഞങ്ങൾ വെല്ലുവിളികൾ നേരിടുമ്പോഴെല്ലാം, /വിശ്വാസത്തിൽ ഉറച്ചു നിൽക്കുവാനുള്ള ദാനം കൊണ്ട്, /ഞങ്ങൾക്കിനിയുള്ള ദിനങ്ങളിലും,/ ഇപ്പോഴും, എന്നേക്കും, ഞങ്ങളെ അനുഗ്രഹിക്കേണമേ. ആമ്മേൻ.

**156.വിദ്വേഷത്തിൽ നിന്നും സംരക്ഷണത്തിനായി**

പ്രിയ ഈശോയേ, അങ്ങയുടെ സ്നേഹം എനിക്ക് നൽകേണമേ. /അങ്ങയുടെ സ്നേഹത്തെ കൃതജ്ഞതയോടെ സ്വീകരിക്കുവാൻ എന്റെ ഹൃദയത്തെ തുറക്കേണമേ./ പരിശുദ്ധാത്മശക്തിയാൽ, അങ്ങയുടെ സ്നേഹം എന്റെമേൽ പ്രകാശിക്കട്ടെ./ അങ്ങനെ, ഞാൻ അങ്ങയുടെ കരുണയുടെ ഒരു ദീപസ്തംഭമായിത്തീരട്ടെ.

അങ്ങയുടെ സ്നേഹംകൊണ്ട് എന്നെ വലയം ചെയ്യേണമേ. /അങ്ങയുടെ വചനത്തിന്റെ വാർത്ത ഞാൻ പ്രചരിപ്പിക്കുമ്പോൾ,/ ഞാൻ അഭിമുഖീകരിക്കേണ്ടി വരുന്ന എല്ലാവിധ വിദ്വേഷത്തേയും ഇല്ലാതാക്കുവാൻ, /എനിക്കങ്ങയോടുള്ള സ്നേഹം ഇടവരുത്തട്ടെ. /ഞങ്ങളുടെമേൽ അങ്ങയുടെ കരുണയെ വർഷിക്കേണമേ. /അങ്ങയെ തിരസ്കരിക്കുന്നവരോടും, നിന്ദിക്കുന്നവരോടും,/ അങ്ങ

യുടെ ദിവ്യത്വത്തോട് നിസ്സംഗതാമനോഭാവം പുലർത്തുന്നവരോടും ക്ഷമിച്ച്, /സ്നേഹമെന്ന ദാനം അവർക്ക് നൽകേണമേ./

അനിശ്ചിതത്വത്തിന്റെ നേരത്തും, വിശ്വാസം ബലഹീനമാകുമ്പോഴും, /സഹനങ്ങളുടെയും പരീക്ഷണങ്ങളുടെയും നേരത്തും, /അങ്ങയുടെ സ്നേഹം തെളിഞ്ഞിറങ്ങട്ടെ. /അങ്ങയുടെ സഹായം ഏറ്റവും കൂടുതൽ ആവശ്യമായി വരുന്നവർക്ക്, /പരിശുദ്ധാത്മശക്തിയാൽ, സത്യത്തെ പ്രദാനം ചെയ്യുന്നതിന് എന്നെ സഹായിക്കേണമേ. ആമ്മേൻ.

**157.ബന്ധനത്തിലായിരിക്കുന്ന ആത്മാക്കൾക്കായി**

ഓ പ്രിയ ഈശോയേ, സാത്താനും വ്യാജ ദൈവങ്ങൾക്കും അടിമയായിരിക്കുന്ന ആത്മാക്കളെ മോചിക്കേണമേ. /അധീനതയുടെ വേദനയിൽ നിന്നും, ഞങ്ങളുടെ പ്രാർത്ഥനയിലൂടെ, അവർക്ക് ആശ്വാസം ലഭ്യമാക്കുവാൻ, ഞങ്ങളെ സഹായിക്കേണമേ.

നരകത്തിന്റെ ഇരുട്ടറകളിലേക്ക്, സാത്താനാൽ ബന്ദികളാക്കി കൊണ്ടുപോകുന്നതിനു മുമ്പ്, / അവരുടെ കാരാഗൃഹത്തിന്റെ വാതിൽ തുറന്ന്, /ദൈവരാജ്യത്തിന്റെ പാത അവർക്ക് കാട്ടിക്കൊടുക്കേണമേ.

ഈശോയേ, ഈ ആത്മാക്കളെ പരിശുദ്ധാത്മ ശക്തിയാൽ നിറയ്ക്കേണമേ എന്ന് ഞങ്ങൾ യാചിക്കുന്നു. /അങ്ങനെ, അവർ സത്യത്തെ അന്വേഷിച്ചറിയുവാനിടയാകട്ടെ./ പിശാചിന്റെ ദുഷ്ടതയ്ക്കും കെണിക്കും പുറം തിരിഞ്ഞു നിൽക്കുവാനുള്ള ധൈര്യം ലഭിക്കുവാനായി /അവരെ സഹായിക്കേണമേ. അമ്മേൻ.

**158.ഏക ലോക മതത്തിൽനിന്ന് എന്നെ സംരക്ഷിക്കണേ.**

പ്രിയ ഈശോയേ, അങ്ങിൽനിന്ന് ഉത്ഭവിക്കുന്നതല്ലാത്ത, /പുതിയ, ഏക ലോക മതം എന്ന തിന്മയിൽനിന്ന് എന്നെ സംരക്ഷിക്കേണമേ./ അങ്ങയുടെ വിശുദ്ധ രാജ്യത്തിലേക്കുള്ള പാതയിലൂടെ,/ സ്വാതന്ത്ര്യത്തിലേക്കുള്ള എന്റെ യാത്രയിൽ എന്നെ താങ്ങി നിർത്തേണമേ. /

ആത്മാക്കളെ നശിപ്പിക്കുവാനായി,/ അങ്ങയുടെ ശത്രുക്കൾ പ്രചരിപ്പിക്കുന്ന അബദ്ധങ്ങളെ സ്വീകരിക്കുവാൻ ഞാൻ നിർബന്ധിതനാവുകയും/ പീഢിപ്പിക്കപ്പെടുകയും ചെയ്യുമ്പോൾ, /എന്നെ അങ്ങയോട് ചേർത്ത് നിർത്തേണമേ. /

ഞാൻ സ്വീകരിക്കുവാൻ നിർബന്ധിതനാകുന്ന വ്യാജ തത്വങ്ങൾക്കും മറ്റ് അശുദ്ധിക്കും എതിരേ, /ദൈവത്തിന്റെ സത്യവചനത്തിൽ ഉറച്ചു നിന്ന്,/ മതപീഢനങ്ങളെ അതിജീവിക്കുവാൻ എന്നെ സഹായിക്കേണമേ./ സത്യം വ്യാജമാണെന്ന് പ്രഖ്യാപിക്കപ്പെടുമ്പോൾ, /ധൈര്യപൂർവ്വം സത്യത്തെ പ്രഘോഷിക്കുവാൻ ഞാൻ പ്രാപ്തനാകുവാൻ, /എനിക്കു നൽകിയിരിക്കുന്ന സ്വതന്ത്രമനസ്സ് എന്ന ദാനത്താൽ, /അങ്ങയുടെ രാജ്യത്തിന്റെ മണ്ഡലത്തിലേക്ക് എന്നെ എടുക്കേണമേ.

പീഢനത്തെ അഭിമുഖീകരിക്കുമ്പോൾ,/ ഭീതി മൂലം ഞാൻ ഓടിപ്പോവുകയോ, വീണുപോവുകയോ, വിമുഖത കാട്ടുകയോ ചെയ്യുവാൻ എന്നെ അനുവദിക്കരുതേ./ ഞാൻ ജീവിക്കുന്നിടത്തോളം കാലം, /സത്യത്തോട് ഉറച്ചുനിൽക്കുവാൻ എന്നെ സഹായിക്കേണമേ. ആമ്മേൻ.

**159.ദൈവസ്നേഹത്തിനായുള്ള യാചന.**

ഓ രക്ഷയുടെ മാതാവേ, /ദൈവസ്നേഹത്തിനായി ഞാൻ കേണപേക്ഷിക്കുമ്പോൾ,/ എനിക്കായി അങ്ങ് മാദ്ധ്യസ്ഥം വഹിക്കേണമേ എന്ന് ഞാൻ യാചിക്കുന്നു./ ശൂന്യപാത്രമായ എന്റെ ആത്മാവിനെ,/ ദൈവസ്നേഹംകൊണ്ട് നിറയ്ക്കേണമേ. /അങ്ങനെ, ദൈവസ്നേഹം നിറഞ്ഞൊഴുകുമ്പോൾ,/ ഞാൻ ദയ കാണിക്കുവാൻ പ്രയാസപ്പെടുന്ന ആത്മാക്കളുടെമേൽ അത് ചൊരിയുവാനിടയാകട്ടെ.

അങ്ങയുടെ പുത്രനെ ഒറ്റിക്കൊടുക്കുന്നവരോട് എനിക്കു തോന്നിയേക്കാവുന്ന വിദ്വേഷത്തിൽ നിന്നും, /ദൈവത്തിന്റെ ശക്തിയാൽ ഞാൻ സ്വതന്ത്രനായിടട്ടെ എന്ന് ഞാൻ യാചിക്കുന്നു.

എന്നെ ആത്മാവിൽ വിനീതനാക്കുകയും,/ ആത്മാവിന്റെ ഉദാരതയാൽ എന്നെ നിറയ്ക്കുകയും ചെയ്യേണമേ./ അങ്ങനെ ഞാൻ ക്രിസ്തുവിന്റെ പ്രബോധനങ്ങളെ പിൻതുടരുവാനും, /എന്റെ ജീവിതം മുഴുവനും ക്രിസ്തുവിന്റെ സ്നേഹത്താൽ നിറയുവാനും ഇടയാകട്ടെ. ആമ്മേൻ.

### 160.അങ്ങയെ കൂടുതൽ സ്നേഹിക്കുവാൻ സഹായിക്കേണമേ.

ഓ എന്റെ ഈശോയേ, ലോകത്തിന്റെ രക്ഷകാ, /അങ്ങയെ കൂടുതൽ സ്നേഹിക്കുവാൻ എന്നെ സഹായിക്കേണമേ. /എനിക്ക് അങ്ങയോടുള്ള സ്നഹത്തിൽ വളരുവാൻ എന്നെ സഹായിക്കേണമേ./ അങ്ങെന്നെ സ്നേഹിക്കുന്നതുപോലെ, അങ്ങയെ സ്നേഹിക്കുവാനുള്ള കൃപ ഞാൻ പ്രാപിക്കുവാനായി /അങ്ങയുടെ സനേഹവും ദയയും കൊണ്ട് എന്റെ ഹൃദയത്തെ നിറയ്ക്കേണമേ. / അങ്ങയോടും, അങ്ങു പ്രതിനിധീകരിക്കുന്ന എല്ലാറ്റിനോടുമുള്ള സുസ്ഥിരവും അഗാധവുമായി സ്നേഹത്താൽ /എന്റെ കൃതഘ്നമായ ആത്മാവിനെ നിറയ്ക്കേണമേ./ അങ്ങ് എല്ലാ ദൈവമക്കളേയും സ്നേഹിക്കുന്നതുപോലെ, /എന്റെ അയൽക്കാരേയും സ്നേഹിക്കുവാനും,/ വിശ്വാസമില്ലാത്തവരോടും, അങ്ങയുടെ സ്നേഹം ആവശ്യമായവരോടും ദയകാണിക്കുവാനും, / അങ്ങയുടെ കൃപയുടെ ശക്തിയാൽ എന്നെ സഹായിക്കേണമേ.

അങ്ങ് ഭൂമിയിലായിരുന്നപ്പോൾ കാണിച്ച പോലുള്ള മാതൃകാ ക്രിസ്തീയ ജീവിതം നയിക്കുവാനായി, / എന്നെ അങ്ങയോട് ചേർത്ത് ഒന്നാക്കേണമേ. ആമ്മേൻ.

### 161. ആത്മവിശ്വാസത്തിനും സമാധാനത്തിനുമായി

ഈശോയേ, ഞാൻ അങ്ങിൽ ശരണപ്പെടുന്നു. /അങ്ങയെ കൂടുതലായി സ്നേഹിക്കുവാൻ എന്നെ സഹായിക്കേണമേ. /അങ്ങയോട് പരിപൂർണ്ണമായി ഐക്യപ്പെട്ട്, അങ്ങേയ്ക്ക് അടിയറവയ്ക്കുവാനുള്ള ആത്മവിശ്വാസംകൊണ്ട് എന്നെ നിറയ്ക്കേണമേ./ കഷ്ടതയുടെ നേരത്ത്, എനിക്ക് അങ്ങിലുള്ള ആശ്രയബോധം വളരുവാൻ എന്നെ സഹായിക്കേണമേ. /എന്നെ അങ്ങയുടെ സമാധാനം കൊണ്ട് നിറയ്ക്കേണമേ./

യാതൊരു വ്യവസ്ഥകളും കൂടാതെയും,/ ലൗകിക ബന്ധനങ്ങളിൽ നിന്നും മുക്തനായും,/ ഒരു ശിശുവിനേപ്പോലെ, അങ്ങയുടെ സവിധത്തിൽ ഞാനണയുന്നു. / എന്റെയും മറ്റുള്ളവരുടെയും ആത്മാക്കൾക്കായി,/ അങ്ങയുടെ ആഗ്രഹങ്ങൾക്ക്/ അനുയോജ്യമായ രീതിയിൽ ഉപയോഗിക്കുവാൻ, /എന്റെ മനസ്സാക്ഷിയെ, അങ്ങയെ ഞാൻ ഭരമേൽപ്പിക്കുന്നു. ആമ്മേൻ.

### 162. നിഷ്കളങ്കരും ബലഹീനരുമായവരെ സംരക്ഷിക്കുവാൻ

ഓ ദൈവമേ, സർവ്വശക്തനായ പിതാവേ,/ വിദ്വേഷം നിറഞ്ഞ ഹൃദയത്തോടുകൂടിയവരുടെ കരങ്ങളിൽ നിന്നും സഹനമേൽക്കേണ്ടി വരുന്ന /ബലഹീനരും നിഷ്കളങ്കരുമായവരെ സംരക്ഷിക്കേണമേ. /എളിയവരും നിഷ്കളങ്കരുമായ അങ്ങയുടെ മക്കളുടെ സഹനങ്ങളെ ലഘൂകരിക്കേണമേ. /

അങ്ങയുടെ ശത്രുക്കളിൽനിന്നും തങ്ങളെത്തന്നെ സംരക്ഷിക്കുവാനാവശ്യമായ കൃപ,/ അവർക്കെല്ലാവർക്കും നൽകേണമേ./ തങ്ങളെ പീഠിപ്പിക്കുന്നവരോട് ക്ഷമിക്കുവാനായി, /അവരുടെ ഹൃദയത്തെ ധൈര്യവും, പ്രത്യാശയും, സഹാനുഭൂതിയും കൊണ്ട് നിറക്കേണമേ. /പ്രിയ കർത്താവേ, /എന്റെ നിത്യപിതാവേ, ജീവന്റെ നിയമത്തെ വെല്ലുവിളിക്കുന്നവരോട് ക്ഷമിക്കണമേ എന്ന് ഞാൻ യാചിക്കുന്നു. /തങ്ങളുടെ പ്രവർത്തികൾ, അങ്ങയെ എത്രമാത്രം വേദനിപ്പിക്കുന്നു എന്നു കാണുവാൻ, അവരെ സഹായിക്കേണമേ. /അങ്ങനെ അവർ തങ്ങളുടെ വഴികളിൽ നിന്നും വ്യതിചലിച്ച്, /അങ്ങയുടെ കരങ്ങളിൽ ആശ്വാസം പ്രാപിക്കുവാനിടയാകട്ടെ. ആമ്മേൻ.

### 163. പീഡനത്തിൽനിന്ന് എന്നെ രക്ഷിക്കേണമേ.

ഓ ഈശോയേ, അങ്ങയുടെ നാമത്തിൽ ഉണ്ടാകുന്ന പീഡനങ്ങളുടെ വേദനയിൽനിന്ന് എന്നെ സംരക്ഷിക്കേണമേ. /അങ്ങയുടെ ഹൃദയത്തോട് എന്നെ ചേർത്ത് വയ്ക്കേണമേ. /എന്റെ ആത്മാവിലുള്ള അഹങ്കാരം, അത്യാഗ്രഹം, വെറുപ്പ്, അഹംഭാവം, വിദ്വേഷം എന്നിവയിൽനിന്നും എന്നെ മോചിപ്പിക്കേണമേ. /അങ്ങയുടെ കരുണയിലേക്ക് എന്നെ സത്യമായും അടിയറവയ്ക്കുവാൻ സഹായിക്കേണമേ./ എന്റെ ഭീതിയെ നീക്കിക്കളയേണമേ. /എല്ലാക്കാര്യങ്ങളും അങ്ങയുടെ നിയന്ത്രണത്തിലാണെന്നുള്ള അറിവിൽ, /ഒരു കുഞ്ഞിനേപ്പോലെ അങ്ങയെ അനുഗമിക്കുവാനായി, /എല്ലാ പീഡനങ്ങളും എന്നിൽനിന്നു ദൂരെയകറ്റുകയും,/ എന്റെ വേദനയെ നീക്കിക്കളയുവാൻ സഹായിക്കുകയും ചെയ്യേണമേ./ അങ്ങയുടേതാണെന്ന് പ്രഘോഷിക്കുകയും/ അങ്ങയെ യഥാർത്ഥത്തിൽ നിരസിക്കുകയും ചെയ്യുന്നവരുടെ വിദ്വേഷത്തിൽ നിന്നും എന്നെ മോചിപ്പിക്കേണമേ./ അവരുടെ

മൂർച്ചയേറിയ നാവിനാൽ പ്രഹരിക്കപ്പെടുകയോ,/ അവരുടെ ചീത്തപ്രവർത്തിയാൽ /സത്യത്തിൽ നിന്നും ഞാൻ വ്യതിചലിക്കുവാനിടയാവുകയോ ചെയ്യാതിരിക്കട്ടെ. /അങ്ങയുടെ നാമത്തിൽ / ഞാൻ സഹിക്കേണ്ടി വന്നേക്കാവുന്ന നിന്ദാപമാനങ്ങളെ അതിജീവിക്കുവാനും, /അങ്ങയുടെ വരുവാനിരിക്കുന്ന രാജ്യത്തിൽ ശ്രദ്ധചെലുത്തുവാനും /എന്നെ സഹായിക്കേണമേ. /എന്റെ ആത്മാവിലും ഹൃദയത്തിലും മനസ്സിലും സമാധാനം നൽകേണമേ. ആമ്മേൻ.

### 164. രാഷ്ട്രങ്ങളുടെ സമാധാനത്തിനായി

ഓ ഈശോയേ, എനിക്ക് സമാധാനം നൽകേണമേ. /വിഭാഗീയതയും യുദ്ധവും മൂലം കഷണങ്ങളായി കീറിമുറിക്കപ്പെട്ടിരിക്കുന്ന /എന്റെ രാഷ്ട്രത്തിലും മറ്റെല്ലാ രാജ്യങ്ങളിലും സമാധാനം സ്ഥാപിക്കേണമേ./ നീതിയുടെ പേരിൽ മറ്റുള്ളവർക്ക് സഹനങ്ങൾക്ക് കാരണമാകുന്ന/ കഠിനഹൃദയരായവരുടെയിടയിൽ /സമാധാനത്തിന്റെ വിത്ത് വിതയ്ക്കേണമേ./ സ്നേഹവും ഐക്യവും തഴച്ചുവളരുവാനായി, /എല്ലാ ദൈവമക്കൾക്കും അങ്ങയുടെ സമാധാനം ലഭിക്കുവാനുള്ള കൃപ നൽകേണമേ./ അങ്ങനെ, വ്യർത്ഥതയും, ക്രൂരതയും, ദുരാഗ്രഹവും മൂലമുണ്ടാകുന്ന നാശത്തിൽ നിന്നും രക്ഷപെടുകയും, / തിന്മയുടെമേൽ ദൈവസ്നേഹം വിജയംവരിക്കുകയും ചെയ്യുവാനിടയാകട്ടെ./ അങ്ങയെ ഒട്ടുംതന്നെ അറിയാത്തവരുടെമേലും, /അങ്ങയുടെ തിരുവചനത്തിന്റെ സത്യത്തിനായി/ തങ്ങളുടെ ജീവിതം സമർപ്പിക്കുന്നവരുടെമേലും /സമാധാനം ഭരണം നടത്തുവാനിടയാകട്ടെ. ആമ്മേൻ.

### 165. നിത്യജീവൻ പ്രാപിക്കുവാൻ

ഈശോയേ, അങ്ങയുടെ അസ്തിത്വത്തിൽ വിശ്വാസമർപ്പിക്കുവാൻ എന്നെ സഹായിക്കേണമേ. /എന്റെ ഹൃദയം അങ്ങയോട് പ്രതികരിക്കുവാനായി, എനിക്കൊരടയാളം നൽകേണമേ. / അങ്ങയുടെ സ്നേഹത്തിലേക്ക്, എന്റെ ഹൃദയത്തേയും മനസ്സിനേയും തുറക്കുവാനുള്ള കൃപ കൊണ്ട്/ എന്റെ ശൂന്യമായ ആത്മാവിനെ നിറയ്ക്കേണമേ. /എന്റെമേൽ കരുണയായിരിക്കേണമേ./ എന്റെ ജീവിതത്തിൽ ഞാൻ ചെയ്തിട്ടുള്ള എല്ലാ അപരാധങ്ങളിൽ നിന്നും/ എന്റെ ആത്മാവിനെ തുടച്ചുവെടിപ്പാക്കേണമേ./ അങ്ങയെ തിരസ്കരിച്ചതിന് എന്നോട് ക്ഷമിക്കേണമേ. /നിത്യജീവന് ഞാൻ അർഹത നേടുന്നതിനാവശ്യമായ സ്നേഹം കൊണ്ട് എന്നെ നിറയ്ക്കേണമേ. /മറ്റുള്ളവരിൽ അങ്ങയുടെ സാന്നിദ്ധ്യം ദർശിക്കുവാനും, /അങ്ങയെ അറിയുവാനും എന്നെ സഹായിക്കേണമേ. /മാനവ വംശത്തിന് അങ്ങ് നൽകിയിട്ടുള്ള എല്ലാ സുന്ദര ദാനങ്ങളിലും/ ദൈവത്തിന്റെ അടയാളങ്ങൾ തിരിച്ചറിയുവാനുള്ള കൃപകൊണ്ട് എന്നെ നിറയ്ക്കേണമേ./ അങ്ങയുടെ വഴികൾ മനസ്സിലാക്കുവാൻ എന്നെ സഹായിക്കേണമേ. /എന്റെ ആത്മാവിൽ ഞാൻ അനുഭവിക്കുന്ന / അന്ധകാരത്തിന്റെ വേദനയിൽ നിന്നും, വിരഹത്തിൽ നിന്നും എന്നെ രക്ഷിക്കേണമേ. ആമ്മേൻ.

### 166.നിഷ്ക്കളങ്കരായവരെ കൊലചെയ്യുന്നത് തടയുവാൻ

രക്ഷയുടെ പ്രിയപ്പെട്ട മാതാവേ, /നിഷ്ക്കളങ്കരായവരെ കൊലചെയ്യുന്നത് തടയുവാനായുള്ള ഞങ്ങളുടെ യാചനയെ, /അങ്ങയുടെ പ്രിയസുതനായ യേശുക്രിസ്തുവിന്റെ സവിധത്തിൽ സമർപ്പിക്കേണമേ. /ദൈവമക്കൾക്കെതിരായി നടക്കുന്ന, /എല്ലാ വിധത്തിലുമുള്ള വംശഹത്യയടെയും, പീഢനങ്ങളുടെയും, ഭീകരതയുടെയും ഭീഷണിയെ,/ യേശുക്രിസ്തുവിന്റെ കരുണയാൽ, അവിടുന്ന് നീക്കുവാനിടയാകട്ടെ എന്നു ഞാൻ യാചിക്കുന്നു. /ദുഖാർത്തമായ ഈ ലോകത്തിൽ, /സ്നേഹത്തിനും, ഐക്യത്തിനും സമാധാനത്തിനുമായുള്ള ഞങ്ങളുടെ നിലവിളി കേൾക്കണമേയെന്ന്, / രക്ഷയുടെ പ്രിയ മാതാവേ,/ അങ്ങയോട് ഞങ്ങൾ കേണപേക്ഷിക്കുന്നു. /ഭൂമിയിലെ ഈ തീവ്ര വേദനയുടെയും സഹനങ്ങളുടെയും നേരത്ത്, /മനുഷ്യപുത്രനായ യേശുക്രിസ്തു, /ഞങ്ങളെയെല്ലാവരേയും സംരക്ഷിക്കട്ടെയെന്ന് ഞങ്ങൾ യാചിക്കുന്നു. ആമ്മേൻ.

### 167.എന്റെ കുടുംബത്തെ സംരക്ഷിക്കുവാൻ.

ഓ ദൈവമേ, എന്റെ നിത്യപിതാവേ,/ അങ്ങയുടെ പ്രിയസുതനായ യേശുക്രിസ്തുവിന്റെ കൃപയിലൂടെ, /എന്റെ കുടുംബത്തെ, എല്ലാ നേരത്തും, തിന്മയിൽ നിന്നും കാത്തുകൊള്ളേണമേ. /

ഞങ്ങൾക്ക്, അങ്ങയോടും പരസ്പരവുമുള്ള സ്നേഹത്തിൽ ഐക്യപ്പെട്ടിരിക്കുവാനും,/ ദുരാ

ഗ്രഹങ്ങളെ അതിജീവിക്കുവാനുമുള്ള ശക്തി നൽകേണമേ.

ഈശോയോട് ഐക്യപ്പെട്ടിരിക്കുവാൻ,/ ഞങ്ങൾ സഹിക്കേണ്ടിവരുന്ന എല്ലാ സഹനങ്ങളിലും പരീക്ഷണങ്ങളിലും ഞങ്ങളെ താങ്ങേണമേ. /

കലഹങ്ങളുണ്ടാകുന്ന നേരത്തും,/ സ്നേഹത്തിന്റെ വരം നൽകി ഞങ്ങളുടെ കുടുംബങ്ങളെ അനുഗ്രഹിക്കേണമേ. /

ഞങ്ങളുടെ കുടുംബത്തിന്റെ സന്തോഷം മറ്റുള്ളവരുമായി പങ്കുവയ്ക്കുവാൻ /ഞങ്ങളുടെ സ്നേഹത്തെ ബലപ്പെടുത്തേണമേ./ അങ്ങനെ, അങ്ങയുടെ സ്നേഹം ലോകം മുഴുവനുമായി പങ്കുവയ്ക്കുവാനിടയാകട്ടെ. ആമ്മേൻ.

**168.ദൈവസ്നേഹമെന്ന ദാനത്തിനായി.**

ഓ ഏറ്റവും പ്രിയമുള്ള പിതാവേ, /ഓ നിത്യനായവനേ, അത്യുന്നതനായ ദൈവമേ, അങ്ങയുടെ സ്നേഹത്തിന് എന്നെ യോഗ്യനാക്കേണമേ. /ഞാൻ മറ്റുള്ളവരെ ഉപദ്രവിച്ചതിനും, /എന്റെ തെറ്റുകളിലൂടെ അങ്ങയുടെ മക്കൾക്ക് സഹനത്തിനിടവരുത്തിയതിനും എന്നോട് ക്ഷമിക്കേണമേ. /മറ്റൊരു വ്യക്തിക്കെതിരായി എനിക്കു തോന്നിയേക്കാവുന്ന വെറുപ്പിൽ നിന്നും എന്നെ ശുദ്ധിയാക്കുന്നതിനും, /എന്റെ ആത്മാവിലേക്ക് അങ്ങയെ സ്വാഗതം ചെയ്യുന്നതിനും, എന്റെ ഹൃദയത്തെ തുറക്കേണമേ. /ഞാൻ ഓരോദിവസവും കണ്ടുമുട്ടുന്നവരുടെയിടയിലും, ഞാൻ പോകുന്ന എല്ലായിടങ്ങളിലും, /അങ്ങയുടെ സ്നേഹത്തിന്റെ വിത്ത് വിതയ്ക്കുവാനും, /എന്റെ ശത്രുക്കളോട് ക്ഷമിക്കുവാനും എന്നെ സഹായിക്കേണമേ. /പ്രിയ പിതാവേ, നിലനിൽപ്പിന്റെയും ആശ്രയബോധത്തിന്റെയും വരം എനിക്ക് നൽകേണമേ./ അങ്ങനെ, ഞാൻ അങ്ങയുടെ തിരുവചനം മുറുകെപ്പിടിച്ചുകൊണ്ട്, /അന്ധകാരത്തിലാണ്ടിരിക്കുന്ന ഈ ലോകത്തിൽ, /അങ്ങയുടെ വലിയ സ്നേഹത്തിന്റെയും കരുണയുടെയും നാളം കെടാതെ സൂക്ഷിക്കുവാൻ ഇടവരുത്തട്ടെ. ആമ്മേൻ.

**169.ക്രിസ്തുവിനെ നിരസിക്കുന്നവരുടെ രക്ഷയ്ക്കായി.**

ഏറ്റവും പ്രിയമുള്ള ഈശോയേ,/ അങ്ങയെ തിരസ്കരിച്ചവരുടെയും, /അങ്ങയുടെ അസ്തിത്വത്തെ നിരസിക്കുന്നവരുടെയും, /ബോധപൂർവ്വം അങ്ങയുടെ തിരുവചനത്തെ എതിർക്കുന്നവരുടെയും, /അങ്ങയുടെ ദൈവത്വത്തിന്റെ /പ്രകാശത്തിനും സത്യത്തിനും നേർക്ക് /തങ്ങളുടെ ആത്മാക്കളെ കഠിനമാക്കിക്കൊണ്ട് വിഷലിപ്തമാക്കിയിരിക്കുന്നവരുടെയും രക്ഷയ്ക്കായി ഞാൻ യാചിക്കുന്നു. /എല്ലാ പാപികളുടെയും മേൽ കരുണയായിരിക്കേണമേ./ പരിശുദ്ധ ത്രിത്വത്തിനെതിരേ ദൂഷണം പറയുന്നവരോട് ക്ഷമിക്കേണമേ./ അങ്ങയുടെ കരുണയെ ഏറ്റവും കൂടുതൽ ആവശ്യമുള്ളവരെ, /എന്റെ തന്നെ മാർഗ്ഗങ്ങളിലൂടെയും, എന്റെ വ്യക്തിപരമായ ത്യാഗങ്ങളിലൂടെയും,/ അങ്ങയുടെ സ്നേഹകരവലയത്തിലേക്ക് സ്വീകരിക്കുവാൻ എന്നെ സഹായിക്കേണമേ. /അങ്ങയുടെ രക്ഷാകര ദൗത്യത്തിൽ, /എന്റെ ചിന്തകളിലൂടെയും, പ്രവർത്തികളിലൂടെയും, ഉരുവിടുന്ന വാക്കുകളിലൂടെയും, /എന്നാലാവും വിധം അങ്ങയെ സേവിക്കുമെന്ന് ഞാൻ അങ്ങയോട് വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.

**170.ദൈവത്തിന്റെ തിരുവചനത്തെ മുറുകെപ്പിടിക്കുവാൻ**
**(*വൈദികർക്ക്.*)**

ഓ പ്രിയ കർത്താവേ, എന്റെ സ്നേഹമുള്ള യേശുക്രിസ്തുവേ, /എന്നെ മുറുകെപ്പിടിച്ച് കാത്തുകൊള്ളേണമേ. /എന്റെ നേർക്കുള്ള പീഠനങ്ങൾ ശക്തമാകുമ്പോൾ, അങ്ങയുടെ മുഖശോഭയിൽ എന്നെ കാത്തുകൊള്ളേണമേ. എന്തുകൊണ്ടെന്നാൽ, ദൈവത്തിന്റെ തിരുവചനമാകുന്ന സത്യത്തെ മുറുകെപ്പിടിച്ചു എന്നതുമാത്രമാണ് എന്റെ കുറ്റം. /വിശ്വസ്തതയോടെ, എല്ലായ്പ്പോഴും അങ്ങേയ്ക്ക് സേവനം ചെയ്യുന്നതിനുള്ള ധൈര്യം കണ്ടെത്തുവാൻ എന്നെ സഹായിക്കേണമേ. / ശക്തമായ എതിർപ്പ് ഉണ്ടാകുമ്പോഴും, എന്റെ പോരാട്ടങ്ങളിൽ,/ അങ്ങയുടെ പ്രബോധനങ്ങളെ പ്രതിരോധിക്കുവാൻ, /അങ്ങയുടെ ധൈര്യവും ശക്തിയും എനിക്ക് നൽകേണമേ. /ഈശോയേ, എന്റെ ആവശ്യങ്ങളിൽ ഒരിക്കലും എന്നെ ഉപേക്ഷിക്കരുതേ. / അങ്ങേയ്ക്കായി തുടർന്നും വേല ചെയ്യുന്നതിനാവശ്യമായതെല്ലാം, /പരിശുദ്ധ കൂദാശകളുടെ പരികർമ്മത്തിലൂടെയും,/ ദിവ്യബലിയിലൂടെ ലഭ്യമാകുന്ന അങ്ങയുടെ വിലയേറിയ തിരുശരീര രക്തങ്ങളിലൂടെയും എനിക്കു നൽകേണ

മേ./ ഈശോയേ എന്നെ അനുഗ്രഹിക്കേണമേ./ എന്നോടൊപ്പം സഞ്ചരിക്കേണമേ./ എന്നോടൊപ്പം വിശ്രമിക്കേണമേ./ എന്നോടൊപ്പം വസിക്കേണമേ. ആമ്മേൻ.